2025 MARCH 31

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com; Phone: 917 324 4907; 917 662 1122



# സിൽവർ ജൂബിലി നിറവിൽ സിറോ മലബാർ രൂപത



# ഇന്ത്യയെ അമേരിക്ക കണ്ടെത്തുന്നു


Investment Opportunity:
Premium Villa
& High-Rise
Development in Prime Location
Unlock a Lucrative Real Estate Venture in Kerala
Prime 3-acre property facing the newly developed NH 66, near Neendakara Bridge.
For detailed investment plans and partnership opportunities, Please Contact:
Jaikumar (India): 91-9447060606
Paul Morris (USA): 1-626-390-9490
Email: Paul.Morris82@yahoo.com

# ചിക്കാഗോ സീറോ മലബാർ രൂപത രജത ജൂബിലി വർഷത്തിലേക്ക്:

## സെന്റ് അൽഫോൻസാ ദേവാലയത്തിൽ ജൂബിലി ദീപം തെളിയിച്ചു.




**മാർട്ടിൻ വിലങ്ങോലിൽ**

കൊപ്പേൽ (ടെക്സാസ്): ഒരു വർഷം നീണ്ടുനിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങൾക്ക് ചിക്കാഗോ സെന്റ് തോമസ് സിറോ മലബാർ കത്തീഡ്രൽ ദേവാലയത്തിൽ തുടക്കമായി. ഇതിന്റെ ഭാഗമായി രൂപതയിലെ ഇടവകകളിലും തിരിതെളിച്ചു ജൂബിലി വർഷ ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു.



ഇടവകതല ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കൊപ്പേൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ നടന്ന ചടങ്ങിൽ റവ. ഡോ. മെജോ കൊരെത്ത് (ഷംഷാബാദ് രൂപതാ ചാൻസലർ) ജൂബിലി ദീപം തെളിയിച്ചു. ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ, ട്രസ്റ്റിമാരായ റോബിൻ കുര്യൻ, ജോഷി കുര്യാക്കോസ്, റോബിൻ ചിറയത്ത്, രഞ്ജിത്ത് തലക്കോട്ടൂർ, സെബാസ്റ്റ്യൻ പോൾ (സെക്രട്ടറി) എന്നിവർ സന്നിഹിതരായിരുന്നു. ഇടവക സമൂഹവും ആഘോഷങ്ങളിൽ പങ്കുചേർന്നു.

വടക്കേ അമേരിക്കയിലേക്കു കുടിയേറിയ സീറോ മലബാർ കത്തോലിക്കരുടെ വിശ്വാസ ജീവിതത്തിൽ നിർണ്ണായക വഴിത്തിരിവായി, 1984 ൽ അമേരിക്കയിൽ ഡാലസിലാണ് സീറോ മലബാർ മിഷൻ പ്രവർത്തനങ്ങൾ തുടക്കം കുറിച്ചത്. തുടക്കത്തിൽ ഡാളസിലെ ഇംഗ്ളീഷ് രൂപതയുടെ കീഴിലുള്ള ദേവാലയങ്ങൾ കേന്ദ്രമാക്കിയായിരുന്നു മിഷന്റെ പ്രവർത്തനങ്ങൾ.


2001 ൽ ചിക്കാഗോ കേന്ദ്രമാക്കി അമേരിക്ക മുഴുവനുള്ള മലയാളി സമൂഹത്തിനുവേണ്ടി ഇന്ത്യക്കു പുറത്തുള്ള ആദ്യത്തെ സീറോമലബാർ രൂപതായി ജോൺ പോൾ മാർപാപ്പയുടെ പ്രത്യേക അനുഗ്രഹത്താൽ ചിക്കാഗോയിൽ സെന്റ് തോമസ് സീറോ മലബാർ രൂപത സ്ഥാപിതമായി.

അമേരിക്കയിലുടെനീളം പടർന്നു പന്തലിച്ച സീറോ മലബാർ രൂപതയുടെ കീഴിൽ ഇപ്പോൾ 52 ഇടവകകളും 33 മിഷനുകളും പ്രവർത്തിക്കുന്നു.




"...You are no longer strangers
and sojourners..." (Eph. 2:19).
St. Thomas Syro-Malabar Eparchy of Chicago


"... You are no longer strangers
and sojourners..." (Eph. 2:19).


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com


MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply

# നിക്സൻറെ ഇന്ത്യാവിരോധം ചൈനക്ക് ഗുണമായി;
# ഇപ്പോൾ ഇന്ത്യയെ അമേരിക്ക കണ്ടെത്തുന്നു: പിപി. ജെയിംസ്



എഡിസൺ, ന്യു ജേഴ്സി: ഇന്റ്യൂഷൻ (അവബോധം) പിന്തുടരുക എന്നുള്ളതാണ് മാധ്യമരംഗത്ത് താൻ ചെയ്യുന്നതെന്ന് 24 ന്യൂസ് എഡിറ്റർ പി.പി.ജെയിംസ് അഭിപ്രായപ്പെട്ടു. 2020 ൽ ബൈഡനും ട്രംപും പ്രസിഡൻഷ്യൽ സ്ഥാനാർഥികളായി മാറ്റുരച്ചപ്പോൾ, ട്രംപ് തോൽക്കുമെന്ന് പ്രവചിച്ചതിന്റെ രഹസ്യവും അതുതന്നെ.

ലോക മലയാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന 24 കണക്കിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കവെയാണ് അദ്ദേഹം അമേരിക്കയെപ്പറ്റിയും മാധ്യമ രംഗത്തെപ്പറ്റിയും വാചാലനായത്. (റിപ്പോർട്ട് കാണുക)

കേരളത്തിൽ ഇരുന്നുകൊണ്ട് അമേരിക്കൻ രാഷ്ട്രീയം എങ്ങനെ വിശകലനം ചെയ്യാനാകുമെന്നു ഇലക്ഷൻ ചൂട് നേരിട്ട് അറിഞ്ഞവർ ചോദിച്ചിട്ടുണ്ട്. തപാൽ വോട്ടുകൾ എണ്ണുന്നതിന് തൊട്ടുമുൻപ് ഡൊണാൾഡ് ട്രംപ് വിജയിക്കുമെന്ന് ഏറെക്കുറെ ഉറപ്പിച്ച സമയത്തും തന്റെ പ്രവചനത്തിൽ ഉറച്ചുനിന്നു. തപാൽ വോട്ടുകളിൽ 80 ശതമാനവും ആന്റി-ട്രംപ് വോട്ടർമാരുടേതായിരിക്കും എന്ന തോന്നലാണ് അന്ന് രക്ഷയായത്.

2024 ൽ കമല ഹാരിസും ട്രംപും തമ്മിലുള്ള പോരാട്ടത്തിൽ ട്രംപ് വിജയിക്കുമെന്ന് പ്രവചിച്ചു. താനൊരു ട്രംപ് വിരോധി അല്ല, രാഷ്ട്രീയ ഗതിവിഗതികൾ വിലയിരുത്തുക മാത്രമാണ് ലക്ഷ്യമെന്ന് അദ്ദേഹം ഇതിലൂടെ അടിവരയിട്ടു. ഒരു വനിതയെ പ്രസിഡന്റ് സ്ഥാനത്തേക്ക് പ്രതിഷ്ഠിക്കാൻ അമേരിക്ക ഇനിയും സമയമെടുക്കുമെന്നാണ് തന്റെ പക്ഷം. വർഷങ്ങൾക്ക് മുൻപ് അമേരിക്കൻ മലയാളികൾക്ക് ഡെമോക്രാറ്റിക് പാർട്ടിയോടായിരുന്നു ചായ്‌വെന്നും ഇന്ന് റിപ്പബ്ലിക്കൻ പാർട്ടിയെ അനുകൂലിക്കുന്ന ധാരാളം മലയാളികളും ഇവിടെയുണ്ടെന്നും അദ്ദേഹം വിലയിരുത്തി.



ഒരു വീട്ടിൽ തന്നെ ഭാര്യ ഡെമോക്രാറ്റും ഭർത്താവ് റിപ്പബ്ലിക്കനും ആയിരിക്കും. അനധികൃത കുടിയേറ്റക്കാരോട് 'നോ' പറയാൻ ശക്തനായ നേതാവ് എന്ന നിലയിലാണ് ട്രംപ് വോട്ട് നേടിയത്. ലോകത്തെ ഏറ്റവും ലിബറൽ രാജ്യം എന്ന നിലയിൽ ഫ്രഞ്ചുകാർ അമേരിക്കയ്ക്ക് സമ്മാനിച്ച 'സ്റ്റാച്യു ഓഫ് ലിബർട്ടി', അവർ തിരിച്ചു ചോദിക്കുകയാണെന്നും ജെയിംസ് ചൂണ്ടിക്കാട്ടി. അമേരിക്കയുടെ മനോഭാവം മാറുകയും ഏകാധിപത്യത്തിന്റെ മേലങ്കി അണിയുകയും ചെയ്യുന്നു എന്നാണവർ പറയുന്നത്.

ഇന്ത്യൻ ആർമിയിലായിരുന്ന തന്റെ പിതാവ് പകർന്ന ചില അറിവുകളും അദ്ദേഹം പങ്കുവച്ചു. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ബന്ധം ശക്തി



പ്പെടുന്നത് ഡെമോക്രാറ്റിക് അല്ലെങ്കിൽ റിപ്പബ്ലിക്കൻ പാർട്ടിയിൽ അധിഷ്ഠിതമല്ലെന്നും വ്യക്തികളെ ആശ്രയിച്ച് അത് മാറുമെന്നും ജെയിംസ് വ്യക്തമാക്കി. ഇന്ത്യയുമായി ഏറ്റവും നല്ല സൗഹൃദം സൂക്ഷിച്ച അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ് കെന്നഡി ഡെമോക്രാറ്റും ഇന്ത്യൻ സ്ത്രീകളെക്കുറിച്ച് മോശമായി സംസാരിക്കുകയും ഇന്ത്യയോട് വിരോധം സൂക്ഷിക്കുകയും ചെയ്ത അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൺ റിപ്പബ്ലിക്കനുമായിരുന്നു. ആണവക്കരാർ ഒപ്പിടുന്നതിന് സശക്തം ഇന്ത്യയെ പിന്തുണച്ച അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷ് റിപ്പബ്ലിക്കൻ ആയിരുന്നെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അമേരിക്കയുടെ ഏറ്റവും വലിയ എതിരാളിയായി ചൈന വളർന്നത് അമേരിക്കയുമായി ബിസിനസ് ചെയ്തുകൊണ്ടാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. അത് ഇന്ത്യയ്ക്ക് മിസ്സായ ബസ്സാണെന്നും പറഞ്ഞു. ഇന്ത്യ-ചൈന ഭായ് ഭായ് എന്ന് 60 കളുടെ തുടക്കത്തിൽ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു പറഞ്ഞിരുന്ന സമയത്താണ് 1962 ൽ ചൈന അപ്രതീക്ഷിതമായി ഇന്ത്യയെ ആക്രമിച്ചത്. അന്ന് ഇന്ത്യ ആദ്യം സഹായം അഭ്യർത്ഥിച്ചത് സോവിയറ്റ് യൂണിയനോടായിരുന്നു. ഇന്ത്യ നമ്മുടെ സുഹൃത്താണ്, എന്നാൽ ചൈന സഹോദരനാണ് എന്ന് പറഞ്ഞുകൊണ്ട് അവർ കയ്യൊഴിഞ്ഞു. കമ്മ്യൂണിസം എന്ന പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്ന അതേ മനസ്സുള്ള ചൈനയോട് മമത തോന്നിയത് സ്വാഭാവികമാണ്. ഇന്ത്യ - ചൈന യുദ്ധം നടക്കുമ്പോൾ ഇന്ത്യയ്ക്കും അമേരിക്കയ്ക്കും ഇടയിൽ യാതൊരു സൗഹൃദവും ഉണ്ടായിരുന്നില്ല.

അപമാനിതനായ നെഹ്റു പിന്നീട് സഹായം തേടിയത് ജോൺ എഫ്. കെന്നഡിയോടാണ്. അദ്ദേഹം 12 യുദ്ധവിമാനങ്ങൾ അയച്ചുകൊണ്ട് ഇന്ത്യയെ സഹായിച്ചു. 'കള ്രൗ മൃല ഉശഴവ ശിഴ ംശവേ കിറശമ, വേലി ആല്യശരമ ശ ൃലമര്യ ളീ വേല ീമ്യ' എന്ന് കെന്നഡി മുഴക്കിയ ഭീഷണിയെത്തുടർന്നാണ് ചൈന യുദ്ധത്തിൽ നിന്ന് പിൻവാങ്ങിയത്.

പിതാവിൽ നിന്ന് ലഭിച്ച ഈ അറിവ് ഒരു ചരിത്രപുസ്തകത്തിലുമില്ലെന്നും പി.പി.ജെയിംസ് പറഞ്ഞു. അഞ്ച് വർഷം മുൻപ് അമേരിക്കയുടെ ഡീക്ലാസിഫൈഡ് ഡോക്യുമെന്റ്സ് വായിച്ചപ്പോൾ ഇന്ത്യ-ചൈന യുദ്ധത്തെക്കുറിച്ചുള്ള ഭാഗം വായിച്ചപ്പോൾ പിതാവ് പറഞ്ഞത് അക്ഷരംപ്രതി ശരിയായിരുന്നെന്ന് ബോധ്യപ്പെട്ടതായി അദ്ദേഹം കൂട്ടിച്ചേർത്തു. കെന്നഡി കൊല്ലപ്പെട്ടപ്പോൾ ഇന്ത്യയിലെ സ്കൂളുകൾക്ക് അവധി നൽകിയത് ഈ കടപ്പാട് കൊണ്ടാകാം.

റിച്ചാർഡ് നിക്സണ് ഇന്ത്യയോടുള്ള വിരോധം കാരണം ചൈനയുമായി 2018 വരെ 50 വർഷം നീണ്ട ട്രേഡിങ് കരാർ ഒപ്പുവച്ചതാണ് ചൈനയെ ഇന്ന് കാണുന്ന ഉയരത്തിലെത്തിച്ചത്.ചരിത്രത്തിൽ ഇത്തരം ആകസ്മികതകളുണ്ട്. മൂന്നാം ലോക മഹായുദ്ധം വന്നാൽ, ആണവായുധംകൊണ്ട് റഷ്യയെയും പണംകൊണ്ടും ചൈനയെയും ഭയക്കണം. ഈ സാഹചര്യത്തിൽ ഇന്ത്യയും അമേരിക്കയും തമ്മിൽ സൗഹൃദം ഊട്ടിയുറപ്പിക്കേണ്ടത് ആവശ്യമാണ്.

അമേരിക്ക ഇസ്രയേലിന്റെ കയ്യിലാണ്. ജൂതന്മാരെ പിണക്കിക്കൊണ്ട് അമേരിക്കയിൽ ഒരു നയം കൊണ്ടുവരാൻ സാധിക്കില്ലെന്ന് ജയിംസ് തറപ്പിച്ചുപറഞ്ഞു. ബാങ്കുകൾ, മീഡിയ എല്ലാം അവരുടെ കയ്യിലാണ്. ഇസ്രായേൽ യുദ്ധം ചെയ്യുന്നത് അമേരിക്കയുടെ പിന്തുണയോടെ ആണെന്ന തോന്നൽ ദോഷം ചെയ്യും.





200 കോടി വരുന്ന മുസ്ലിം ജനതയുടെ വികാരത്തെ വ്രണപ്പെടുത്തുന്നതിന്റെ പേരിൽ അമേരിക്കയ്ക്ക് എന്നെങ്കിലും പ്രത്യാഘാതം നേരിടേണ്ടി വരും. കൊല്ലപ്പെട്ട 61000 പലസ്തീനികളിൽ 70 -80 ശതമാനവും സ്ത്രീകളും കുട്ടികളുമാണ്. ഹമാസിനെ ആക്രമിക്കുന്നതിനുപകരം നിരാലംബരെ വധിച്ചു എന്നതാണ് മറ്റ് ഇസ്ലാം രാജ്യങ്ങൾക്കും ഇസ്രയേലിനോട് വിരോധം കടുക്കാൻ കാരണം.

റഷ്യ പോലൊരു രാജ്യത്തെയും പുടിനെ പോലൊരു ഭരണാധികാരിയെയും അടിയറവ് പറയിക്കുന്ന നിലയിൽ എത്തിച്ചിരിക്കുന്നത് അമേരിക്കൻ ഭരണകൂടമാണ്. അമേരിക്ക എടുക്കുന്ന നിലപാടറിയാൻ ലോകം മുഴുവൻ ആകാംക്ഷയിലാണ്.

ലിബറലിസത്തിന്റെ ഏറ്റവും വലിയ വക്താവായ അമേരിക്ക അനധികൃത കുടിയേറ്റക്കാരെ ചങ്ങലക്കിട്ടു കൊണ്ട് പോയതും ഏറെ എതിർപ്പുണ്ടാക്കിയതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ചങ്ങലക്കിട്ടതിനുള്ള ന്യായീകരണങ്ങൾ ഒന്നും വിശ്വസനീയമായിരുന്നില്ല.




NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ



# സംഘപരിവാറിന് വഴങ്ങി
# 17 വെട്ടുകളോടെ 'എമ്പുരാൻ' വീണ്ടും സെൻസർ ബോർഡിലേയ്ക്ക്

**എ.എസ് ശ്രീകുമാർ**

ഒടുവിൽ എമ്പുരാൻ സിനിമയുടെ അണിയറ പ്രവർത്തകർ സംഘപരിവാർ ഭീഷണിക്ക് വഴങ്ങി വിവാദ ഭാഗങ്ങൾ മുറിച്ചുമാറ്റാൻ തീരുമാനിച്ചു. വിവാദങ്ങളിൽ മോഹൻലാൽ ഖേദം പ്രകടിപ്പിച്ചതാണ് മറ്റൊരു പ്രധാനപ്പെട്ട സംഭവ വികാസം. സിനിമയിലെ ചില ഭാഗങ്ങൾ കുറേപേർക്ക് വലിയ മനോവിഷമം ഉണ്ടാക്കിയതായി അറിഞ്ഞെന്നും, ആ മനോവിഷമത്തിൽ തനിക്കും എമ്പുരാൻ ടീമിനും ഖേദമുണ്ടെന്നും മോഹൻലാൽ ഫെയ്സ്ബുക്കിൽ കുറിച്ചു.

സിനിമയിൽ നിന്ന് ചില ഭാഗങ്ങൾ നീക്കം ചെയ്യാൻ തീരുമാനിച്ചതായും മോഹൻലാൽ സ്ഥിരീകരിച്ചു. ഒരു കലാകാരൻ എന്ന നിലയിൽ തന്റെ ഒരു സിനിമയും ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തോടോ, ആശയത്തോടോ, മതവിഭാഗത്തോടോ വിദ്വേഷം പുലർത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് തന്റെ കടമയാണെന്ന് മോഹൻലാൽ ഫേസ്ബുക്കിൽ കുറിച്ചു. മോഹൻലാസിന്റെ പോസ്റ്റ് ചിത്രത്തിന്റെ സംവിധായകൻ പൃഥ്വിരാജ് ഷെയർ ചെയ്തിരുന്നു.

മോഹൻലാലിന്റെ ഫേസ്ബുക്ക് പോസ്റ്റ് ഇപ്രകാരമാണ്.

'ലൂസിഫർ' ഫ്രാഞ്ചൈസിന്റെ രണ്ടാം ഭാഗമായ 'എമ്പുരാൻ' സിനിമയുടെ ആവിഷ്കാരത്തിൽ കടന്നു വന്നിട്ടുള്ള ചില രാഷ്ട്രീയ-സാമൂഹിക പ്രമേയങ്ങൾ എന്നെ സ്നേഹിക്കുന്നവരിൽ കുറേപേർക്ക് വലിയ മനോവിഷമം ഉണ്ടാക്കിയതായി ഞാനറിഞ്ഞു. ഒരു കലാകാരൻ എന്ന നിലയിൽ എന്റെ ഒരു സിനിമയും ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തോടോ, ആശയത്തോടോ, മതവിഭാഗത്തോടോ വിദ്വേഷം പുലർത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് എന്റെ കടമയാണ്. അതുകൊണ്ടു തന്നെ എന്റെ പ്രിയപ്പെട്ടവർക്ക് ഉണ്ടായ മനോവിഷമത്തിൽ എനിക്കും എമ്പുരാൻ ടീമിനും ആത്മാർത്ഥമായ ഖേദമുണ്ട്, ഒപ്പം അതിന്റെ ഉത്തരവാദിത്വം സിനിമയ്ക്ക് പിന്നിൽ പ്രവർത്തിച്ച ഞങ്ങൾ എല്ലാവരുടേതുമാണ് എന്ന തിരിച്ചറിവോടെ അത്തരം വിഷയങ്ങളെ നിർബന്ധമായും സിനിമയിൽ നിന്ന് നീക്കം ചെയ്യാൻ ഞങ്ങൾ ഒരുമിച്ച് തീരുമാനിച്ച് കഴിഞ്ഞു. കഴിഞ്ഞ നാല് പതിറ്റാണ്ട് നിങ്ങളിലൊരാളായാണ് ഞാൻ എന്റെ സിനിമാ ജീവിതം ജീവിച്ചത്. നിങ്ങളുടെ സ്നേഹവും വിശ്വാസവും മാത്രമാണ് എന്റെ ശക്തി. അതിൽ കവിഞ്ഞൊരു മോഹൻലാൽ ഇല്ല എന്ന് ഞാൻ വിശ്വസിക്കുന്നു...

സ്നേഹപൂർവ്വം മോഹൻലാൽ

എമ്പുരാൻ ആദ്യം സെൻസർ ബോർഡിന് മുന്നിലെത്തിയപ്പോൾ സംഘപരിവാർ പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ

**എമ്പുരാൻ ഹൈന്ദവ വിരുദ്ധ, ഇന്ത്യാവിരുദ്ധ സിനിമയാണെന്ന് ആരോപിച്ച് ആർ.എസ്.എസിന്റെ മുഖപത്രമായ ഓർഗനൈസറിൽ ഇന്നലെ ഒരു ലേഖനം പ്രത്യക്ഷപ്പെട്ടിരുന്നു. ഇതേതുടർന്ന് സിനിമ റിലീസ് ചെയ്ത് മൂന്നാം ദിവസമാണ് വിവാദമായ 17 രംഗങ്ങൾ ഒഴിവാക്കാൻ നിർമാതാക്കളായ ഗോകുലം മൂവീസ് തയ്യാറായത്. ചിത്രത്തിലെ ഗോധ്ര, ഗുജറാത്ത് കലാപങ്ങൾ പരാമർശിക്കുന്ന ഭാഗങ്ങൾ, ഗർഭിണിയെ ഉപദ്രവിക്കുന്ന രംഗം, മുസ്ലീങ്ങൾക്ക് അഭയം കൊടുക്കുന്ന നാട്ടുരാജ്ഞിയുടെ കൊലപാതകം, ജാതി അധിക്ഷേപം എന്നിവ ഒഴിവാക്കും. പ്രധാന വില്ലൻ കഥാപാത്രമായ 'ബാബാ ബജ്റംഗി'യുടെ പേര് മാറ്റും. ചില സംഭാഷണങ്ങൾ മ്യൂട്ട് ചെയ്യും.**

അംഗങ്ങളായിട്ടുള്ള ബോർഡ് രണ്ടു ഭാഗങ്ങൾ മാത്രം സിനിമയിൽ നിന്ന് ഒഴിവാക്കാനാണ് നിർദേശിച്ചത്. സ്ത്രീകൾക്കെതിരായ അതിക്രമരംഗങ്ങളുടെ ദൈർഘ്യം കുറയ്ക്കുക, ദശീയ പതാകയെക്കുറിച്ചുള്ള പരാമർശം ഒഴിവാക്കുക എന്നിവയായിരുന്നു ആ നിർദേശങ്ങൾ. സെൻസറിങ്ങിനിടെ ഈ രണ്ടുഭാഗങ്ങൾക്ക് മാത്രമാണ് സെൻസർ ബോർഡ് നീക്കിയത്. എന്നാൽ സെൻസർ ബോർഡിലെ ബി.ജെ.പിയും സംഘപരിവാറും നോമിനേറ്റ് ചെയ്ത അംഗങ്ങൾ വേണ്ടത്ര ജാഗ്രത കാട്ടിയില്ലെന്ന് ആരോപണമുയർന്നിരുന്നു.



എമ്പുരാൻ ഹൈന്ദവ വിരുദ്ധ, ഇന്ത്യാവിരുദ്ധ സിനിമയാണെന്ന് ആരോപിച്ച് ആർ.എസ്.എസിന്റെ മുഖപത്രമായ ഓർഗനൈസറിൽ ഇന്നലെ ഒരു ലേഖനം പ്രത്യക്ഷപ്പെട്ടിരുന്നു. ഇതേതുടർന്ന് സിനിമ റിലീസ് ചെയ്ത് മൂന്നാം ദിവസമാണ് വിവാദമായ 17 രംഗങ്ങൾ ഒഴിവാക്കാൻ നിർമാതാക്കളായ ഗോകുലം മൂവീസ് തയ്യാറായത്. ചിത്രത്തിലെ ഗോധ്ര, ഗുജറാത്ത് കലാപങ്ങൾ പരാമർശിക്കുന്ന ഭാഗങ്ങൾ, ഗർഭിണിയെ ഉപദ്രവിക്കുന്ന രംഗം, മുസ്ലീങ്ങൾക്ക് അഭയം കൊടുക്കുന്ന നാട്ടുരാജ്ഞിയുടെ കൊലപാതകം, ജാതി അധിക്ഷേപം എന്നിവ ഒഴിവാക്കും. പ്രധാന വില്ലൻ കഥാപാത്രമായ 'ബാബാ ബജ്റംഗി'യുടെ പേര് മാറ്റും. ചില സംഭാഷണങ്ങൾ മ്യൂട്ട് ചെയ്യും.

തങ്ങൾ വരുത്തുന്ന മാറ്റങ്ങൾ സംബന്ധിച്ച് ഗോകുലം മൂവീസ് റീജിയണൽ സെൻസർ ബോർഡിന് ഓൺലൈൻ വഴി അപേക്ഷയും നൽകി. എമ്പുരാന്റെ അണിയറ പ്രവർത്തകർ വരുത്തുന്ന മാറ്റങ്ങൾ വീണ്ടും കണ്ട് സെൻസർ ബോർഡിന് ബോധ്യപ്പെടേണ്ടതുണ്ട്. മാറ്റങ്ങൾ അക്കമിട്ടുവേണം സെൻസർ ബോർഡിന് സമർപ്പിക്കാൻ. എന്നാൽ സിനിമ വീണ്ടും സെൻസർ ചെയ്യില്ല. ഒരു സിനിമയ്ക്ക് സിനിമയ്ക്ക് ഒറ്റത്തവണ മാത്രമേ സെൻസർ ബോർഡ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. എമ്പുരാനിൽ നടത്തുന്ന മാറ്റങ്ങൾ റീ സെൻസറിങ്ങല്ല, മറിച്ച് 'വോളണ്ടിയർ മോഡിഫിക്കേഷൻ' ആണ്.

സിനിമാ നിർമാതാക്കൾ ഇത്തരത്തിൽ മാറ്റങ്ങൾ വരുത്തുന്നത് വളരെ അപൂർവമായ സാഹചര്യങ്ങളിലാണ്. എമ്പുരാനെ സംബന്ധിച്ചിടത്തോളം നായകൻ മോഹൻലാലും സംവിധായകൻ പൃഥ്വിരാജും സംഘപരിവാർ ഹാൻഡിലുകളിൽ നിന്ന് സൈബർ ആക്രമം നേരിട്ടതോടെ ആ സാഹചര്യം സംജാതമാവുകയായിരുന്നു. എമ്പുരാന്റെ കട്ട് ചെയ്ത് പരിഷ്കരിച്ച പതിപ്പ് നാളെ, തിങ്കളാഴ്ച സെൻസർ ബോർഡിന് മുന്നിലെത്തും. മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാൽ വോളണ്ടിയർ മോഡിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകും.

അതേസമയം എമ്പുരാൻ വിവാദത്തിൽ കേന്ദ്ര ഏജൻസികളുടെ സമ്മർദം മോഹൻലാലിനുമേൽ ഉണ്ടായിട്ടുണ്ടെന്ന് ബി.ജെ.പി വിട്ട് കോൺഗ്രസിലെത്തിയ സന്ദീപ് വാര്യർ പറഞ്ഞു. എമ്പുരാൻ വിവാദത്തിൽ മോഹൻലാൽ ഖേദം പ്രകടിപ്പിച്ചതിന് പിന്നാലെയായിരുന്നു സന്ദീപ് വാര്യരുടെ പ്രതികരണം. എമ്പുരാൻ സിനിമയ്ക്ക് വേണ്ടി പണംമുടക്കിയവരുടെ നേരേ കേന്ദ്രഏജൻസികളുടെ ഭാഗത്തു നിന്ന് വലിയ ഭീഷണിയുണ്ടായെന്നാണ് താൻ മനസിലാക്കുന്നതെന്നും സന്ദീപ വാര്യർ അഭിപ്രായപ്പെട്ടു. ഇതിനിടെ മോഹൻലാൽ ഉൾപ്പെടെയുള്ളവർക്കെതിരേ നടത്തിയ സൈബർ ആക്രമണത്തിനെതിരെ സുപ്രീംകോടതി അഭിഭാഷകൻ സുഭാഷ് തീക്കാടൻ നൽകിയ പരാതിയിൽ ഉടൻ നടപടി ഉണ്ടാകുമെന്ന് ഡി.ജി.പി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് വ്യക്തമാക്കി.

കേരളത്തിൽ ഏറ്റവും കൂടുതൽ രാഷ്ട്രീയ വിവാദം സൃഷ്ടിച്ച സിനിമയായി എമ്പുരാൻ മാറുകയാണ്. ഗുജറാത്തിലെ മുസ്ലീം വംശഹത്യ തുറന്നു കാണിച്ചതിനാണ് ഹിന്ദുത്വ വാദികൾ എമ്പുരാനെതിരെ പ്രചാരണം അഴിച്ചുവിട്ടിരിക്കുന്നത്. ചിത്രം ബഹിഷ്കരിക്കാനും സംഘപരിവാർ ആഹ്വാനം ചെയ്യുന്നു. അവർ താരങ്ങളുടെ സമൂഹമാധ്യമ പോസ്റ്റുകൾക്ക് താഴെ അസഭ്യവർഷവും അധിക്ഷേപ പരാമർശങ്ങളും നടത്തുന്നു. എമ്പുരാന്റെ ക്യാൻസൽ ചെയ്ത ടിക്കറ്റുകൾ പങ്കുവെച്ചും, പൃഥിരാജിനെതിരെ ഫേസ്ബുക്ക് കുറിപ്പുകളുമായും പലരും രംഗത്തെത്തി. റിസർവ് ചെയ്ത ടിക്കറ്റുകൾ ക്യാൻസൽ ചെയ്യണമെന്ന് സംഘപരിവാർ കേന്ദ്രങ്ങൾ ആഹ്വാനം ചെയ്തിരുന്നു.

# ആശസമരത്തെ അധിക്ഷേപിക്കുന്ന മൂതകളുടെ 'ഔദാര്യ'വിളംബരം.!






**മാമ്മൻ.സി.മാത്യു?**

'ആശ വർക്കർമാർ സംസ്ഥാന സർക്കാരിന് വേണ്ടി ഒരു ജോലിയും ചെയ്യുന്നില്ല. ആശാവർക്കർമാർ സംസ്ഥാന സർക്കാരിന്റെ വളണ്ടിയർമാരും അല്ല.. 7000 നൽകുന്നത് സംസ്ഥാന സർക്കാരിന്റെ ഔദാര്യമാണ്. '

ആശസമരത്തെ അവഹേളിക്കാനായി കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിലെ വരികളാണു ഇവ.

ഔദാര്യമാണത്രേ..ഔദാര്യം ! ആരുടേയും കുടുംബ ഫണ്ടിൽ നിന്നോ പാർട്ടി ഫണ്ടിൽ നിന്നോ പണം ആവശ്യപ്പെട്ടല്ല ആശ പ്രവർത്തകർ സമരം നടത്തുന്നത്. സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ജനങ്ങളുടെ പൊതുപണം വിനിയോഗിക്കുന്നതിലെ മുൻഗണനാ ക്രമത്തെ കുറിച്ചുള്ള ചോദ്യമാണു അവർ മുൻപോട്ട് വെയ്ക്കുന്നത്. തൊഴിലാളിയുടെ മിനിമം വേതനമാണോ, പി എസ് സി മെമ്പറുമാരുടെ ലക്ഷങ്ങൾ ഇരട്ടിപ്പിക്കലാണോ,പെൻഷൻ പറ്റിയ കാലുമാറികളുടെ യാത്രാബദ്ധയുടെ ദശലക്ഷങ്ങളാണോ, മന്ത്രിപുങ്കവന്മാരുടെ യാത്രാശകടങ്ങൾക്കുള്ള ശതകോടികളാണോ, ഏതാണു നിങ്ങളുടെ മുൻഗണന എന്നാണു അവർ ചോദിക്കുന്നത്. ആരുടേയും ഔദാര്യം അവർക്ക് ആവശ്യമില്ല. മിനിമം കൂലി അവരുടെ അവകാശമാണെന്ന് അവരെ പഠിപ്പിച്ച നേതാക്കന്മാർ ഏന്തിയ ചെങ്കൊടി ഇപ്പോൾ കൈവശം വെച്ചിരിക്കുന്നവരോട് അവർ ആവശ്യപ്പെടുന്നത് അവരുടെ അവകാശമാണു. പക്ഷേ ചില മൂട് താങ്ങികൾ (മൂതകൾ) തങ്ങളുടെ ന്യായീകരണത്തിനായ് പച്ചക്കള്ളങ്ങൾ നിരത്തുകയാണു.

1. 'ആശ വർക്കർമാർ സംസ്ഥാന സർക്കാരിന് വേണ്ടി ഒരു ജോലിയും ചെയ്യുന്നില്ല.'

യഥാർത്ഥത്തിൽ സംസ്ഥാന സർക്കാരിനു വേണ്ടി അല്ലാതെ ആശപ്രവർത്തകർ ഒരു ജോലിയും ചെയ്യുന്നില്ല. കേന്ദ്ര സർക്കാർ ആശ സ്കീം ആരംഭിച്ചത് 2005ലാണു. പക്ഷേ 2007ൽ സംസ്ഥാന സർക്കാർ ആശ പ്രവർത്തകരെ റിക്രൂട്ട് ചെയ്യുകയും അവർക്ക് പ്രവർത്തന മേഖല ഒരുക്കുകയും ചെയ്യുന്നതു വരെ കേരളത്തിൽ ആശസ്കീം നടപ്പിലായിരുന്നില്ല. ഇപ്പോഴും ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംസ്ഥാന ആരോഗ്ഗ്യവകുപ്പ് ഒരു പ്രോഗ്യാം ഇൻപ്ലിമെന്റേഷൻ പ്ലാൻ (പി ഐ പി) എന്ന പേരിൽ തയ്യാറാക്കുകയാണു ചെയ്യുന്നത്. അതിൽ കേന്ദ്ര സർക്കാർ പറഞ്ഞിട്ടുള്ള പ്രവർത്തികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ പ്രവർത്തികൾക്ക് കേന്ദ്രം ഒരു പാരിദോഷികം (ഇൻസെന്റീവ്) കു


0 PM | E-PAPER

THE NEW INDIAN EXPRESS

WORLD STATES OPINIONS CITIES BUSINESS SPORT GOOD NEWS MOVIES

Andhra Pradesh

## ASHA workers to get gratuity, raised retirement age to 62

*The Chief Minister also approved extending 180 days of paid maternity leave for the first two deliveries to ASHA workers.*

ടി നൽകും.

അതിന്റെ പേരിൽ സംസ്ഥാൻ പൊതു ആരോഗ്യ വകുപ്പിലെ ജീവനക്കാർ / വോളന്റിയൻ എന്ന് വിളിക്കപ്പെടുന്ന ജീവനക്കാർ ആയ ആശമാർ

സംസ്ഥാനത്തിനു യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തവർ ആവില്ല.

2. കേരളമാണോ ഏറ്റവും മികച്ച ഓണറേറിയം നൽകുന്നത് ?

സംസ്ഥാന സർക്കാർ പ്രതിമാസം ആശവർക്കർമാർക്ക് നൽകുന്നത് 7000 രൂപ ഓണറേറിയമാണു. കർണ്ണാടകം ജനുവരി മാസം മുതൽ 10000 രൂപ ഓണറേറിയം നൽകുന്നതായി മുഖ്യമന്ത്രി സിദ്ദരാമയ്യ അവിടെയുള്ള ആശസമര വേദിയിലെത്തി പ്രഖ്യാപിച്ചിരുന്നു ( വാർത്താചിത്രം ഇതോടൊപ്പം ചേർക്കുന്നു ). സിക്കിം സർക്കാർ 10000 രൂപ ഓണറേറിയം നൽകുന്നുണ്ട്. ആ ഉത്തരവ് ഇതോടൊപ്പം ചേർക്കുന്നു. അപ്പോൾ രാജ്യത്തെ ഏറ്റവും മികച്ച ഓണറേറിയം നൽകുന്നത് കേരളമാണെന്ന് പറയുന്നത് പച്ചകള്ളമാണു.

മറ്റ് സംസ്ഥാനങ്ങൾ നൽകുന്ന ഓണറേറിയം ഒഴികെയുള്ള ആനുകൂല്യങ്ങൾ കൂടി ഒന്ന് പരിശോധിക്കാം.

പശ്ചിമ ബംഗ്ഗാൾ സർക്കാർ ആശ വർക്കേഴ്സിനു 62 മുതൽ 65 വയസ്സു വരെ പ്രായപരിധിയിൽ രണ്ട് ലക്ഷം മുതൽ അഞ്ച് ലക്ഷം രൂപ വരെ വിരമിക്കൽ ആനുകൂല്യം നൽകുന്നുണ്ട്. ആന്ദ്ര സംസ്ഥാനം 2.5 ലക്ഷം ഗ്രാറ്റുവിറ്റിയും 180 ദിവസം പേയ്ഡ് മെറ്റേണിറ്റി ലീവും നൽകുന്നു.

https://nhrc.nic.in/media/press-release/nhrc-india-organised-meeting-core-group-women-theme-%E2%80%98empowering-ashas-securing

Press release

National Human Rights Commission

New Delhi: 21st February, 2025

NHRC, India organised a meeting of the Core Group on Women on the theme 'Empowering ASHAs: Securing the right to work with dignity'

NHRC, India Chairperson, Justice Shri V Ramasubramanian attributes a significant reduction in neonatal and infant mortality rates in the country to the services of ASHAs

Calls for collaborative efforts between the Centre and State Governments to address the issues concerning ASHA workers' welfare

Member, Justice (Dr) Bidyut Ranjan Sarangi says, ASHAs' voluntary role as the first line of medical care in far-flung areas needs to be better recognized

Secretary General, Shri Bharat Lal says, their issues related viz. workload and insufficient resources need to be addressed

Among various suggestions, replacing an incentive-based payment structure with a fixed salary plus performance-based benefits underscored

Providing ASHAs with health insurance, maternity benefits, and accident coverage also highlighted

The National Human Rights Commission (NHRC), India organised a core group meeting in hybrid mode on women on the theme 'Empowering Accredited Social Health Activists (ASHAs): Securing the right to work with dignity' at its premises in New Delhi. It was chaired by the NHRC, India Chairperson, Justice Shri V. Ramasubramanian in the presence of Member, Justice (Dr) Bidyut Ranjan Sarangi, Secretary General, Shri Bharat Lal, senior officers, experts, and ASHAs.



Justice Ramasubramanian said that public health and fixing of minimum wages is a subject coming under the State.

Addressing the participants, Chairperson, Justice Shri V. Ramasubramanian highlighted the remarkable contributions made by ASHAs over the past 20 years towards improvements in the healthcare sector in the country. He emphasised that the significant impact of ASHAs has led to notable progress in reducing neonatal and infant mortality rates. They showed that individuals without formal education can still be trained to become skilled workers. He also noted that while there are many educated people today, the number of skilled workers is decreasing. This gap is being addressed by the ASHA scheme. However, he pointed out that ASHAs' have been stating that their remuneration is not in proportion to their contribution to society. The irony is that at times, those who contribute the most often receive the least; those who care for the marginalized end up being marginalized themselves.

Justice Ramasubramanian said that public health and fixing of minimum wages is a subject coming under the State. Population control and family planning fall under the Concurrent list. Hence, there should be a collaborative effort between the Centre and State Governments to address the issues concerning ASHAs' welfare. He also called for a concrete policy and actionable measures for improving the working conditions and living standards of ASHAs.

GOVERNMENT OF KERALA

Abstract

Industries Department - Denying prosecution sanction sought by Central Bureau of Investigation (CBI) against Shri R Chandrasekharan and Shri K A Ratheesh, Former Chairman and Managing Director respectively of Kerala State Cashew Development Corporation (KSCDC) Ltd over allegations of corruption in Raw Cashew Nut (RCN) procurement dealings - Judgement of Hon'ble High Court of Kerala Dtd 24/07/2024 in WP (C) No.25863/2020 and Order Dtd 24/01/2025 in IA.No.1/2025 in WP(C) No. 25863/2020 - Complied with - Orders issued.

INDUSTRIES (K) DEPARTMENT

( വാർത്താചിത്രങ്ങൾ ഇതോടൊപ്പം ചേർക്കുന്നു ).ഹരിയാനാ ആവട്ടെ വേരിബൾ പേയ്മന്റ് മാർഗ്ഗത്തിൽ 18000 രൂപ വരെ പ്രതിമാസം ആശപ്രവർത്തകർക്ക് നൽകുന്നുണ്ട്. ആശമാർക്ക് അർഹതപ്പെട്ട മിനിമം ആനുകൂല്യങ്ങൾ പോലും നിഷേധിച്ച ശേഷം ചില പി ആർ ഏജൻസികളുടേയും ചില മൂതകളുടേയും സഹായത്തോടെ ജനങ്ങളുടെ ആകെ കണ്ണുമൂടി കെട്ടാനാണു നാമധേയ ഇടതു സർക്കാർ ശ്രമിക്കുന്നത്.

അതായത്, സംസ്ഥാന സർക്കാരുകൾക്ക് വ്യത്യസ്ഥ നിലയിൽ ആനുകൂല്യങ്ങൾ നൽകാൻ യാതൊരു തടസ്സവുമില്ല.

ഉമ്മൻ ചാണ്ടി സർക്കാർ 1000 രൂപ നൽകിയ ഓണറേറിയം എൽ ഡി എഫ് സർക്കാർ ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ചു 7000 രൂപയാക്കി എന്ന് പറയുമ്പോൾ ഓണറേറിയം എന്നത് സംസ്ഥാന സർക്കാരുകൾ മാത്രം തീരുമാനം എടുക്കേണ്ട വിഷയമാണെന്നതിനു തെളിവല്ലേ ? സംസ്ഥാന മന്ത്രിസഭയ്ക്ക് ഈ വിഷയത്തിൽ ഇടപെടാൻ കഴിയില്ലെന്നും ഇത് കേന്ദ്ര സർക്കാരിനു മാത്രം ഇടപെടാവുന്ന കാര്യമാണെന്നും ചില മൂതകൾ പറയുന്നത് പച്ചക്കളളമല്ലേ ?

3. ആശമാരെ തൊഴിലാളികളായ് അംഗീകരിക്കണമെന്നും അവർക്ക് ഇ എസ് ഐ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഗ്രാറ്റിവിറ്റിയും പ്രൊവിഡന്റ് ഫണ്ടും ഈ സമരം ആവശ്യപ്പെടുന്നില്ല എന്നുമാണു മറ്റൊരു ആക്ഷേപം. ഇതെല്ലാം കേന്ദ്രസർക്കാർ നൽകേണ്ടതാണെന്നും അതു കൊണ്ട് ഡൽഹിയിൽ പോയാണു സമരം ചെയ്യേണ്ടത് എന്നുമാണു ഇവർ പറയുന്നത്. മേൽ പറഞ്ഞ പല ആനുകൂല്യങ്ങളും മറ്റ് സംസ്ഥാനങ്ങൾ ഇപ്പോഴേ

നൽകുന്നുണ്ട്. ഇതു കേരളത്തിലും

12:54 PM | E-PAPER

THE NEW INDIAN EXPRESS

ON WORLD STATES OPINIONS CITIES BUSINESS SPORT GOOD NEWS MOVIES PHOTOS




Karnataka

## Karnataka ASHA workers call off strike after CM announces Rs 10,000 monthly honorarium, incentives

*The announcement was made by Health Commissioner Sivakumar KB at Freedom Park, where the ASHA workers had been sitting in protest since Tuesday.*

നൽകേണ്ടതാണു. നമ്മുടെ ഭരണഘടന പ്രകാരം പൊതു ആരോഗ്യമെന്നത് സംസ്ഥാന വിഷയമാണു. പാർലമെന്റിൽ

പ്രേമചന്ദ്രൻ എം പിക്ക് നൽകിയ മറുപടിയിൽ ("public health is a state subject and it's implementation primarily lies with the state government") എന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

പത്രക്കുറിപ്പിലൂടെ ദേശീയ മനുഷ്യാവകാശ കമ്മീഷനും (""Justice Ramasubramanian said that public health and fixing of minimum wages is a subject coming under the State.")

ഇത് പ്രസ്താവിക്കുന്നു.പിന്നെ മന്ത്രി ശിവൻകുട്ടി കേന്ദ്രത്തിനു കത്ത് അയക്കുന്നതും മൂതകൾ അത് പാടി നടക്കുന്നതും ആരെ പറ്റിക്കാനാണു ?

4. CITU ഇതേ ആവശ്യം ഉന്നയിച്ച് ഇതേ സെക്രട്ടറിയേറ്റിന്റെ ഇതേ മൂലയിൽ സമരം നടത്തിയിട്ടുണ്ട്. അന്ന് കേരളം ഭരിച്ചിരുന്നത് യു ഡി എഫ് സർക്കാരായിരുന്നു എന്ന് മാത്രം. അപ്പോൾ ഏതാണു രാഷ്ട്രീയപ്രേരിതം ?

5. INTUC സമരത്തിൽ പങ്കുചേരുന്നില്ല

എന്നാണു മറ്റൊരു വാദം.ശരിയാണു, INTUC നേതാവ് ആർ ചന്ദ്രശേഖരനെതിരെ അഴിമതി കേസിൽ സി ബി ഐ ആവശ്യപ്പെട്ട

പ്രോസിക്യൂഷനുള്ള അനുമതി നിഷേധിച്ച സർക്കാരണിത്. സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടും ഈ സംഘടനാ നേതാവിന്റെ പ്രോസിക്യൂഷൻ തടഞ്ഞ് സംരക്ഷണ വലയം തീർക്കുമ്പോൾ എങ്ങനെ INTUC സമരത്തിൽ പങ്ക് ചേരും ? (സർക്കാർ ഉത്തരവ് ഇതോടൊപ്പം ചേർക്കുന്നു)

6.SUCI നേതൃത്വം നൽകുന്ന RSS സ്പോൺസേഡ് സമരമാണെന്നാണു മറ്റൊരു ആക്ഷേപം. ഗോവിന്ദൻമാഷ് പറയുന്നത് SDPI ജമാത്ത് തുടങ്ങിയ ഇസ്ലാമിക് തീവ്രവാദ ശക്തികളാണു സമരത്തിനു പിന്നിലെന്നാണു. മൂതകളെ കഷ്ടപ്പെടുത്താതെ ആദ്യം അവെലബിൾ സെക്രട്ടറിയേറ്റ് കൂടി ഇതിൽ ഏതാണു ശരിയെന്ന് അറിയിക്കാൻ പറയണം.

7. സുരേഷ് ഗോപി സമരപന്തലിൽ എത്തിയതിൽ പൊരുത്തക്കേട് കാണുന്ന മൂതകൾക്ക് അയാൾ വന്നപ്പോ


THE TIMES OF INDIA

**Bengal govt raises terminal benefits from ₹2-3L to 5L**

TNN / Jul 5, 2024, 05:00 IST

Kolkata: Bengal govt on Thursday announced an increase in terminal benefits for various categories of workers, including higher secondary contractual teachers, para teachers, SSK and MSK teachers, academic supervisors, ASHA workers, honorary health workers, Anganwari workers and helpers, civic volunteers, village police volunteers, home guard volunteers and auxiliary fire operators.

ഴുള്ള BGM മാത്രമേ സ്മൃതിയിലുള്ളു. കേന്ദ്രമന്ത്രിയെ

മഴയത്ത് നിർത്തി കേന്ദ്രം ഇപ്പോൾ നൽകുന്ന 3000 രൂപ ഇൻസെന്റിവ് അപര്യാപ്തമാണെന്നും അത് കൂട്ടണമെന്നും പരസ്യമായി ആവശ്യപ്പെടുന്ന സമരസമിതി

നേതാവിന്റെ പ്രസംഗം മാത്രം ഇവർ കേട്ട മട്ടില്ല. പത്ത് വർഷമായി പ്രഹസന സമരാഭാസങ്ങളും പേരിനുള്ള സമരപരിപാടിയും കണ്ട് ശീലിച്ച മൂതകൾക്ക്

ജീവിതസമരങ്ങൾ വെറും കേടാപുറങ്ങളാവും !

കേരളത്തിൽ വിരളിൽ എണ്ണാവുന്ന SUCI പ്രവർത്തകരേയുള്ളു എന്ന് എല്ലാവർക്കും അറിവുള്ളതാണു. പിന്നെ ഈ സമരത്തിൽ അണിചേരുന്ന ആശമാർ

ആരാണു ? ഇരുപത്തയ്യായിരം വരുന്ന ആശകൾ എങ്ങനെ ഇവർക്കൊപ്പം ചേർന്നു? നിലനിൽപ്പിനായ്

സമരമുഖത്ത് നിൽക്കുന്നവരെ ചേത്ത് പിടിക്കാൻ CITU പോലെയുള്ള സംഘടകൾക്ക്

കഴിയാതെ പോകുമ്പോഴാണു അവർ മറ്റ് സംഘടനകളെ വിശ്വാസത്തിൽ എടുക്കുന്നത്. ആശകളെ സംബ്ന്ധിച്ച് ഇത് ജീവിതസമരമാണു. ആ സമരത്തിനു ഇടവേളകളില്ല !


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ കലോത്സവം 2025 അവിസ്മരണീയമായി



നാഷ്‌വിൽ: ടെന്നീസിയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ) മാർച്ച് 22 ന് വിവിധ കലാരൂപങ്ങളെ കോർത്തിണക്കി കൊണ്ട് ആദ്യമായി സംഘടിപ്പിച്ച കാൻ കലോത്സവം 2025 സംഘാടന മികവ് കൊണ്ടും, അവതരണ തികവ് കൊണ്ടും വളരെ ശ്രദ്ധേയമായി. ഈ കലാ-സാംസ്കാരിക മഹോത്സവത്തിൽ നൃത്തം, സംഗീതം, സാഹിത്യ രചന, നാടകം എന്നിവ ഉൾപ്പെട്ട വൈവിധ്യമാർന്ന പരിപാടികൾ അരങ്ങേറി.

മുൻവർഷത്തെ ഓണപരിപാടിയിൽ കഴിവ് തെളിയിച്ച ഇരുപതോളം കുട്ടികൾ ചേർന്നായിരുന്നു ഭരണസമിതി അംഗങ്ങളുടെ സാന്നിധ്യത്തിൽ കാൻ കലോത്സവത്തിനു തിരി തെളിയിച്ചത്. കാൻ പ്രസിഡന്റ് ശ്രീ.ഷിബു പിള്ള അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ, വൈസ് പ്രസിഡന്റ് ശങ്കർ മന സ്വാഗതവും , സെക്രട്ടറി സുശീല സോമരാജൻ നന്ദിയും രേഖപ്പെടുത്തി.

നാഷ്‌വില്ലിലെ സംഗീത കൂട്ടായ്മയായ നാദം മ്യൂസിക്കൽസ് വിവിധ വാദ്യ മേളത്തിന്റെ അകമ്പടിയോടെ അവതരിപ്പിച്ച സംഗീത സദ്യ പങ്കെടുത്തവർക്ക് നല്ലൊരു അനുഭവം സമ്മാനിച്ചു. പഴയതും പുതിയതും ആയ ഒട്ടേറെ ഗാനങ്ങൾ ഡ്രമ്സ്, ഗിറ്റാർ, തബല, കീബോർഡ് തുടങ്ങിയ വാദ്യോപകരണങ്ങളുടെ സഹായത്തോടെയാണ് അവതരിപ്പിച്ചത്. അതിനാൽ തന്നെ ശ്രവണ മധുരത്തിനോടൊപ്പം നല്ലൊരു ദൃശ്യാനുഭവവും നൽകാൻ സാധിച്ചു. തുടർന്ന് നടന്ന സംഘനൃത്തങ്ങൾ ചടുലത നിറഞ്ഞ നൃത്തച്ചുവടുകൾ കൊണ്ട് കാണികളെ ഒട്ടേറെ ആകർഷിച്ചു. കാൻ ലിറ്ററി ഫെസ്റ്റിവലിൽ പങ്കെടുത്ത എല്ലാപേരെയും അനുമോദിക്കുകയും ചെയ്തു.

ഡാളസിൽ നിന്നുള്ള ഭരതകല തീയറ്റേഴ്സ് അവതരിപ്പിച്ച 'എഴുത്തച്ഛൻ' എന്ന നാടകം കാണികളുടെ പ്രശംസ പിടിച്ചുപറ്റി. ഇരുപത്തഞ്ചോളം കലാകാരൻമാർ അണിനിരന്ന ഒരു ബൃഹത്തായ നാടകാവിഷ്കാരമായിരുന്നു ഇത്. പ്രശസ്ത സാഹിത്യകാരനായ സി രാധാകൃഷ്ണന്റെ ''തീക്കടൽ കടഞ്ഞ് തിരുമധുര''മെന്ന നോവൽ അടിസ്ഥാനമാക്കിയാണ് എഴുത്തച്ഛൻ എന്ന നാടകം തയ്യാറാക്കിയിരിക്കുന്നത്. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാന കാലത്തു ജീവിച്ച എഴുത്തച്ഛനെന്ന ആധുനിക മലയാള ഭാഷയുടെ പിതാവിനു പുതിയ തലമുറയുടെ സ്നേഹോപഹാരം ആയി മാറി ഈ നാടകാവിഷ്കാരം. ഡാളസിലുള്ള മലയാളികളായ കലാപ്രതിഭകളെ അരങ്ങത്തേക്ക് കൊണ്ട് വരുക, അത് വഴി



മലയാളനാടകപ്രസ്ഥാനത്തിനു ഞങ്ങളുടെതായ എളിയ സംഭാവനകൾ നൽകുക എന്ന ഉദ്ദേശം മുൻനിർത്തി  ഏകദേശം അഞ്ചു വര്ഷങ്ങള്ക്കു മുൻപ്  തുടങ്ങിയ ഒരു പ്രസ്ഥാനമാണ് ഭരതകല തീയറ്റേഴ്സ്.  അമേരിക്കയിലെ ഒട്ടേറെ നഗരങ്ങളിൽ ഇതിനോടകം 'എഴുത്തച്ഛൻ' വിജയകരമായി അവതരിപ്പിച്ചിട്ടുണ്ട്.  ഇതിനുപുറമെ ലോസ്റ്റ് വില്ല, പ്രണയാർദ്രം, സൂര്യപുത്രൻ, സൈലന്റ് നൈറ്റ് എന്നി നാടകങ്ങളും അവർ വേദികളിൽ അവതരിപ്പിച്ചുണ്ട്.

കലാപരിപാടികൾക്ക് കൾച്ചറൽ കമ്മിറ്റി ചെയർ ശ്രീ.സന്ദീപ് ബാലനും, ലിറ്ററി ഫെസ്റ്റിവലിന്  യൂത്ത് ഫോറം ചെയർ ശ്രീമതി.ഷാഹിന കൊഴശ്ശേരിയും നേതൃത്വം നൽകി. ശ്രീമതി സുമ ശിവപ്രസാ




ദ്  പരിപാടിയുടെ അവതാരിക ആയി പ്രവർത്തിച്ചു. കലോത്സവത്തിന്റെ വിജയത്തിനായി അഹോരാത്രം പരിശ്രമിച്ച എല്ലാ ഭരണസമിതി അംഗങ്ങൾക്കും, വളണ്ടിയർമാർമാരും, സ്പോൺസർമാർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചു കൊണ്ടാണ് കാൻ കലോത്സവം 2025  ന് തിരശ്ശീല വീണത്.
















# JOYFUL HOME CARE

Caring for your loved ones with a joyful spirit

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

24/7 Service Available

631-737-1000

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423

*Joy Mekkatte, CEO*

SERVING SUFFOLK NASSAU AND QUEENS COUNTY

# JOYFUL CAREER CENTER

Joyful Career Center

Joyful Career Center is a DOE-licensed school

**Do you want to change your Caregiver from PA to PCA?**

Apply Online or Call Today!

www.joyfulcareercenter.com
info@joyfulcareercenter.com

*PCA, HHA & CNA CERTIFICATION PROGRAM*

631-935-0440
1344 Middle Country Rd
Centereach, NY 11720

# എമ്പുരാൻ’ സിനിമയിലെ രാഷ്ട്രീയം സംഘപരിവാർ ശക്തികളെ പ്രകോപിപ്പിക്കുന്നു




**എ.എസ് ശ്രീകുമാർ**

മലയാള സിനിമാ ചരിത്രത്തിലെ ഏറ്റവും വലിയ ഹൈപ്പിൽ റിലീസ് ചെയ്ത മോഹൻലാൽ-പൃഥ്വിരാജ് ചിത്രം എമ്പുരാനെ കുറിച്ച് സമ്മിശ്ര പ്രതികരണങ്ങളാണ് പുറത്ത് വരുന്നതിനിടെ  മോഹൻലാലിനും പൃഥ്വിരാജിനും എതിരെ നടക്കുന്ന സൈബർ ആക്രമണം വലിയ ടിസ്റ്റായിരിക്കുകയാണ്. ഗുജറാത്ത് കലാപം അടക്കമുള്ള വിഷയങ്ങൾ ചിത്രത്തിൽ വന്നതോടെയാണ് സംഘപരിവാർ അനുകൂലികൾ സോഷ്യൽ മീഡിയയിൽ മോഹൻലാലിനും പൃഥ്വിക്കും എതിരെ വിദ്വേഷ വാക്കുകൾ നാവിൽ തൊടുത്തിരിക്കുന്നത്. എന്നാൽ ഈ സൈബർ ആക്രമണങ്ങൾക്കിടയിലും എമ്പുരാൻ ബോക്സ് ഓഫീസ് കുതിപ്പ് തുടരുന്നുവെന്നതിൽ അവരുടെ മാർക്കറ്റിങ് വിഭാഗം ആഹ്ലാദത്തിലാണ്. ഈ വിവാദം കൂടുതൽ ജനങ്ങളെ തീയേറ്ററിലെത്തിക്കുമെന്നും അവർ കരുതുന്നു.

വിവാദങ്ങൾക്ക് ക്ലാപ്പടിച്ച പശ്ചാത്തലത്തിൽ സിനിമയുടെ 17 ഭാഗങ്ങൾ നിർമാതാക്കൾ തന്നെ എഡിറ്റ് ചെയ്തിട്ടുണ്ട്. സിനിമ സെൻസർ ബോർഡിന്റെ മുന്നിലെത്തിയപ്പോൾ രണ്ട് ഭാഗങ്ങളിലാണ് കത്രിക വച്ചത്. സ്ത്രീകളെ ആക്രമിക്കുന്ന 6 സെക്കന്റ് നീളുന്ന രംഗവും ദേശീയ പതാകയെ അപമാനിക്കുന്ന 4 സെക്കന്റ് നീളമുള്ള ഭാഗവും മാത്രമാണ് സെൻസർ ചെയ്തത്. എമ്പുരാന്റെ എഡിറ്റ് ചെയ്ത വേർഷൻ അടുത്ത ആഴ്ച പ്രദർശനത്തിനെത്തും. എന്തായാലും എമ്പുരാൻ രാഷ്ട്രീയ വിവാദങ്ങളുടെ ലൊക്കേഷനിലാണ്.

സിനിമയുടെ ഉള്ളടക്കത്തെ കുറിച്ച് പരസ്യ പ്രതികരണങ്ങൾക്ക് ബി.ജെ.പി 'കട്ട്' പറഞ്ഞിരുന്നു. സിനിമയെ സിനിമയായി കാണണമെന്നാണ് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറിയായ എം.ടി രമേശ് പ്രതികരിച്ചത്. എമ്പുരാൻ സിനിമ മോഹൻലാലിനെയും ഗോകുലം ഗോപാലനെയും തകർക്കാനുള്ള ഇടതു ജിഹാദി നീക്കമാണെന്നാണ് മുതിർന്ന ആർ.എസ്.എസ് നേതാവ് എ ജയകുമാർ ഫേസ്ബുക്കിൽ കുറിച്ചത്. പൃഥ്വിരാജും കൂട്ടരും ചതിച്ചത് നമ്മുടെ നാടിനെയും ഭരണകൂടത്തെയും ആണ്. എൻ.ഐ.എ പോലുള്ള ദേശീയ അന്വേഷണ ഏജൻസികളുടെ വിശ്വാസ്യത തകർക്കുന്നത് ആർക്കുവേണ്ടിയാണെന്നും ജയകുമാർ ചോദിക്കുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ രാഷ്ട്രീയ വിവാദം സൃഷ്ടിച്ച സിനിമയായി എമ്പുരാൻ മാറുകയാണ്. ഗുജറാത്തിലെ മുസ്ലീം വംശഹത്യ തുറന്നു കാണിച്ചതിനാണ് ഹിന്ദുത്വ വാദികൾ എമ്പുരാനെതിരെ പ്രചാരണം അഴിച്ചുവിട്ടിരിക്കുന്നത്. ചിത്രം ബഹിഷ്കരിക്കാനും സംഘപരിവാർ ആഹ്വാനം ചെയ്യുന്നു. അവർ താരങ്ങളുടെ സമൂഹമാധ്യമ പോസ്റ്റുകൾക്ക് താഴെ അസഭ്യവർഷവും അധിക്ഷേപ പരാമർശങ്ങളും നടത്തുന്നു.

എമ്പുരാന്റെ ക്യാൻസൽ ചെയ്ത ടിക്കറ്റുകൾ പങ്കുവെച്ചും, പൃഥ്വിരാജിനെതിരെ ഫേസ്ബുക്ക് കുറിപ്പുകളുമായും പലരും രംഗത്തെത്തി. റിസർവ് ചെയ്ത ടിക്കറ്റുകൾ ക്യാൻസൽ ചെയ്യണമെന്ന് സംഘപരിവാർ ഹാൻഡിലുകൾ ആഹ്വാനം ചെയ്യുന്നു.

എമ്പുരാൻ ഹിന്ദു വിരുദ്ധ, ഇന്ത്യാ വിരുദ്ധ സിനിമയാണെന്ന് ആർ.എസ്.എസ് മുഖവാരിക ഓർഗനൈസർ പറയുന്നു. നായകൻ മോഹൻലാലിനും സംവിധായകൻ പൃഥ്വിരാജിനും തിരക്കഥാകൃത്ത് മുരളി ഗോപിക്കുമെതിരെ രൂക്ഷ വിമർശമാണ് ഓർഗനൈസർ അഴിച്ചുവിട്ടത്. ''എമ്പുരാൻ വെറുമൊരു സിനിമയല്ല. ഇതിനകം തന്നെ തകർന്ന ഇന്ത്യയെ കൂടുതൽ വിഭജിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന ഹിന്ദു വിരുദ്ധ, ബിജെപി വിരുദ്ധ ആഖ്യാനം പ്രചരിപ്പിക്കുന്നതിനുള്ള മാധ്യമമാണിത്. ചിത്രത്തിൽ മോഹൻലാലിന്റെ പങ്കാളിത്തം അദ്ദേഹത്തിന്റെ ആരാധകരോടുള്ള വഞ്ചനയാണ്. കൂടാതെ പൃഥ്വിരാജ് സുകുമാരന്റെ രാഷ്ട്രീയ അജണ്ട ഓരോ ഫ്രെയിമിലും വ്യക്തമാണ്...'' ഓർഗനൈസറിലെ ആക്ഷേപം ഇങ്ങനെ ട്രോളി ഷോട്ടായി പോകുന്നു.

ഗുജറാത്ത് കലാപം ചൂണ്ടിക്കാട്ടി സിനിമ ഉയർത്തുന്ന ക്ലോസ് അപ വിമർശനങ്ങളാണ് സംഘപരിവാറുകാർക്ക് ചൊറിച്ചിലുണ്ടാക്കിയത്. സോഷ്യൽ മീഡിയയിൽ എമ്പുരാനെതിരെ ഇടവേളകളില്ലാതെ ബോയ്കോട്ട് ക്യാംപെയിൻ അരങ്ങു തകർക്കുന്നുണ്ട്. എമ്പുരാൻ പറഞ്ഞുവെച്ച ആന്റി സംഘപരിവാർ രാഷ്ട്രീയമാണ് അവരുടെ ഉറക്കംകെടുത്തിയിരിക്കുന്നത്. 2002-ൽ ഗുജറാത്തിൽ നടന്ന വർഗീയ കലാപം ഇന്ത്യയുടെ ചരിത്രത്തിലെ കറുത്ത ഏടുകളിൽ ഒന്നാണ്. അയോധ്യാ സന്ദർശനത്തിനു ശേഷം സബർമതി എക്സ്പ്രസിൽ മടങ്ങി പോയ്ക്കൊണ്ടിരുന്ന കാർസേവകർ ഉൾപ്പെടെ 58 പേർ കൊല്ലപ്പെട്ട ഗോധ്ര തീവണ്ടി കത്തിക്കൽ കേസിനെ തുടർന്നാണ് കലാപങ്ങളുടെ ആരംഭം.

കലാപങ്ങളിൽ 790 മുസ്ലിംകളും 254 ഹിന്ദുക്കളും കൊല്ലപ്പെടുകയും 223 പേരെ കാണാതാവുകയും 2500-ഓളം പേർക്ക് പരുക്കേൽക്കുകയും ചെയ്തു എന്നാണ് ഔദ്യോഗിക കണക്ക്. എന്നാൽ ഈ കലാപത്തിൽ ഏതാണ്ട് രണ്ടായിരത്തോളം ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അനൗദ്യോഗിക കണക്കുകൾ പറയുന്നു. കൊലപാതകങ്ങൾ കൂടാതെ കൊള്ളയും ബലാത്സംഗങ്ങളും ഈ കലാപത്തിൽ അരങ്ങേറിയിരുന്നു. കലാപം നടക്കുന്ന വേളയിൽ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദി, പരോക്ഷമായി ഈ കലാപത്തിനു നേതൃത്വം നൽകിയിരുന്നുവെന്ന് അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നത്.

ഗുജറാത്ത് കലാപത്തെക്കുറിച്ച് അന്വേഷിക്കാൻ സുപ്രീം കോടതി നിയോഗിച്ച പ്രത്യേക അന്വേഷണ കമ്മീഷൻ നരേന്ദ്ര മോദിക്ക് ക്ലീൻ ചിറ്റ് നൽകി. കൂടാതെ, കലാപം തടയാൻ ഗുജറാത്ത് സർക്കാർ യാതൊന്നും ചെയ്തതുമില്ല എന്ന ആരോപണവും പ്രത്യേക അന്വേഷണ കമ്മീഷൻ നിരാകരിച്ചു. പ്രത്യേക അന്വേഷണ സംഘത്തിനെതിരേ, ഗുജറാത്ത് കലാപത്തിലെ നിർണ്ണായകമായ തെളിവുകൾ ഒളിപ്പിച്ചു എന്ന ആരോപണം ഉയർന്നു വന്നു. പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിൽ സുപ്രീം കോടതി സംതൃപ്തി രേഖപ്പെടുത്തിയിരുന്നു. കൂടാതെ മോദിക്ക് ക്ലീൻ ചിറ്റ് നൽകിയതിനെതിരേ സമർപ്പിച്ചിരുന്ന ഒരു ഹർജിയും കോടതി തള്ളി. ഒരു വർഗ്ഗീയ സംഘർഷമായിരുന്നുവെങ്കിലും അത് ഒരു പ്രത്യേക മത വിഭാഗത്തെയോ വംശീയ വിഭാഗത്തെയോ കൊന്നൊടുക്കുകയോ ദ്രോഹിക്കുകയോ ലക്ഷ്യമാക്കി നടത്തിയ ഹിംസാത്മകമായ കലാപമായിട്ടാണ് ഗുജറാത്ത് കലാപത്തെ രേഖപ്പെടുത്തിയിരിക്കുന്നത്. ഗുജറാത്ത് കലാപത്തെ ഒരു വംശഹത്യ ആയിട്ടു തന്നെ കാണുന്നവരും ഉണ്ട്.




ഉത്തരേന്ത്യയിൽ നിന്നാണ് എമ്പുരാന്റെ കഥ ആരംഭിക്കുന്നത്. ഗുജറാത്ത് കലാപത്തിന്റെ ഫ്ളാഷ്ബാക്കുകൾ അടയാളപ്പെടുത്തുന്ന ഫ്രെയിമുകൾ ചിത്രത്തിലുണ്ട്. ബാബ ബജ്റംഗിയെന്നാണ് ചിത്രത്തിലെ പ്രധാന വില്ലൻ കഥാപാത്രത്തിന്റെ പേര്. ഗുജറാത്ത് കലാപത്തിന്റെ സൂത്രധാരനെന്ന് ആരോപിക്കപ്പെടുന്ന ബജ്റംഗ് ദൾ ഗുജറാത്ത് ഘടകത്തിന്റെ നേതാവ് ബാബു ബജ്റംഗിയെന്ന് അനുയായികൾ വിളിക്കുന്ന ബാബു ഭായ് പട്ടേലിന് ഈ പേരിനോട് സാമ്യമുണ്ട്. മുസ്ലീങ്ങൾ ദയ കാണിക്കാൻ യോഗ്യരല്ലെന്ന് ഇയാൾ പറയുന്നു. ഇതിനെല്ലാം എതിരെയാണ് മോഹൻലാലിന്റെ അബ്റാം ഖുറേഷി അഥവ സ്റ്റീഫൻ നെടുമ്പള്ളി പൊരുതുന്നത്.

സിനിമയിലെ ഒരു പ്രധാന സീനിൽ, വില്ലൻ കഥാപാത്രമായ ബൽരാജിന്റെ കൂട്ടാളികൾ ഗർഭിണിയായ ഒരു മുസ്ലീം സ്ത്രീയെ ആക്രമിക്കുന്നുണ്ട്. ഈ രംഗം ഗുജറാത്ത് കലാപത്തിന്റെ കറുത്ത അധ്യായങ്ങളിൽ ഒന്നായ നരോദ പാട്യ കൂട്ടക്കൊലയെ ഓർമ്മിപ്പിക്കുന്നതാണ്. ഗുജറാത്തിൽ കലാപം ഏറ്റവും കൂടുതൽ നാശം വിതച്ച പ്രദേശങ്ങളിൽ ഒന്നാണ് നരോദ. നരോദ പാട്യയിൽ 97 പേരും, തൊട്ടടുത്തുള്ള നരോദ ഗാവിൽ 11 പേരുമാണ് അതിക്രൂരമായി കൊലചെയ്യപ്പെട്ടത്. നരോദ പാട്യ കൂട്ടക്കൊലയുടെ മുഖ്യ സൂത്രധാരനായി കണ്ടെത്തിയതിനെ തുടർന്ന് പ്രത്യേക കോടതി ബാബു ബജ്റംഗിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചെങ്കിലും 2019 മാർച്ചിൽ സുപ്രീം കോടതി ഇദ്ദേഹത്തിന് ആരോഗ്യപരമായ കാരണങ്ങളാൽ ജാമ്യം അനുവദിക്കുകയായിരുന്നു.

ബാബ ബജ്റംഗി കേരളത്തിലേക്ക് ചുവടുറപ്പിക്കുന്നതും പിന്നീട് മറ്റൊരു പ്രധാന കഥാപാത്രത്തെ തീവ്ര വലതുപക്ഷ രാഷ്ട്രീയത്തിലേക്ക് അടുപ്പിക്കുന്നതുമാണ് എമ്പുരാന്റെ പ്രമേയം. ഇന്ത്യയെന്ന സെക്യുലർ രാജ്യത്തെ മുഴുവനായി വിഴുങ്ങിക്കൊണ്ടിരിക്കുന്ന തീവ്ര വലതുപക്ഷ ശക്തിയെയാണ് എമ്പുരാൻ എസ്റ്റാബ്ളിഷിങ് ഷോട്ടുകളിലൂടെ വിമർശിക്കുന്നത്. രാജ്യത്തെ പ്രത്യേകിച്ച് കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ പ്രശ്നങ്ങളെയും സിനിമ സൂം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഗുജറാത്ത് കലാപത്തിന്റെ ഭീകരതയെ പൂർണമായി അവതരിപ്പിക്കുന്നില്ലെങ്കിലും, അതിലെ ചില സൂചനകൾ ഇപ്പോൾ ചർച്ചയാക്കുന്നതിന് പിന്നിൽ സംഘി അജണ്ടയുണ്ട്.

സിനിമ എന്താണെന്ന് വിലയിരുത്തേണ്ടത് അത് കാണുന്ന ആസ്വാദകരാണ്. സിനിമകൾ എക്കാലത്തും ആനുകാലിക രാഷ്ട്രീയം ചർച്ച ചെയ്യാറുണ്ട്. അത് രാഷ്ട്രീയ പാർട്ടികൾക്ക് ദഹിക്കുന്നതായിരിക്കില്ല. സിനിമ സിനിമയുടെ വഴിക്കും പാർട്ടി പാർട്ടിയുടെ വഴിക്കും പോകുന്നതാണ് നല്ലത്. വികലമായ രാഷ്ട്രീയ വ്യാഖ്യാനങ്ങൾക്ക് പകരം ക്രിയാത്മക വിമർശനങ്ങളാവാം. മോഹൻലാലിന്റെ മുൻകാല നിലപാടുകളെ വിമർശിക്കുന്നവരും, എമ്പുരാനിലെ അദ്ദേഹത്തിന്റെ പരാഷ്ട്രീയ നിലപാടിനെ ചോദ്യം ചെയ്യുന്നവരുമുണ്ട്. പൃഥ്വിരാജിന്റെ ധീരമായ ശ്രമത്തെ പ്രശംസിക്കുന്നവരും, സിനിമയുടെ പ്രമേയത്തെ പിന്തുണയ്ക്കുന്നവരും കുറവല്ല. എതായാലും എമ്പുരാൻ ബോക്സോഫീസിൽ തകർക്കുമ്പോൾ കേരളത്തിലെ സാമൂഹികാന്തരീക്ഷം രാഷ്ട്രീയ ചർച്ചകളാൽ മുഖരിതമാണ്.

ദി എൻഡ്...



THE BIGGEST JEWELLERY SALE
FLAT
50%
OFF
ON MAKING CHARGES
FOR GOLD, DIAMONDS, POLKI & PRECIOUS JEWELLERY
EASY PAYMENT PLANS
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
NEW JERSEY
HOUSTON
CHICAGO
DALLAS

# തീയറ്ററുകളെ പ്രകമ്പനം കൊള്ളിപ്പിച്ചു എമ്പുരാൻ;

## യൂത്ത് ഓഫ് ഡാളസിന്റെ നേതൃത്തിലുള്ള ഫാൻസ് ഷോ വിജയകരമായി




മാർട്ടിൻ വിലങ്ങോലിൽ

ഡാളസ്: ഡാളസിലെ ലൂയിസ്‌വില്ലിലുള്ള സിനിമാർക് കോംപ്ലക്സ് ഒരു കൊച്ചു കേരളക്കരയാക്കിയാണ് എമ്പുരാൻ റീലിസ് ചെയ്തത്. അമേരിക്കയിൽ ഒരു ഇന്ത്യൻ സിനിമക്ക് ഒരു ഗംഭീര വരവേൽപ്പ് ലഭിക്കുന്നത് ഇതാദ്യം. യൂത്ത് ഓഫ് ഡാളസിന്റെ നേതൃത്തിലായിരുന്നു ഇവിടെ ഫാൻസ് ഷോക്കു നേതൃത്വം നൽകിയത്.

ലൂയിസ്‌വിൽ സിനിമാർക് തീയറ്റർ കോംപ്ലെക്സിലെ 14 തീയറ്ററുകളിൽ 13 തീയറ്ററുകളിലും ഒന്നിച്ചാണ് റിലീസ് ദിനത്തിൽ എമ്പുരാന്റെ ആദ്യ ഷോകളുടെ പ്രദർശനം നടന്നത്. പ്രീ ബുക്കിങ്ങിന്റെ ആദ്യ ദിനത്തിൽ തന്നെ നാല് തിയേറ്ററുകളിലെ ടിക്കറ്റുകൾ മൊത്തമായി ഫാൻസ് വാങ്ങിയിരുന്നു.

കേരളത്തിലെ മെഗാസൂപ്പർ ഹിറ്റു പടങ്ങളുടെ നേർക്കാഴ്ചയെന്നോണം തീയറ്റർ പരിസരം ചെണ്ടമേളവും ആരവങ്ങളുമായി ഉത്സവപ്രതീതിയിലാണ്ടു. ലാലേട്ടൻ ഫാൻസിന്റെ 'തനിഷോ' യാണ് പിന്നീട് തീയറ്റർ കോംപ്ലക്സിൽ അരങ്ങേറിയത്.

വിവിധ മലയാളി കൂട്ടായ്മകളുടെ നൃത്ത പരിപാടികളും, ഗാനമേളയും, യൂണിവേഴ്സിറ്റി ഓഫ് ഡാളസ് മലയാളി വിദ്യാർഥി കൂട്ടായ്മയുടെ ഫ്ലാഷ് മോബ് തുടങ്ങി വിവിധ ആഘോഷങ്ങളുമായി തിയേറ്റർ കോംപ്ലക്സ് മുഴുവൻ ലാലേട്ടൻ ആരാധകരെ കൊണ്ട് നിറഞ്ഞു. ആട്ടം ഓഫ് ഡാളസ് ചെണ്ടമേളം ആരവങ്ങൾക്കു അകമ്പടിയേന്തി. എമ്പുരാൻ പ്രിന്റഡ് ടീഷർട്ടിണിഞ്ഞും കറുത്ത ഷർട്ടും കറുത്ത മുണ്ടും വേഷമണിഞ്ഞും ആയിരുന്നു യുവാക്കൾ ഫാൻഷോ ആഘോഷിക്കാൻ എത്തിയത്. തീയേറ്ററിൽ സ്ഥാപിച്ച മോഹൻലാൽ കട്ടൗട്ടിന് മുൻപിൽ ഫോട്ടോ എടുക്കുന്നതിനും തിരക്കായിരുന്നു.

കരോൾട്ടൻ സിറ്റി മേയർ സ്റ്റീവ് ബാബിക് , പ്രൊ ടെം മേയർ റിച്ചാർഡ് ഫ്ലെമിംഗ് എന്നിവരും പ്രത്യേക ക്ഷണം സ്വീകരിച്ചു ഫാൻസ് ഷോ ഉദ്ഘാടനത്തിനെത്തി. നിരവധി മലയാളി പ്രസ്ഥാനങ്ങളും ഫാൻഷ്ഷോ കൊഴുപ്പിക്കാനായി സ്പോൺസർമാരായി യൂത്ത് ഓഫ് ഡാളസിന്റെ പിന്തുണച്ചു. അമേരിക്കയുടെ ചരിത്രത്തിൽ ഇതാദ്യാമായിരുന്നു ഒരു മലയാള ചിത്രത്തിന് ഫാൻസ് ഷോ സംഘടിപ്പിച്ചു വരവേൽപ്പു നൽകുന്നത്.

യൂത്ത് ഓഫ് ഡാളസിന്റെ നേതൃത്വത്തിൽ മോഹൻലാൽ ഫാൻസ് ആണ് ആദ്യഷോ ആരാധകർക്കായി ഇത്രയേറെ തയ്യാ

റെടുപ്പുകളോട് ഒരുക്കിയത്. ജയ് മോഹൻ, ജിജി പി സ്കറിയ എന്നിവർക്കൊപ്പം, ബിജോയ് ബാബു, ടിന്റു ധൊരെ, ടോം ജോർജ്, തോമസ്കുട്ടി ഇടിക്കുള, ഫിലിപ്സൺ ജയിംസ്, ടിജോ ചങ്ങങ്കരി, ഷിനോദ് ചെറിയാൻ ,ജെയിംസ് ,ജോബിൻ, ലിജോ ,ടിജോ തോമസ്, ദീപക് ജോർജ്, കെവിൻ മാത്യു എന്നിവർ സംഘാടക കമ്മറ്റിയിൽ നിപ്രവർത്തിച്ചു.

ഫാൻസ് ഷോ വൻ വിജയമായിരുന്നു എന്ന് ജിജി സ്കറിയ പറഞ്ഞു. സ്പോൺസർമാർക്കും ആഘോഷങ്ങളിൽ സഹകരിച്ചവർക്കും സംഘാടകർ നന്ദി രേഖപ്പെടുത്തി.






















LAWSON travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# ദ്രാവിഡ മുന്നേറ്റത്തിന്റെ ഫലം കാണാതെപോയ മറ്റൊരു വിഭജന വാദം



(സുരേന്ദ്രൻ നായർ)

ലോകത്ത് ഇന്ന് നിലനിൽക്കുന്ന ഭരണ സമ്പ്രദായങ്ങളിൽ ഏറ്റവും അനുയോജ്യവും താരതമ്യേന കൂടുതൽ ജനക്ഷേമം ഉറപ്പുവരുത്തുന്നതുമായ ഭരണക്രമമാണ് ജനാധിപത്യം. ആ പാതയിൽ നാല് നൂറ്റാണ്ടോളം സഞ്ചരിച്ച അമേരിക്കയും എട്ടു പതിറ്റാണ്ടോളം പിന്നിട്ട ഇന്ത്യയും ഉറച്ച ജനാധിപത്യ മാതൃകകളാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയകരമായ തുടർച്ചയിൽ ജനപ്രതിനിധി സഭകളും എക്സിക്യൂട്ടീവും നീതിന്യായ വ്യവസ്ഥയും അവയുടെ പരസ്പര പൂരകമായ പ്രവർത്തനങ്ങളും തെരഞ്ഞെടുപ്പ് കമ്മീഷൻ,കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ തുടങ്ങിയ സ്വതന്ത്ര ഭരണഘടന സ്ഥാപനങ്ങളും നിർണ്ണായകമായ പങ്ക് വഹിക്കുന്നു. കൃത്യമായ ഇടവേളകളിൽ ജനഹിതം പരിശോധിക്കുന്ന തെരഞ്ഞെടുപ്പുകൾ നിക്പക്ഷമായും നീതിയുക്തമായും നിർവ്വഹിക്കുന്നതിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും അനുബന്ധ സ്ഥാപനങ്ങളും ഭരണഘടനാപരമായി ബാധ്യസ്ഥവുമാണ്.എന്നാൽ കക്ഷിരാഷ്ട്രീയത്തിന്റെ പേരിൽ ഭരണഘടന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും വിമർശിക്കുന്നതും പാർട്ടി നിയന്ത്രണ ജനാധിപത്യത്തിൽ സാധാരണമാണ്.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുബന്ധ സ്ഥാപനമായ ദേശിയ നിയോജക മണ്ഡല പുനർനിർണ്ണയ സമിതിയുടെ (Delimitation Commission of India) ശുപാർശകളും കേന്ദ്രസർക്കാരിന്റെ തുടർനടപടികളുമാണ് ഇന്ത്യയിൽ ഇപ്പോൾ വിവാദമായിരിക്കുന്നത്.

ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്ക് ആയി അറുപത്തിയെട്ടു സംവത്സരങ്ങൾ പിന്നിട്ടെങ്കിലും ഭാരതത്തിന്റെ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങളായ തുല്യ നീതിയും അവസര സമത്വവും ഉറപ്പാക്കുന്ന പല നടപടികളും ഇനിയും ബാക്കിനിൽക്കുന്നു. കാശ്മീരിനെ ഇന്ത്യയിലെ ഏതൊരു പൗരനും അവകാശപ്പെട്ട ഭൂമിയാക്കി മാറ്റിയ നിയമനിർമ്മാണവും ഒരു പുരുഷന് നിയമത്തെ ബോധ്യപ്പെടുത്താവുന്ന യാതൊരു കാരണവും കൂടാതെ മതത്തിന്റെ പേരിൽ തന്റെ ഭാര്യയെ ഉപേക്ഷിക്കാനും അവർക്കു ജീവിക്കുവാനുള്ള ധനസഹായം നിഷേധിക്കുവാനും ഉണ്ടായിരുന്ന നിയമം റദ്ദുചെയ്തതും പുതിയ പ്രതീക്ഷകൾ തന്നെയാണ്. വൈദേശിക അടിമത്വം ഇന്ത്യയിൽ അവശേഷിപ്പിച്ച അധികാര ചിഹ്നങ്ങളുടെ നിർമ്മാർജ്ജനവും, എല്ലാ പൗരന്മാർക്കും ഒരേപോലെ ബാധകമാ





**കേന്ദ്രസർക്കാരിന്റെ പുതിയ പാഠ്യ പദ്ധതിയായ ത്രിഭാഷാ നയത്തെ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കുമ്പോളും അന്ധമായ ഹിന്ദി വിരുദ്ധതയുടെ പേരിൽ സാധാരണക്കാർ പഠിക്കുന്ന വിദ്യാലയങ്ങളിൽ തമിഴും ഇംഗ്ലീഷും മാത്രമേ പഠിപ്പിക്കൂ എന്ന മറ്റൊരു വിവാദത്തിനു സ്റ്റാലിൻ തിരികൊളുത്തിയിട്ടുണ്ട്.**

കുന്ന സിവിൽ നിയമനിർമ്മാണവും, വഖഫിന്റെ മറവിൽ സാധാരണക്കാരന്റെ സ്വത്തവകാശം നിഷേധിക്കുന്നതിനെ നിയമം മൂലം നിരോധിക്കുക തുടങ്ങിയ പല നിയമനിർമ്മാണങ്ങളും ഇപ്പോഴും സർക്കാരിന്റെ പരിഗണയിലാണ്.

മേല്പറഞ്ഞ കാര്യങ്ങളിൽ പാർലമെന്റ് നിയമം നിർമ്മിച്ചാലും എതിർപ്പുള്ളവർക്കു കോടതികളുടെ പുനഃപരിശോധനക്ക് വിധേയമാക്കാവുന്നതാണ് എന്നാൽ ഇവിടെ നിയോജക മണ്ഡല പുനർനിർണയം കോടതികൾക്ക് ഇടപെടാൻ കഴിയാത്ത ഭരണഘടന അധികാരത്താൽ പുനര്നിര്ണ്ണയ കമ്മീഷനിലും ജനപ്രതിനിധി സഭകളിലും മാത്രം നിക്ഷിപ്തമായ കാര്യമാണ്. ഇത്തരമൊരു കമ്മീഷൻ ആദ്യമായി നിലവിൽ വരുന്നത് 1951 ലാണ്. സുപ്രിം കോടതിയിലെ ഒരു ജഡ്ജി അധ്യക്ഷനാകുന്ന ആ സമിതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതിനിധിയും ഉണ്ടാകും. രാജ്യത്തെ എല്ലാ പൗരന്മാർക്കും തുല്യമായ പ്രാതിനിധ്യ സ്വഭാവം ഉറപ്പുവരുത്തി ജനസംഖ്യ മുഖ്യ മാനദണ്ഡമാക്കി രാജ്യത്തെ പാർലമെന്റ് നിയമസഭ മണ്ഡലങ്ങൾ ഒരരോ പത്തു വർഷത്തിലും നടക്കുന്ന ജനസംഖ്യ കണക്കെടുപ്പിന്റെ അടിസ്ഥത്തിൽ പുനർക്രമീകരിക്കുക എന്നതാണ് കമ്മീഷന്റെ ജോലി.

ഭരണഘടന തുടക്കത്തിൽ ലക്ഷ്യമിട്ടതു ലോകസഭയിലെ അംഗസംഖ്യ പത്തുലക്ഷം വോട്ടർമാർക്ക് ഒരു പാർലമെന്റ് പ്രതിനിധി എന്ന കണക്കിൽ സംസ്ഥാനങ്ങൾക്കും കേന്ദഭരണപ്രദേശങ്ങൾക്കുമായി 543 അംഗങ്ങൾ എന്ന രീതിയിലായിരുന്നു. 1951 നുശേഷം നാലു കമ്മീഷനുകളും ഏഴു തവണ ജനസംഖ്യ കണക്കെടുപ്പും ഉണ്ടായിട്ടും പട്ടികജാതി പട്ടിക വർഗ്ഗ സംവരണം മണ്ഡലങ്ങൾ ഉണ്ടായതൊഴികെയുള്ള മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. 2001 ലെ സെൻസസ് പ്രകാരം 2002 ൽ അന്നത്തെ കേന്ദ്രസർക്കാർ കൊണ്ടുവന്ന എണ്പത്തിനാലാം ഭരണഘടന ഭേദഗതി പ്രകാരം 2026 വരെ മണ്ഡലാതിർത്തികൾ മാറ്റുന്നതും 543 എന്ന അംഗസംഖ്യ വർധിപ്പിക്കുന്നതും അടിയന്തിരാവസ്ഥയിൽ അതെ കോൺഗ്രസ് സർക്കാർ മരവിപ്പിക്കുകയുണ്ടായി. ആ

നിയന്ത്രണങ്ങൾ അവസാനിക്കുന്നതോടെ പുതിയ കാനേഷുമാരി പ്രകാരം 2026 മുതൽ മണ്ഡലങ്ങൾ പുനർക്രമീകരിക്കേണ്ടതുണ്ട്.

നിലവിൽ മുൻ സുപ്രിംകോടതി ജഡ്ജി രഞ്ജന പ്രകാശ് ദേശായ് ചെയർമാനും ചീഫ് ഇലക്ശ്ഷൻ കമ്മീഷണർ സുശീൽ ചന്ദ്ര സംസ്ഥാന ചീഫ് ഇലക്ശ്ഷൻ കമ്മീഷണർമാർ എന്നിവർ അംഗങ്ങളുമായിട്ടുള്ള സമിതിയാണ് പുനർ വിഭജന പ്രക്രിയ നടത്തുന്നത്. അവരുടെ നിർദ്ദേശങ്ങൾ പാർലമെന്റും സംസ്ഥാന നിയമസഭകളും അംഗീകരിക്കുന്നതോടെ 2026 മുതൽ നടക്കുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും അത് ബാധകമാകും.

ഓരോ മണ്ഡലത്തിലും വോട്ടർമാരുടെ സംഖ്യയിലുള്ള നിലവിലെ അസന്തുലിതാവസ്ഥ പരിഹരിച്ചും അകെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കും തുല്യമായ അവസരങ്ങൾ നൽകിയും കുടുംബാസൂത്രണം മൂലമോ സ്ത്രീകളുടെ ഫെർട്ടിലിറ്റി നിലവാര വ്യത്യാസം കാരണമോ ഉണ്ടായ ജനസംഖ്യ കുറവ് കണക്കിലെടുത്തും മണ്ഡലങ്ങൾ പരിഷ്കരിക്കുക എന്നതാണ് കമ്മീഷൻ ചെയ്യുന്നത്. 2001 ൽ പരിഷ്കരിച്ച പട്ടികയിൽ അടിസ്ഥാനമാക്കിയ 1971 ലെ വോട്ടർമാരുടെ കണക്കുപ്രകാരം കേരളത്തിൽ പത്തു ലക്ഷം ആളുകൾക്ക് ഒരു പാർലമെന്റ് അംഗം എന്നതായിരുന്നു ഒരു ശരാശരി കണക്കെങ്കിൽ അത് ഉത്തരാഖണ്ഡിൽ ഒരു കോടിയോളവും രാജസ്ഥാനിൽ ആറുകോടിയോളവും ഉത്തർപ്രദേശിൽ ഒരു കോടിയോളവും മഹാരാഷ്ട്രയിലും ഡൽഹിയിലും 24 ലക്ഷത്തോളവുമാണ്. ഇത്ര വലിയൊരു വ്യത്യാസം കാരണം പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ജനങ്ങൾക്ക് അവരുടെ സ്വന്തം എം.പി. എല്ലാക്കാലത്തും അപ്രാപ്യമായ ദൂരത്തു അപരിചിതരായ തുടരുന്നു. വികാസനോന്മുഖമായ ആനുകാലിക സാഹചര്യത്തിൽ ജനപ്രതിനിധികളും വോട്ടർമാരും തമ്മിലുള്ള അകലം കുറക്കേണ്ടതും ആവശ്യമാണ്.

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന പുതിയ നിർദ്ദേശങ്ങൾ രാഷ്ട്രീയ പാർട്ടികളുമായും പൊതുജനങ്ങളുമായും തെരഞ്ഞെടുപ്പ് കമ്മീഷൻ ചർച്ചകൾക്കായി തുടക്കം കുറിച്ചതോടെയാണ്

വിവാദങ്ങൾ തുടങ്ങുന്നത്. നിലവിലുള്ള സീറ്റുകളുടെ എണ്ണം കുറയുമെന്ന് ആശങ്കപ്പെട്ടു കേരളം തമിഴ്നാട് പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങൾ ആദ്യം പ്രതിഷേധം പ്രകടിപ്പിച്ചു.

നിലവിലുള്ള സീറ്റുകൾ ഒന്നും കുറക്കാതെ തന്നെ വലിയ അന്തരമുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ സീറ്റുകൾ അനുവദിക്കാമെന്ന നിർദ്ദേശം മുന്നോട്ടു വച്ചു പ്രശ്നം പരിഹരിക്കാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പുനൽകി.

ഇന്ത്യ സ്വതന്ത്രമായ സമയത്തു ബ്രിട്ടിഷുകാർ ഇന്ത്യ വിട്ടു പോകരുതെന്ന് ആവശ്യപ്പെടുകയും മദ്രാസ് പ്രവിശ്യയെ ഇന്ത്യൻ യൂണിയനിൽ ചേരാതെ ഒരു സ്വതന്ത്ര ദ്രാവിഡ രാജ്യമായി നിലനിർത്താൻ ശ്രമിക്കുകയും ചെയ്ത  ഒരു വിഭാഗത്തിന്റെ ഇന്നത്തെ അമരക്കാരനായ മുഖ്യമന്ത്രി സ്റ്റാലിൻ മണ്ഡല പുനഃക്രമീകരണങ്ങളെ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെ മേലുള്ള വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളുടെ രാഷ്ട്രീയ ആധിപത്യ ശ്രമമാണെന്ന വ്യാജ പ്രചാരണമുയർത്തി പുതിയ വിഘടനവാദങ്ങൾ മുന്നോട്ടുവച്ചു.

കേരളവും കർണാടകവും തെലുങ്കാനയും ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ ചേർത്ത് ഒരു പ്രത്യേക ഗ്രൂപ്പ് ഉണ്ടാക്കി രാജ്യത്തിന്റെ തെരഞ്ഞെടുപ്പ് പരിഷ്കരണ പദ്ധതിക്ക് തടസ്സം സൃഷ്ടിക്കാൻ ശ്രമിച്ചു. ശതകോടികളുടെ അഴിമതി ആരോപണങ്ങൾ നേരിടുന്ന സ്റ്റാലിൻ മന്ത്രിസഭ അഴിമതിയിൽ നിന്നും ജനശ്രദ്ധ തിരിച്ചു വിടാനും കേന്ദ്ര അന്വേഷണ ഏജൻസികളെ പ്രതിരോധിക്കാനും തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പാർലമെന്റ് സീറ്റുകൾ വെട്ടിക്കുറച്ചു ഉത്തരേന്ത്യൻ ആധിപത്യം വരാൻ പോകുന്നുവെന്ന വ്യാജ പ്രചാരണം ആവർത്തിച്ചുകൊണ്ടേയിരുന്നു. അവസാനമായി പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം ചെന്നൈയിൽ വിളിച്ചു ചേർത്ത് അഖിലേന്ത്യ പ്രതിപക്ഷ നിരയിൽ സ്ഥാനമുറപ്പിക്കാൻ നടത്തിയ നീക്കം ലക്ഷ്യം കാണാതെ ഒരു ചാപിള്ളയായി പരിണമിക്കുകയാണുണ്ടായത്.

മുഖ്യ പ്രതിപക്ഷ കക്ഷി നേതാക്കളിൽ ഒരാളും പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുമായ മമത ബാനർജി ഉൾപ്പെടെയുള്ള പ്രമുഖർ ആ നീക്കത്തിൽ നിന്നും അകലം പാലിച്ചത് വലിയ തിരിച്ചടിയായി.മുഖ്യ പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ് ആകട്ടെ  വരാൻ പോകുന്ന ബീഹാർ സംസ്ഥാന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടു അവിടെയുമല്ല ഇവിടെയുമല്ല എന്ന അഴകൊഴമ്പൻ നിലപാടെടുത്തു ചില പ്രസ്താവനകൾ പുറപ്പെടുവിച്ചു സംതൃപ്തിയടഞ്ഞു.

അങ്ങനെ ഭരണഘടനാപരമായി എല്ലാപേരുടെയും ജനാധിപത്യ അവകാശങ്ങൾ ഉറപ്പുവരുത്താൻ കമ്മീഷൻ നടത്തിയ നീക്കത്തെ തുരങ്കം വെക്കാൻ ഉണ്ടാക്കിയ സഖ്യത്തിൽ തമിഴ്നാടും കേരളവും മാത്രമായി ചുരുങ്ങുകയും കാര്യമായ ഒരു ചലനവും ഉണ്ടാക്കാൻ കഴിയാതെ പ്രതിഷേധങ്ങൾ എരിഞ്ഞടങ്ങുകയും ചെയ്തു.

കേന്ദ്രസർക്കാരിന്റെ പുതിയ പാഠ്യപദ്ധതിയായ ത്രിഭാഷാ നയത്തെ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കുമ്പോളും അന്ധമായ ഹിന്ദി വിരുദ്ധതയുടെ പേരിൽ സാധാരണക്കാർ പഠിക്കുന്ന വിദ്യാലയങ്ങളിൽ തമിഴും ഇംഗ്ലീഷും മാത്രമേ പഠിപ്പിക്കൂ എന്ന മറ്റൊരു വിവാദത്തിനു സ്റ്റാലിൻ തിരികൊളുത്തിയിട്ടുണ്ട്. മുഖ്യധാരാ മുന്നേറ്റങ്ങളെ തടസ്സപ്പെടുത്തുന്ന പ്രാചീന സ്വത്വവാദം അവിടെയും അവസാനിക്കുന്ന നാളുകൾ അകലെയല്ല എന്നതാണ് ഇന്നത്തെ തമിഴ് രാഷ്ട്രീയം നൽകുന്ന സൂചനകൾ.



# ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള 2025 ഒരുക്കങ്ങൾ പൂർത്തിയായി

ചിക്കാഗോ : ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ 5 ന് നടത്തപ്പെടുന്ന കലാമേളയുടെ രെജിസ്ട്രേഷൻ അവസാനിച്ചു .മുൻകാലങ്ങളിലെപ്പോലെ ഇത്തവണയും വളരെ ആവേശപൂർവ്വമാണ് മത്സരാർത്ഥികൾ കലാമേളയിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്തിരിക്കുന്നത് .

അസോസിയേഷൻ ആഫീസിൽ കൂടിയ കലാമേള സംഘാടക സമിതി ഇതുവരെയുള്ള ഒരുക്കങ്ങൾ വിലയിരുത്തി.പ്രസിഡന്റ് ജെസ്സി റിൻസി,വൈസ് പ്രസിഡന്റ് ഫിലിപ്പ് ലൂക്കോസ് ,സെക്രട്ടറി ആൽവിൻ ഷിക്കോർ ,ട്രെഷറർ മനോജ് അച്ചേട്ട് ,ജോയിന്റ് ട്രെഷറർ സിബിൽ ഫിലിപ്പ് എന്നിവർ യോഗത്തിനു നേതൃത്വം നൽകി.

രെജിസ്ട്രേഷൻ , കലാമേള നടത്തിപ്പിനെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കൺവീനർ സാറ അനിൽ വിശദീകരിച്ചു.ഇത്തവണ മൂന്ന് വിഭാഗങ്ങളിലും ( സബ് ജൂനിയർ ,ജൂനിയർ,സീനിയർ )ഉയർന്ന സ്കോർ നേടുന്നവർക്ക് റൈസിംഗ് സ്റ്റാർ ട്രോഫികൾ നൽകുന്നതായിരിക്കും.സബ് ജൂനിയർ ,ജൂനിയർ വിഭാഗങ്ങളിൽ കലാതിലകം,കലാപ്രതിഭാ പട്ടങ്ങൾ നേടുന്നവർക്ക് തൊട്ടു പിന്നിൽ സ്കോർ ലഭിക്കുന്നവർക്കാണ് റൈസിംഗ് സ്റ്റാർ ട്രോഫികൾ ലഭിക്കുക.മത്സര ഫലങ്ങളെ സംബന്ധിച്ച വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. ഫലങ്ങളെ സംബന്ധിച്ച് പരാതിയുള്ളവർക്ക് നിശ്ചിത ഫോറത്തിൽ പരാതി പരിഹാര സമിതിക്കു പരാതി നൽകാവുന്നതാണ് .മത്സര വേദികൾ, സമയക്രമം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ഏപ്രിൽ മാസം 2 ന് ചിക്കാഗോ മലയാളി അസോസിയേഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് .




മത്സര വിജയികൾക്ക് അപ്പപ്പോൾ തന്നെ ട്രോഫികൾ നല്കുന്നതിനായി വിപുലമായ ട്രോഫി കമ്മറ്റി പ്രവർത്തിക്കുന്നു.വർഗീസ് തോമസ്,ഷൈനി ഹരിദാസ് ,സൂസൻ ചാക്കോ,ബീന ജോർജ്,ജയ്മോൾ ചെറിയാൻ,ലവ്‌ലി വർഗീസ് ,അനിത ഡാനിയേൽ ,ഗ്രേസി വാച്ചാച്ചിറ ,സുഷ ബൈജു ജോസ്,ജോസ് ചെറിയാൻ എന്നിവരുൾപ്പെട്ട ട്രോഫി കമ്മറ്റി, പ്രവർത്തനങ്ങൾ ആരംഭിച്ചതായി അറിയിച്ചു.




ഇത്തവണ കലാമേളയോടനുബന്ധിച്ച് പുറത്തിറക്കുന്ന സുവനീറിനെ സംബന്ധിച്ച് പബ്ലിസിറ്റി കൺവീനർ ബിജു മുണ്ടക്കൽ യോഗത്തിൽ വിശദീകരിച്ചു.സുവനീറിൽ പരസ്യങ്ങൾ നൽകിയ എല്ലാ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അസോസിയേഷൻ ഭാരവാഹികൾ നന്ദി രേഖപ്പെടുത്തി. ചിക്കാഗോ മലയാളി അസോസിയേഷന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന ബുക്ക് മാർക്കിന്റെ പ്രകാശനം പ്രസിഡന്റ് ജെസ്സി റിൻസി നിർവ്വഹിച്ചു.

ഇത്തവണത്തെ കലാമേള ഒരു വൻ വിജയമാക്കുവാൻ എല്ലാ മലയാളി സുഹൃത്തുക്കളോടും യോഗം അഭ്യർത്ഥിച്ചു.ജോസ് മണക്കാട്ട് ,വർഗീസ് തോമസ്, ഷൈനി ഹരിദാസ്, പ്രിൻസ് ഈപ്പൻ എന്നിവർ സംസാരിച്ചു.

# ഫാമിലി & യൂത്ത് കോൺഫറൻസ് കിക്കോഫ് വാഷിംഗ്ടൺ ഡി. സി. സെയിന്റ് ഗ്രിഗോറിയോസ് ഇടവകയിൽ




**ഉമ്മൻ കാപ്പിൽ**

വാഷിംഗ്ടൺ, ഡിസി, മാർച്ച് 23, 2025 ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഫാമിലി/യൂത്ത് കോൺഫറൻസ് കിക്കോഫും രജിസ്ട്രേഷനും മാർച്ച് 23 ഞായറാഴ്ച വാഷിംഗ്ടൺ ഡി. സി. സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ നടന്നു.

ഫിലിപ്പ് തങ്കച്ചൻ (കോൺഫറൻസ് ഫിനാൻസ് മാനേജർ), ഷെറിൻ എബ്രഹാം (ജോയിന്റ് സെക്രട്ടറി), അനിത ഫിലിപ്പ് (രജിസ്ട്രേഷൻ കമ്മിറ്റി), ബിന്ദു റിനു (ഫിനാൻസ് കമ്മിറ്റി), മാത്യു ജോഷ്വ (മുൻ ട്രഷറർ) എന്നിവരടങ്ങുന്ന ടീമിനെ പരിചയപ്പെടുത്തിക്കൊണ്ട് പരിപാടി ശ്രദ്ധേയമായി.

കുർബാനയ്ക്ക് ശേഷം ഡോ. ഷെറിൻ എബ്രഹാം കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി. കോൺഫറൻസിന്റെ തീയതി, സ്ഥലം, പങ്കെടുക്കുന്ന വിശിഷ്ട പ്രഭാഷകർ എന്നിവയുൾപ്പെടെ കോൺഫറൻസിനെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ ഡോ. എബ്രഹാം പങ്കുവച്ചു. കോൺഫറൻസിന്റെ രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് ഫിലിപ്പ് തങ്കച്ചൻ വിശദീകരിച്ചു, വ്യക്തികൾക്കും ബിസിനസുകൾക്കും കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനായി ലഭ്യമായ വിവിധ സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ച് മാത്യു ജോഷ്വ എടുത്തുപറഞ്ഞു. കോൺഫറൻസുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന സുവനീറിനെയും എന്റർടൈൻമെന്റ് നെറ്റിനെയും കുറിച്ചുള്ള ആവേശകരമായ വിവരങ്ങൾ ബിന്ദു റിനു പങ്കുവെച്ചു.

ഇടവക വികാരി ഫാ. ലാബി ജോർജ്, എല്ലാ ഇടവകാംഗങ്ങളും എത്രയും വേഗം രജിസ്റ്റർ ചെയ്തുകൊണ്ട് കോൺഫറൻസിനെ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രോത്സാഹജനകമായ ഒരു സന്ദേശം നൽകി.

ഫാമിലി കോൺഫറൻസ് സുവനീറിന് ഇടവകയുടെ സംഭാവന ഭാരവാഹികൾ കോൺഫറൻസ് ടീമിന് കൈമാറി. നിരവധി പേർ സുവനീറിൽ ആശംസകൾ സമർപ്പിച്ചുകൊണ്ട് തങ്ങളുടെ പിന്തുണ അറിയിച്ചു. കോൺഫറൻസിന് പ്രാര്ഥനാപൂർവ്വമായ പിന്തുണ നൽകിയ വികാരിക്കും ഇടവകാംഗങ്ങൾക്കും ഡോ. ഷെറിൻ എബ്രഹാം നന്ദി അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ – നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ

വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'ഠവല ണമ്യ ീള വേല ജശഹഴൃശാ' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും ംംം.ള്യരിലമറ.ീൃഴ സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.













# ഹ്യൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര മെഡിക്കൽ ക്യാമ്പ്




ഹ്യൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ 2025 മാർച്ച് 22 ശനിയാഴ്ച നടന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് മഹിമകൊണ്ടും സഹകരണം കൊണ്ടും വിദഗ്ദ്ധ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റു പരിചയസമ്പന്നരായ ബഹുമുഖ പ്രതിഭകളുടെയും നിസ്സീമമായ സഹകരണം കോണ്ടും ശ്രദ്ധേയമായി. എഴുപതിലധികം രോഗികൾക്ക് മെഡിക്കൽ പരിശോധനകൾ മാർഗനിർദേശങ്ങൾ എന്നിവ കൊണ്ട് വളരെയധികം പ്രയോജനം ലഭിച്ചു. കാർഡിയോളജി, ഡെന്റിസ്ട്രി, ജനറൽ ആൻഡ് വാസ്ക്യൂലർ സർജറി, പാൽമാനോളജി എന്നീ വിഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരായ ഡോക്ടർമാരുടെ സജീവ സാന്നിധ്യം വൈദ്യപരിശോധനയെ സമ്പന്നമാക്കി. ക്ഷേമവും പ്രധിരോധ പരിചരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടുള്ള ഈ സംരംഭം പങ്കെടുത്ത എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കാൻ തങ്ങളുടെ സമയവും വൈദഗ്ദ്ധ്യവും ചെലവഴിച്ച ഡോക്ടർമാർ, നേർസ്പ്രാക്ടീഷണർമാർ, നഴ്സുമാർ വളണ്ടിയർമാർ എന്നിവരുടെ നിസ്വാർഥ സഹകരണത്തോടെ സാധ്യമായി, ക്ഷേത്ര ജീവനക്കാരുടെ പിന്തുണയും ഏകോപനവും പരിപാടി സുഗമവും ഫലപ്രദവുമാക്കുന്നതിനു നിർണായക പങ്കു വഹിച്ചു.

ആരോഗ്യ സംരക്ഷണ ദാദാക്കൾ, സംഘാടകർ ഏറ്റവും പ്രധാനമായി ഈ ക്യാമ്പിൽ വിശ്വാസമർപ്പിച്ച രോഗികൾ ഉൾപ്പെട്ട എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നതായി പ്രസിഡന്റ് സുബിൻ ബാലകൃഷ്ണനും കോഓർഡിനേറ്റർമാരായ ശ്രീജിത്ത് ഗോവിന്ദനും ശ്രീകല നായരും അറിയിച്ചു,

ശ്രീ ഗുരുവായൂരപ്പൻ മെഡിക്കൽ ക്യാമ്പ് ആരോഗ്യവും ക്ഷേമവും വളർത്തിയെടുക്കുക എന്ന ദൗത്യം തുടർന്നും വളരെ വിപുലമായി വരും വർഷങ്ങളിൽ സമൂഹത്തിലെ കൂടുതൽ അംഗങ്ങളിലേക്കെത്തിക്കുവാൻ കമ്മറ്റി പ്രതിജ്ഞാബദ്ധമായിരിക്കുമെന്നും പ്രഖ്യാപിച്ചു .

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

**Business Continuation Planning**
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

**Retirement Planning**
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

**Employee Benefits Products**
Short-term and Long-term Disability Insurance
Health Insurance*

**Group Health insurance**
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

**Wealth Communication**
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

**Family Protection**
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് ഒരുങ്ങുന്നു; വാശി തീർക്കാൻ അൻവറിനാവുമോ..?

**എ.എസ് ശ്രീകുമാർ**

മുഖ്യമന്ത്രി പിണറായി വിജയനോടും സി.പി.എമ്മിനോടും ഇടഞ്ഞ് എം.എൽ.എ സ്ഥാനം രാജിവച്ച പി.വി അൻവറിന്റെ സ്വന്തം മണ്ഡലമായ നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിന്റെ കേളികൊട്ടുയർന്നു. തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ എന്ന നിലയിൽ പരാതികൾ പരിഹരിച്ച് അന്തിമ വോട്ടർ പട്ടിക മെയ് 5-ന് പ്രസിദ്ധീകരിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർക്ക് നിർദേശം നൽകിയിരിക്കുകയാണ്. നിലമ്പൂർ ഉൾപ്പെടെ ഇന്ത്യയിലെ ആറ് മണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പ് നടത്താനുള്ള നടപടികളാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയിരിക്കുന്നത്. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് മെയ് മാസത്തിൽ നടക്കുമെന്നാണ് സൂചന. തീയതി അടുത്തയാഴ്ചയോടെ പ്രഖ്യാപിച്ചേക്കും.

കഴിഞ്ഞ ജനുവരി 13-ാം തീയതി എം.എൽ.എ സ്ഥാനം രാജിവച്ച് തൃണമൂൽ കോൺഗ്രസിൽ ചേർന്ന അൻവർ, ഉപതിരഞ്ഞെടുപ്പിൽ മൽസരിക്കില്ലെന്ന് പ്രഖ്യാപിച്ചിരുന്നു. യു.ഡി.എഫ് പ്രവേശനത്തിന് കാത്തുകെട്ടി കഴിയുന്ന അൻവർ കോൺഗ്രസ് സ്ഥാനാർത്ഥിയെ പിന്തുണയ്ക്കും. കോൺഗ്രസിൽ നിന്ന് വി.എസ് ജോയിയോ ആര്യാടൻ ഷൗക്കത്തോ സ്ഥാനാർത്ഥിയാകുമെന്ന് കേൾക്കുന്നു. 2016-ൽ അൻവർ തോൽപ്പിച്ച വ്യക്തിയാണ് ആര്യാടൻ ഷൗക്കത്ത്. നിലമ്പൂരിന്റെ മുൻ എം.എൽ.എ ആയിരുന്ന ടി.കെ ഹംസയുടെ പേരാണ് സി.പി.എം പരിഗണിക്കുന്നത്. എന്നാൽ ടി.കെ ഹംസയുടെ പ്രായം ഒരു ഘടകമാണ്. അദ്ദേഹത്തിന് 87 വയസുണ്ട്. സർപ്രൈസായി അവിടെ സി.പി.എമ്മിന്റെ പുതുമുഖം വന്നേക്കാം.

ഏതായാലും കോൺഗ്രസ് എ.പി അനിൽകുമാറിനും സി.പി.എം എം സ്വരാജിനും തിരഞ്ഞെടുപ്പ് ചുമതല നൽകിയതോടെ മണ്ഡലത്തിൽ യു.ഡി.എഫും എൽ.ഡി.എഫും ഒരുക്കങ്ങൾ ആരംഭിച്ചു. നിലമ്പൂരിൽ സി.പി.എമ്മിനെ തോൽപ്പിക്കേണ്ടത് യു.ഡി.എഫിനെക്കാളും കോൺഗ്രസിനെക്കാളും അൻവറിന്റെ ആവശ്യമാണ്., അഭിമാന പ്രശ്നമാണ്. താൻ ഇടതുമുന്നണി വിട്ടതിന്റെ നീതീകരണം കൂടിയാകും യു.ഡി.എഫ് സ്ഥാനാർത്ഥിയുടെ വിജയം. 2021-ലെ തിരഞ്ഞെടുപ്പിൽ സി.പി.എം സ്വതന്ത്രനായി നിലമ്പൂരിൽ നിന്ന് രണ്ടാം വട്ടവും തിരഞ്ഞെടുക്കപ്പെട്ട അൻവർ കഴിഞ്ഞ തവണ കോൺഗ്രസിലെ വി.വി പ്രകാശിനെ തോൽപ്പിച്ചത് 2,700 വോട്ടുകൾക്കാണ്. അൻവർ തന്നെയായിരിക്കും മണ്ഡലത്തിലെ നിർണായക ഘടകം.




ഇടതുമുന്നണി പിടിച്ചെടുത്ത യു.ഡി.എഫിന്റെ ഉരുക്ക് ഉരുക്ക് കോട്ടയാണ് നിലമ്പൂർ. നിലമ്പൂർ താലൂക്കിലെ നിലമ്പൂർ നഗരസഭയും അമരമ്പലം, ചുങ്കത്തറ, എടക്കര, കരുളായി, മൂത്തേടം, പോത്തുകൽ, വഴിക്കടവ് എന്നീ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് നിലമ്പൂർ നിയമസഭ മണ്ഡലം. 1967-ൽ നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ മണ്ഡലത്തിൽ വീശിയത് ചുവപ്പ് കാറ്റായിരുന്നു. കെ കുഞ്ഞാലിയിലൂടെ മണ്ഡലം ഇടതിനൊപ്പം നിന്നു. എന്നാൽ 69-ൽ കുഞ്ഞാലിയുടെ അരുംകൊലയ്ക്കാ

ണ് മണ്ഡലം സാക്ഷിയായത്. നിലമ്പൂരിന്റെ ആദ്യ എം.എൽ.എ വെടിയേറ്റ് മരിച്ചതിനെ തുടർന്ന് 1970-ൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ മണ്ഡലം ഇടതിനെ കൈവിട്ടു.

അന്ന് കോൺഗ്രസിന്റെ എം.പി ഗംഗാധരനെ സ്വീകരിച്ച മണ്ഡലം '77-ലും '80-ലും യു.ഡി.എഫിമെ തുണച്ചു. എന്നാൽ '82-ൽ യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ മുഹമ്മദിനെ പരാജയപ്പെടുത്തിയ സി.പി.എമ്മിന്റെ ടി.കെ ഹംസ മണ്ഡലം വീണ്ടും ചുവപ്പിച്ചു. 1987 മുതൽ കോൺഗ്രസിന്റെ വിജയ കുതിപ്പിനാണ് മണ്ഡലം സാക്ഷ്യം വഹിച്ചത്. '87 മുതൽ 2011 വരെ ആറ് തവണ തുടർച്ചയായി മണ്ഡലത്തിൽ വിജയക്കൊടി പാറിച്ചത് ആര്യാടൻ മുഹമ്മദാണ്. 1977-ലും 1980-ലും ആര്യാടനായിരുന്നു നിലമ്പൂരിന്റെ പ്രതിനിധി. എന്നാൽ 2016-ൽ കാര്യങ്ങൾ അപ്രതീക്ഷിതമായി മാറിമറിഞ്ഞു.

കേരളമൊട്ടാകെ ആഞ്ഞടിച്ച ഇടത് തരംഗത്തിൽ നിലമ്പൂരിലും വലിയ അടിയൊഴുക്കുകൾ ഉണ്ടായി. ഉറച്ച കോട്ടയിൽ പോരിനിറങ്ങിയ കോൺഗ്രസ് സ്ഥാനാർഥിയും ആര്യാടൻ മുഹമ്മദിന്റെ മകനുമായ ആര്യാടൻ ഷൗക്കത്തിന് അടിതെറ്റി. ഇടത് സ്വതന്ത്രൻ പി.വി അൻവറിലൂടെ മണ്ഡലം ഇടതിന് സ്വന്തമായി. 2021-ലും അൻവർ മണ്ഡലം കാത്തു. ഇപ്പോൾ അൻവറും കളം മാറിയതോടെ നിലമ്പൂർ രാഷ്ട്രീയ കേരളത്തിന്റെ ശ്രദ്ധാ കേന്ദ്രമായി മാറിയിരിക്കുകയാണ്. പതിറ്റാണ്ടുകൾക്ക് ശേഷം പിടിച്ചെടുത്ത മണ്ഡലം കൈവിട്ട് കളയാൻ ഇടതിനൊട്ടുമാവില്ല. തങ്ങളെ വെല്ലുവിളിച്ച് പുറത്തുപോയ അൻവറിനെ മുട്ടുകുത്തിക്കുന്നതിൽ കുറഞ്ഞൊന്നും ഇടതു ക്യാമ്പ്, പ്രത്യേകിച്ച് സി.പി.എം ചിന്തിക്കുന്നില്ല.

പിണറായിസത്തിനെതിരായ അവസാനത്തെ ആണി ആകണം ഉപതിരഞ്ഞെടുപ്പ് എന്നാണ് അൻവർ മോഹിക്കുന്നത്. പ്രതിപക്ഷ നേതാവ് വി.ഡി സതീശനെതിരായ അഴിമതി ആരോപണത്തിൽ നിരുപാധികം മാപ്പ് പറഞ്ഞുകൊണ്ടാണ് അൻവർ യു.ഡി.എഫിനൊപ്പം നിലകൊള്ളുന്നത്. നേരത്തെ കോൺഗ്രസ് പ്രവർത്തകനായിരുന്ന അൻവർ നിലമ്പൂരിൽ വിമത സ്ഥാനാർത്ഥിയായി മത്സരിക്കാൻ എത്തിയപ്പോൾ സി.പി.എം പിന്തുണച്ചതിനാലാണ് അദ്ദേഹം എൽ.ഡി.എഫ് സ്വതന്ത്രനായത്. മണ്ഡലത്തിന്റെ കോൺഗ്രസ് കുത്തക തകർത്ത അൻവർ സി.പി.എമ്മിന്റെ ചങ്കായി മാറി. അൻവറിനെതിരെ ഉയർന്ന വിവാദങ്ങളെല്ലാം സി.പി.എമ്മിന്റെ രാഷ്ട്രീയ ഇടപെടലിൽ ഒതുങ്ങിപ്പോയി.



എന്നാൽ ഒരിക്കൽ സി.പി.എമ്മിന്റെ വിനീത വിധേയനായിരുന്ന അൻവർ പതുക്കെ മുഖ്യമന്ത്രിക്കും പാർട്ടിക്കും നേരേ തിരിഞ്ഞു കൊത്താൻ തുടങ്ങി. സ്വർണ്ണം പൊട്ടിക്കൽ കേസുകളിൽ മുഖ്യമന്ത്രിയുടെ ഓഫീസിന് പങ്കുണ്ടെന്ന് ആരോപിച്ച അൻവർ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി ശശിക്കെതിരെയും എ.ഡി.ജി.പി എം.ആർ അജിത് കുമാറിനെതിരെയും ഗുരുതര ആരോപണം ഉന്നയിച്ച് രംഗത്തെത്തി. ഇത് സി.പി.എമ്മിനെയും ആഭ്യന്തര വകുപ്പിനെയും ഫലത്തിൽ മുഖ്യമന്ത്രിയെ തന്നെയും പ്രതിരോധത്തിലാക്കി. പൂരംകലക്കലിനെയും അൻവർ രാഷ്ട്രീയ ആയുധമാക്കി. അങ്ങനെ അൻവർ-സി.പി.എം ബന്ധം തീർത്തും വഷളായി.

പിണറായി വിജയനെയും സി.പിഎമ്മിനെയും പരസ്യമായി തള്ളപ്പറഞ്ഞ അൻവർ ഒടുവിൽ എം.എൽ.എ സ്ഥാനം രാജിവച്ച് തൃണമൂൽ കോൺഗ്രസിൽ അഭയം പ്രാപിച്ചു. എം.എൽ.എ പദം രാജിവച്ച ശേഷം ഏതാണ്ട് രണ്ട് മാസക്കാലം പി.വി അൻവറിനെ ചുറ്റിപ്പറ്റിയാണ് രാഷ്ട്രീയ കേരളത്തിന്റെ ദൈനംദിന വാർത്തകൾ പ്രചരിച്ചത്. ഇടതു ബന്ധം വിച്ഛേദിച്ച അൻവർ ഡെമോക്രാറ്റിക് മൂവ്മെന്റ് ഓഫ് കേരള (ഡി.എം.കെ.) എന്ന തന്റെ രാഷ്ട്രീയ പാർട്ടിയുടെ പേര് പ്രഖ്യാപിച്ചു. പിന്നാലെ തമിഴ്നാട്ടിലെ ഡി.എം.കെയിൽ ചേക്കേറാൻ ആഗ്രഹിച്ചെങ്കിലും ആ ശ്രമം തുടക്കത്തിലേ പാളി. ഗതികിട്ടാതെ അലഞ്ഞ അൻവറിന് സി.പി.എമ്മിന്റെ മുഖ്യശത്രുക്കളായ തൃണമൂൽ കോൺഗ്രസ് കസേരയിട്ടുകൊടുക്കുകയായിരുന്നു.

ഇനിയാണ് യഥാർത്ഥ പോര്. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് നടക്കുന്ന നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ഫലം എന്തായിരിക്കും..? കേരളത്തിലെ മൂന്ന് മുന്നണികളും രാഷ്ട്രീയപ്പാർട്ടികളും കൂട്ടലും കിഴിക്കലും തുടങ്ങിക്കഴിഞ്ഞു. ബി.ജെ.പിക്ക് നിലമ്പൂരിൽ എന്തെങ്കിലും നേട്ടമുണ്ടാക്കാൻ കഴിയുമോ..? 2016-ൽ 11,504 വോട്ടുകൾ നേടിയ ബി.ജെ.പിയുടെ പ്രകടനം 2021-ൽ 8,595 വോട്ടുകളിൽ ഒതുങ്ങി. ഭരണവിരുദ്ധ വികാരവും അൻവർ ഇഫക്ടും പ്രതിഫലിക്കുന്ന ഉപതിരഞ്ഞെടുപ്പിൽ രാജീവ് ചന്ദ്രശേഖർ എന്ന ടെക്നോക്രാറ്റായ പി.ജെ.പി പ്രസിഡന്റിന്റെ റോളും അപ്രസക്തമല്ല.

# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

## 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

മെരിലാൻഡ് സ്റ്റേറ്റിലെ സിൽവർ സ്പ്രിങ്, 'റോയൽ ഐ മാക്സ്തീ' യേറ്ററിൽ ആദ്യ ഷോ രാത്രി 8:35 ുാനു ഞങ്ങൾ ഇരുപതോ ഇരുപത്തഞ്ചോ വരുന്ന മലയാളികൾ കൂടെ ഇരുന്നു കണ്ടു. സിനിമയുടെ പോസ്റ്ററോ കളിക്കുന്ന സിനിമയുടെ പേര്  നെയിം ബോർഡിലോ ഉണ്ടായിരുന്നില്ല. 'ഏതോ പ്രത്യക ഷോ' എന്ന നിലയ്ക്കാണ് തീയേറ്റർ ജീവനക്കാർ ഞങ്ങളെ സ്വീകരിച്ചത്.

സിനിമ പതിനഞ്ചു മിനിറ്റ് വൈകിയാണ് തുടങ്ങിയത്. അപ്പോഴേക്കും ക്ഷമകെട്ടിരുന്നു. പക്ഷെ, ഞങ്ങൾ നാട്ടുവാർത്താനാവും പറഞ്ഞു സമയംപോക്കി.

'എമ്പുരാൻ' എന്ന് എഴുതിക്കാണിക്കുന്ന ശബ്ദകോലാഹലം കേട്ട് ഉറങ്ങുകയായിരുന്ന എന്റെ മൂന്നുവയസ്സുകാരി ഉണർന്നു. അവളെ ആരെയെങ്കിലും ഏൽപ്പിച്ചു പോരാൻ നിവർത്തിയുണ്ടായിരുന്നില്ല. പിന്നീട് അങ്ങോട്ട് ബി.ജി.യത്തിന്റെ അതിപ്രസരമായിരുന്നു. 'എമ്പുരാനെ' എന്ന അലർച്ചയും പാട്ടും കേട്ട് പലരും കൈവിരൽ ചെവിക്കുള്ളിൽ തിരുകി.

ഈ സിനിമയുടെ ക്രാഫ്റ്റ്, വളരെ മോശമായിട്ടു തോന്നി. കഥ ഒന്നിച്ചു നോക്കിയാൽ മോശം. പക്ഷെ, അതിൽ ചില സന്ദർഭങ്ങൾ വളരെ മനോഹരമായിട്ടു തോന്നി. ഗുജറാത്തിലെ കൂട്ടക്കുരുതി, അതിനെ കുറിച്ച് വേണ്ടത്ര അറിയില്ലയെങ്കിലും ഒരു ഒരു സിനിമ എന്ന നിലയ്ക്ക് എടുക്കുകയാണെങ്കിൽ ആ ഭാഗം വളരെ നന്നായിട്ടുണ്ട്. പക്ഷെ, കുട്ടികളുമായി ഈ സിനിമ കാണാതിരിക്കുകയാണ് ഭംഗി. കാരണം ഇതൊരു പിജി-13 സിനിമയാണ്. ഗർഭിണിയെ ബലാൽസംഗം ചെയ്യുന്ന രംഗങ്ങൾ ആർക്കും കുട്ടികളെ കാണിക്കാൻ താല്പര്യമുണ്ടാകില്ല.

എടുത്തുപറയേണ്ട വിഷ്വൽ ദൃശ്യം മോഹൻലാലിന്റെ introduction രംഗം തന്നെയായാണ്. അവിടെ നല്ലൊരു വിദേശ സിനിമയുടെ സ്പർശം വരുന്നുന്നുണ്ട്. ബാക്കി ഇയാൾ പുറത്തേക്കിറങ്ങി കോട്ടും കൂളിംഗ് ക്ലാസും ധരിച്ച സ്ലോ മോഷൻ സീനുകൾ ആണ് ഹാഫ് ടൈം വരെ. യാതൊരു വികാരമോ ഭാവമോ ഇല്ലാത്ത ലാലേട്ടന്റെ താടിവെച്ച മുഖത്ത് വേണ്ടത്ര മേക്കപ്പിന്റെ ആവശ്യമുണ്ടായിട്ടില്ല.




ബ്രിട്ടീഷ് ഇന്റലിജന്റ് വിഭാഗം ങ16 മേധാവിയോൽക്കയാണ് ഡ്രഗ് ബിസിനെസ്സിൽ മോഹൻലാൽ അവതരിപ്പിക്കുന്ന എബ്രാം ഖുറൈശി എന്ന കഥാപാത്രത്തിന്റെ കൂട്ടാളി. സ്റ്റീഫൻ (എബ്രാം ഖുറൈശി ) എവിടെയും ഏതു രാജ്യത്തും പന്നെത്തുന്നുണ്ട്. എയർ ഓർ സ്പേസ് ലോ, മാരിറ്റൽ ലോ എന്നിവയെക്കുറിച്ചൊന്നും ആലോചിക്കുക പോലും ചെയ്യരുത്. കാരണം ഇതൊരു പ്ലസ് ടു നിലവാരത്തിൽ ഫാനിനു വേണ്ടി ഉണ്ടാക്കിയ സിനിമയാണ്. കുറച്ചു ലോജിക് ആയിട്ട് ചിന്തിക്കുന്നവർ ആണെങ്കിൽ ആ ചിന്തകൾ എല്ലാം വീട്ടിൽ വെച്ച് സിനിമ കാണാൻ വരിക.

ഇതിലെ കേന്ദ്രസർക്കാരും കേരളം, കേരളത്തിൽ അവർക്ക് ആധിപത്യം സ്ഥാപിക്കേണ്ട ആവശ്യത്തെക്കുറിച്ചും പറയുന്നുണ്ട് ആദ്യ പകുതിയിൽ. അവിടിന്നു തുടങ്ങി ഇതൊരു ഇന്ത്യൻ പൊളിറ്റിക്കൽ ത്രില്ലർ ആക്കാമായിരുന്നു കഥയെഴുതിയ ആൾക്ക്.  മഞ്ജു വാര്യർ സിനിമ മൊത്തത്തിൽ എന്നതിനെക്കുറിച്ചാണ് എന്നറിയാതെ അഭിനയിച്ചപോലെ തോന്നി, അതുകൊണ്ടായിരിക്കാം അവരുടെ അഭിനയം എടുത്തുപറയേണ്ടതുണ്ട്.

പൃഥ്വിരാജ് അഭിനയം മോശം, എന്നാലും സംവിധായകൻ എന്ന നിലയ്ക്ക് കഴിവ് തെളിയിച്ചിട്ടുണ്ട്. കൂടുതൽ ബി. ഗ്രേഡ് ഹോളിവുഡ് സിനിമകൾ കണ്ട് അതാണ് സിനിമ എന്ന് കണ്ടുപഠിക്കാതിരുന്നാൽ മതി.

ഫാസിൽ ആയിട്ടുള്ള മോഹൻലാലിന്റെ രംഗവും സംഭാഷണവും അരോചകമായിട്ടു തോന്നി. അറിയുന്ന മേഖലയിൽ നിന്നാൽപോരെ എന്ന് മാത്രമാണ് അദ്ദേഹത്തോട് പറയാനുള്ളൂ. വെഞ്ഞാറമ്മൂടാൻ സുരേന്ദ്രന്റെ പ്രതിച്ഛായ തോന്നിയെങ്കിലും വളിപ്പായിരുന്നു.

മോഹൻലാലിനോട്, ഇന്നേവരെ താങ്കൾ ഉണ്ടാക്കിയ സൽപ്പേര് മലയാളി സിനിമ സ്നേഹികളുടെ മനസ്സിൽ നിന്നും തുടച്ചുനീക്കാൻ ആന്റണി പെരുമ്പാവൂരിന്റെ കൂടെ നിന്ന് തുലയ്ക്കാൻ ആണ് തീരുമാനം എങ്കിൽ വേറെയൊന്നും പറയാനില്ല. നിങ്ങൾ പരസ്പരം സിനിമയുണ്ടാക്കി രസിക്കൂ.

# ഇല്ലുമിനാറ്റി: ഒരു നിഗൂഢ സംഘടനയുടെ ഉത്ഭവവും എമ്പുരാൻ സിനിമയിലെ പ്രതിഫലനവും



അജു വാരിക്കാട്

നമ്മൾ ജീവിക്കുന്ന ലോകം നമ്മൾ അറിയാതെ മറ്റാരെങ്കിലും നിയന്ത്രിക്കുന്നുണ്ടോ? ബൈബിളിലും ഖുർആനിലും പരാമർശിക്കപ്പെടുന്ന സാത്താന്റെ പാത പിന്തുടരുന്ന ആളുകൾ, ഒരു നിഗൂഢ സംഘടനയിലൂടെ ലോകക്രമത്തെ മാറ്റിമറിക്കുന്നുണ്ടോ? ഇത്തരം ചോദ്യങ്ങൾ ഉയർത്തുന്ന ഒരു ആശയമാണ് ഇല്ലുമിനാറ്റി. ചിലർ ഇതിനെ ഒരു സത്യമായി കാണുമ്പോൾ, മറ്റു ചിലർ ഇതിനെ വെറും ഗൂഢാലോചനാ സിദ്ധാന്തങ്ങളായി (Conspiracy Theories) മാത്രം കാണുന്നു. എന്നാൽ, ഈ ആശയത്തിന്റെ പിന്നിൽ ചില ചരിത്രപരവും സാംസ്കാരികവുമായ വസ്തുതകൾ ഉണ്ടെന്ന് നിഷേധിക്കാനാവില്ല. ഈ ലേഖനത്തിൽ, ഇല്ലുമിനാറ്റി എന്ന ആശയത്തിന്റെ തുടക്കവും അതിന്റെ ചരിത്രവും, മലയാള സിനിമയായ *ലൂസിഫർ* മുതൽ *എമ്പുരാൻ* വരെയുള്ള സിനിമകളിൽ അതിന്റെ പ്രതിഫലനവും പരിശോധിക്കാം.

**ഇല്ലുമിനാറ്റിയുടെ ഉത്ഭവം**

ഇല്ലുമിനാറ്റി എന്ന ആശയം ആദ്യമായി ഉദയം ചെയ്യുന്നത് 18-ാം നൂറ്റാണ്ടിൽ, ഇന്നത്തെ ജർമനിയുടെ ഭാഗമായ ഇൻഗോൾഡ്സ്റ്റാഡ് എന്ന നഗരത്തിൽ നിന്നാണ്. 1748-ൽ ജനിച്ച ആദം വെയ്ഷാപ്റ്റ് (Adam Weishaupt) എന്ന വ്യക്തിയാണ് ഇതിന്റെ സ്ഥാപകനായി കണക്കാക്കപ്പെടുന്നത്. ജൂതമതത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് മാറിയ ഒരു കുടുംബത്തിൽ ജനിച്ച ആദം, ചെറുപ്പത്തിൽ തന്നെ അച്ഛന്റെ മരണത്തോടെ അനാഥനായി. അവനെ വളർത്തിയത് അമ്മാവനാണ്, ഒരു കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനമായ ജെസ്യൂട്ട് സ്കൂളിൽ ചേർത്തുകൊണ്ട്. മതാത്മകമായ ഈ പശ്ചാത്തലത്തിൽ വളർന്നെങ്കിലും, ആദത്തിന്റെ ചിന്തകൾ മതത്തിനപ്പുറത്തേക്ക് വളർന്നു.




അമ്മാവന്റെ ലൈബ്രറിയിൽ നിന്ന് ഫ്രഞ്ച് ജ്ഞാനോദയ തത്ത്വചിന്തകരുടെ പുസ്തകങ്ങൾ വായിച്ചാണ് ആദം വളർന്നത്. രാജവാഴ്ചയും പള്ളിയും സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുന്നതിനെക്കുറിച്ചുള്ള ഈ രചനകൾ അവനെ ആകർഷിച്ചു. അക്കാലത്ത് യൂറോപ്പിൽ ജ്ഞാനോദയത്തിന്റെ (Enlightenment) കാലഘട്ടം നിലനിന്നിരുന്നു. എന്നാൽ, ബവേറിയ (Bavaria) പോലുള്ള പ്രദേശങ്ങൾ യാഥാസ്ഥിതികവും കത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ചതുമായിരുന്നു. ഇവിടെ മതവും രാജവാഴ്ചയും ജനങ്ങളുടെ സ്വാതന്ത്ര്യത്തിന് മേൽ കടന്നുകയറുന്നുവെന്ന് ആദം തിരിച്ചറിഞ്ഞു. മതപരമായ ആശയങ്ങൾ ആധുനിക സമൂഹത്തെ ഭരിക്കാൻ അനുയോജ്യമല്ലെന്ന് മനസ്സിലാക്കിയ അയാൾ, ഒരു മാറ്റം ആഗ്രഹിച്ചു.

ഈ ചിന്തകളിൽ നിന്നാണ് ആദം ഫ്രീമേസൺസ് (Freemaosnry) പോലുള്ള മതേതരവും ലോകസാഹോദര്യം ഉയർത്തിപ്പിടിക്കുന്നതുമായ സംഘടനകളിൽ ചേർന്നത്. എന്നാൽ, ഫ്രീമേസൺസിലും മതപരമായ ചടങ്ങുകളും ചേരിതിരിവുകളും കണ്ടപ്പോൾ, അവന് തന്റെ ലക്ഷ്യങ്ങൾ നേടാൻ പുതിയൊരു സംഘടന വേണമെന്ന് തോന്നി. അങ്ങനെ 1776 മെയ് 1-ന്, ഇൻഗോൾഡ്സ്റ്റാഡിന്റെ വനത്തിൽ വെച്ച് ആദം വെയ്ഷാപ്റ്റ് 'ഓർഡർ ഓഫ് ഇല്ലുമിനാറ്റി' എന്ന സംഘടന സ്ഥാപിച്ചു. ആദ്യം നാല് അംഗങ്ങൾ മാ

ത്രമുണ്ടായിരുന്ന ഈ സംഘടന, പിന്നീട് സമൂഹത്തിലെ ഉന്നതരായ വ്യക്തികളെ ആകർഷിച്ച് വളർന്നു. 1784-ഓടെ 2000-3000 അംഗങ്ങളുള്ള ഒരു ശക്തമായ ഗ്രൂപ്പായി ഇത് മാറി.

ഇല്ലുമിനാറ്റിയുടെ ലക്ഷ്യങ്ങളും നിരോധനവും

ഇല്ലുമിനാറ്റിയുടെ പ്രധാന ലക്ഷ്യം യാഥാസ്ഥിതിക മതവും രാജവാഴ്ചയും ജനങ്ങളെ അടിച്ചമർത്തുന്നതിനെതിരെ പോരാടുകയായിരുന്നു. എന്നാൽ, ഈ ആശയങ്ങൾ ബവേറിയൻ ഭരണകൂടത്തിന് ഭീഷണിയായി. 1785-ൽ ഭരണകൂടം ഇല്ലുമിനാറ്റിയെ നിരോധിച്ചു, ആദത്തിനെതിരെ നടപടികൾ സ്വീകരിച്ചു. അവൻ ജർമനിയിലെ സാക്സ്-ഗോഥയിലേക്ക് പലായനം ചെയ്തു, പിന്നീട് അവിടെ ഒരു ഫിലോസഫി പ്രൊഫസറായി ജീവിതം തുടർന്നു. എന്നാൽ, ഇല്ലുമിനാറ്റി പിരിച്ചുവിട്ടെങ്കിലും, അതിന്റെ ചില അംഗങ്ങൾ രഹസ്യമായി പ്രവർത്തനം തുടർന്നതായി പറയപ്പെടുന്നു. ഇതിൽ നിന്നാണ് പിന്നീട് ഇല്ലുമിനാറ്റിയെക്കുറിച്ചുള്ള ഗൂഢാലോചനാ സിദ്ധാന്തങ്ങൾ ഉടലെടുത്തത്.

*ലൂസിഫർ* മുതൽ *എമ്പുരാൻ* വരെ: ഇല്ലുമിനാറ്റി റെഫറൻസുകൾ

മലയാള സിനിമയിൽ *ലൂസിഫർ* (2019) എന്ന ചിത്രത്തിലൂടെ സംവിധായകൻ പൃഥ്വിരാജ് സുകുമാരനും നടൻ മോഹൻലാലും ഒരു പുതിയ കാഴ്ചപ്പാട് അവതരിപ്പിച്ചു. ഈ സിനിമയിലെ പ്രധാന കഥാപാത്രമായ ഖുറേഷി എബ്രഹാം (സ്റ്റീഫൻ നെടുമ്പള്ളി) ഒരു നിഗൂഢ വ്യക്തിത്വമായാണ് ചിത്രീകരിക്കപ്പെട്ടത്. *ലൂസിഫർ* മുതൽ *എമ്പുരാൻ* (Lucifer-ന്റെ തുടർച്ച) വരെയുള്ള കഥയിൽ ഇല്ലുമിനാറ്റിയുമായി ബന്ധപ്പെട്ട ചിഹ്നങ്ങളും ആശയങ്ങളും കാണാം.

1. **ചിഹ്നങ്ങൾ**: *എമ്പുരാൻ* ടീസറുകളിലും *ലൂസിഫർ* സിനിമയിലും ത്രികോണാകൃതിയിൽ ഒരു കണ്ണിന്റെ ചിത്രം, ജ്യോതിഷവുമായി ബന്ധപ്പെട്ട വൃത്താകൃതിയിലുള്ള ചിഹ്നങ്ങൾ എന്നിവ കാണാം. ഇവ ഇല്ലുമിനാറ്റിയുടെ പ്രതീകങ്ങളായി പരക്കെ അറിയപ്പെടുന്നവയാണ്.

2. **666 എന്ന നമ്പർ**: *ലൂസിഫർ*-ൽ സ്റ്റീഫൻ നെടുമ്പള്ളിയുടെ വാഹനത്തിന്റെ നമ്പർ '666' ആണ്. ബൈബിളിലെ വെളിപാട് പുസ്തകത്തിൽ (13:18) 'ബീസ്റ്റിന്റെ അടയാളം' എന്ന് പരാമർശിക്കപ്പെടുന്ന ഈ നമ്പർ, സാത്താനുമായി ബന്ധപ്പെടുത്തപ്പെടുന്നു.

3. **ന്യൂ വേൾഡ് ഓർഡർ**: *ലൂസിഫർ*ന്റെ അവസാന ഭാഗത്ത് ഖുറേഷി എബ്രഹാം ഒരു ആഗോള ശക്തിയായി ഉയർന്നുവരുന്നതായി സൂചനയുണ്ട്. *എമ്പുരാൻ* ടീസറിൽ അവൻ ഒരു മെർസിനറി ഗ്രൂപ്പിന്റെ നേതാവായി ചിത്രീകരിക്കപ്പെടുന്നു. ഇത് ഇല്ലുമിനാറ്റിയുടെ 'ന്യൂ വേൾഡ് ഓർഡർ' (New World Order) എന്ന ആശയവുമായി ബന്ധപ്പെടുത്താവുന്നതാണ്.

ഖുറേഷി എബ്രഹാം: ഇല്ലുമിനാറ്റിയോടൊപ്പമോ എതിരോ?

*ലൂസിഫർ*ന്റെ കഥയിൽ ഖുറേഷി എബ്രഹാം ഒരു ഡയമണ്ട് വ്യാപാരിയായാണ് ആദ്യം അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ, *എമ്പുരാൻ*ന്റെ ടീസറിൽ അവൻ ഒരു ആഗോള ശക്തിയായി മാറുന്നു. ഇവിടെ ഒരു ചോദ്യം ഉയരുന്നു: അവൻ ഇല്ലുമിനാറ്റിയോടൊപ്പം നിൽക്കുന്ന ആളാണോ, അതോ അവരെ എതിർക്കുന്നവനാണോ?

- **ഇല്ലുമിനാറ്റിയോടൊപ്പം**: ഖുറേഷി എബ്രഹാമിന്റെ ഗ്രൂപ്പ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഡയമണ്ട് ഖനനവുമായി ബന്ധപ്പെട്ടിരിക്കുന്നതായി സിനിമയിൽ സൂചനയുണ്ട്. ഇത് റോഥ്ഷിൽഡ് (Rothschild) പോലുള്ള ഇല്ലുമിനാറ്റി കുടുംബങ്ങളുമായി ബന്ധപ്പെടുത്താവുന്നതാണ്.

**ഇല്ലുമിനാറ്റിക്കെതിരെ**: എന്നാൽ, *ലൂസിഫർ*ന്റെ അവസാനത്തിൽ ഖുറേഷി എബ്രഹാം റോഥ്ഷിൽഡ് കുടുംബത്തെ മറികടക്കുന്നതായും 13 ലഹരിമരുന്ന് സംഘങ്ങൾ അവനെതിരെ തിരിയുന്നതായും കാണിക്കുന്നു. ഇത് 'തിന്മയും തിന്മയും തമ്മിലുള്ള യുദ്ധം' എന്ന സിനിമയിലെ വാചകവുമായി ചേർന്ന്, അവൻ ഇല്ലുമിനാറ്റിക്കെതിരെ നിൽക്കുന്ന ഒരു ശക്തിയാണെന്ന് സൂചിപ്പിക്കുന്നു.

സിനിമ കാണുമ്പോൾ ഇത് അറിഞ്ഞിരിക്കേണ്ടത് എന്തിന്?

*ലൂസിഫർ* പോലുള്ള സിനിമകൾ വെറും വിനോദത്തിനപ്പുറം ചരിത്രവും സാംസ്കാരികവുമായ പരാമർശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇല്ലുമിനാറ്റി റെഫറൻസുകൾ മനസ്സിലാക്കുന്നത് സിനിമയുടെ ആഴത്തിലുള്ള പാളികൾ തിരിച്ചറിയാൻ സഹായിക്കും. ഉദാഹരണത്തിന്, ഡയമണ്ട് വ്യാപാരത്തിന്റെ ഇരുണ്ട വശങ്ങളും (Blood Diamonds) ആഗോള ശക്തികളുടെ സ്വാധീനവും സിനിമയിൽ പ്രതിഫലിക്കുന്നുണ്ട്. ഇത് യഥാർത്ഥ ലോകത്തെ സംഭവങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ഇല്ലുമിനാറ്റി എന്നത് ഒരു ചരിത്ര സംഭവമായി തുടങ്ങി, പിന്നീട് ഗൂഢാലോചനാ സിദ്ധാന്തങ്ങളിലൂടെ ലോകമെമ്പാടും പ്രചരിച്ച ഒരു ആശയമാണ്. *ലൂസിഫർ* മുതൽ *എമ്പുരാൻ* വരെയുള്ള സിനിമകൾ ഈ ആശയത്തെ സർഗാത്മകമായി ഉപയോഗിക്കുന്നു. ഖുറേഷി എബ്രഹാം ഇല്ലുമിനാറ്റിയുടെ ഭാഗമാണോ അതോ അവരെ എതിർക്കുന്നവനാണോ എന്നത് തുറന്ന ചോദ്യമായി നിൽക്കുന്നു. എന്തായാലും, ഈ സിനിമകൾ നമ്മെ ചിന്തിപ്പിക്കുകയും ചരിത്രത്തിലേക്കും ലോകത്തിലെ നിഗൂഢതകളിലേക്കും ഒരു ജാലകം തുറക്കുകയും ചെയ്യുന്നു.




The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
ROKU
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com



Now baking 4 exciting flavors
HOTCAKEUSA
Premium Plum Fruit & Nut Cake
Plum Cakes Freshly Made in USA
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ഹൂസ്റ്റൺ സെന്റ് ജോസഫ് ഇടവക തിരുനാൾ ഭക്തിസാന്ദ്രം



**ജീമോൻ റാന്നി**

ഹ്യൂസ്റ്റൺ സെന്റ് ജോസഫ് ഫൊറോനാ ദൈവാലയ മധ്യസ്ഥൻ വി. യൗസേപിതാവിന്റെ തിരുനാൾ സാഘോഷം കൊണ്ടാടി.

മാർച്ച് 14 ന് കൊടിയേറ്റോടു കൂടി ആരംഭിച്ച തിരുനാൾ ആചാരണത്തിന് 9 ദിവസത്തെ നൊവേനയ്ക്കും വി. കുർബാനയർപ്പണത്തിനും വിവിധ ദിവസങ്ങളിൽ റവ ഫാ.എബ്രഹാം മുത്തോലത്ത്, റവ ഫാ.കുര്യൻ നെടുവേലിചാലുങ്കൽ,

റവ ഫാ.ടോം പന്നലക്കുന്നേൽ MSFS, റവ ഫാ.മാത്യൂസ് മുഞ്ഞനാട്ട്, റവ ഫാ.വർഗ്ഗീസ് കുന്നത്ത് MST, റവ ഫാ.ജോൺ മണക്കുന്നേൽ, റവ ഫാ. ലുക്ക് മാനുവൽ, റവ ഫാ.അനീഷ് ഈറ്റയ്ക്കാകുന്നേൽ, റവ ഫാ.ജോഷി വലിയവീട്ടിൽ എന്നിവരും ഫൊറോനാ വികാരി റവ ഫാ.ജോണിക്കുട്ടി പുലിശ്ശേരി, അസി.വികാരി റവ ഫാ.ജോർജ് പാറയിൽ എന്നിവരും കാർമ്മികരും സഹകാർമ്മികരുമായി. മാർച്ച് 17-ന് ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ മുഖ്യ കാർമ്മികനായി. തിരുനാളിന്റെ പ്രധാന ദിനങ്ങളായ മാർച്ച് 22 -ന് റാസ കുർബാനയ്ക്കു

വികാരി റവ ഫാ.ജോണിക്കുട്ടി പുലിശ്ശേരിയും, മാർച്ച് 23 -ന് ഞായറായ്ച ആഘോഷമായ തിരുനാൾ കുർബാനയ്ക്കു രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടും മുഖ്യകാർമ്മികരായി. ആഘോഷമായ പ്രദക്ഷിണം തിരുനാൾ ആചാരണത്തിനു മാറ്റു കൂട്ടി. സ്നേഹവിരുന്നോടെ തിരുനാൾ ആചരണം സമാപിച്ചു.

തിരുനാൾ ക്രമീകരണങ്ങൾക്കു കൈക്കാരന്മാരായ സിജോ ജോസ്, പ്രിൻസ് ജേക്കബ്, വർഗ്ഗീസ് കുര്യൻ, ജോജോ തുണ്ടിയിൽ എന്നിവർ നേതൃത്വം നല്കി.



# സീറോ മലബാർ ചിക്കാഗോ രൂപതയുടെ ജൂബിലിക്ക് ഹ്യൂസ്റ്റൺ ഇടവകയിലും തുടക്കമായി

**ജീമോൻ റാന്നി**



2001 മാർച്ച് 13 ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയാൽ സ്ഥാപിതമായ ചിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആചരണത്തിന് തുടക്കമായി. രൂപത തലത്തിലുള്ള ഉത്ഘാടനം ചിക്കാഗോ കത്തീഡ്രൽ ദൈവാലയത്തിൽ രൂപത മുൻ അദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ സാന്നിധ്യത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു.

ജൂബിലി ആചരണത്തിന്റെ ഇടവക തലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം മാർച്ച് 22 ശനിയാഴ്ച വൈകുന്നേരം സെന്റ് ജോസഫ് ഹാളിൽ വച്ച് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു. തദ്‌വസരത്തിൽ ഹ്യൂസ്റ്റൺ സെന്റ് ജോസഫ് ഇടവകയുടെ 20-ാം വാർഷികത്തിൽ തുടക്കം കുറിച്ച ചാരിറ്റി ഹൗസിംഗ് പ്രോജക്ടിന്റെ വീടുകളുടെ സമർപ്പണം ബിഷപ്പ് നിർവഹിച്ചു.

ക്രിസ്തുവിന്റെ തിരുജനനത്തിന്റെ 2025 -ാം ആണ്ട് മഹാജൂബിലിയുടെയും രൂപതയുടെ സിൽവർ ജൂബിലിയുടെയും ഭാഗമായി ഇടവക നടത്തുന്ന വിവിധ കർമ്മപരിപാടികളെക്കുറിച്ചു ഇടവക വികാരി റവ ഫാ.ജോണിക്കുട്ടി പുലിശ്ശേരിയും ജൂബിലി കോർഡിനേറ്റർ സാബു മാത്യൂസും വിശദീകരിച്ചു. ജൂബിലിയോടനുബന്ധിച്ചു ഇടവക പ്രസിദ്ധീകരിക്കുന്ന 'Jubilee of Grace - Bible Verses for Reflection and Renewal' എന്ന ബുക്ക്ലെറ്റിന്റെ പ്രകാശനം ബിഷപ്പ് ആലപ്പാട്ട് നിർവഹിച്ചു. യുവജന പ്രതിനിധികളായ ആൻ ആന്റണിയും ജോയൽ ജോമിയും ബുക്ക്ലെറ്റിന്റെ കോപ്പി ബിഷപ്പിൽ നിന്ന് ഏറ്റുവാങ്ങി.

ജൂബിലി സമ്മേളനത്തിന് ഇടവക അസി. വികാരി റവ ഫാ.ജോർജ് പാറയിൽ സ്വാഗതവും കൈക്കാരൻ സിജോ ജോസ് നന്ദിയും പ്രകാശിച്ചു.

ഫാ.വർഗ്ഗീസ് കുന്നത്ത്, ഫാ.അനീഷ് ഈററയ്ക്കാകുന്നേൽ, മദർ സി. എമിലിൻ എന്നിവർ പ്രസംഗിച്ചു. കൈക്കാരന്മാരായ സിജോ ജോസ്, പ്രിൻസ് ജേക്കബ്, വർഗ്ഗീസ് കുര്യൻ, ജോജോ തുണ്ടിയിൽ എന്നിവർ നേതൃത്വം നല്കി. യൂത്ത് ബോർഡ്, മിഷൻ ലീഗ്, ഹോളി ചൈൽഡ് ഹുഡ് എന്നീ ഭക്ത സംഘടനകൾ അവതരിപ്പിച്ച പരിപാടികളും ക്വയറിന്റെ സംഗീത പരിപാടിയും ചടങ്ങിനെ ആകർഷണീയമാക്കി.

# സൂപ്പർ ഡാഡ് ബാഡ്മിന്റൺ ടൂർണമെന്റ് ഫാ.സിജോ ജോൺ ഉൽഘാടനം ചെയ്തു

## ഫിസ്ഫറോ – ബ്ലാഞ്ചാർഡ്സ്ടൗൺ മാസ് സെന്ററുകൾ വിജയികളായി



ഡബ്ലിൻ : സീറോ മലബാർ അയർലണ്ട് ഡബ്ലിൻ റീജണൽ പിതൃവേദിയുടെ നേതൃത്വത്തിൽ ’ Poppintree Community Sport Centre ൽ വെച്ച് നടന്ന ’’സൂപ്പർ ഡാഡ് ബാഡ്മിന്റൺ മത്സരം റീജനങ്ങൾ ഡയറക്ടർ റവ .ഫാ സിജോ ജോൺ ഉൽഘാടനം ചെയ്തു.റവ .ഫാ സെബാൻ സെബാസ്റ്റ്യൻ , റവ ഫാ .ബൈജു കണ്ണംപിള്ളി, റവ ഫാ ജിൻസ് വാളിപ്ലാക്കർ ,ഫാ പ്രിയേഷ് ,ടങഇഇ ഡബ്ലിൻ റീജണൽ ട്രസ്റ്റി ബെന്നി ജോൺ ,ട്രസ്റ്റി സെക്രട്ടറി ജിമ്മി ആന്റണി,ജോയിന്റ് സെക്രട്ടറി ടോം ജോസ് എന്നിവർ ആശംസകൾ അർപ്പിച്ചു.ഉദ്ഘാടന സമ്മേളനത്തിൽ റീജണൽ പിതൃവേദി പ്രസിഡണ്ട് സിബി സെബാസ്റ്റ്യൻ സെക്രട്ടറി സ്വാഗതം പറഞ്ഞു , ജിത്തു മാത്യു നന്ദി രേഖപ്പെടുത്തി

സൂപ്പർ ഡാഡ് ബാഡ്മിന്റൺ മത്സരത്തിന്റെ സമാപന സമ്മേളനവും മത്സരവിജയികൾക്കുള്ള സമ്മാനദാനവും സീറോ മലബാർ അയർലണ്ട് നാഷണൽ കോർഡിനേറ്റർ റവ ഫാ ജോസഫ് മാത്യു ഓലിയകാട്ടിൽ നിർവഹിച്ചു.

സീറോ മലബാർ ഡബ്ലിൻ റീജിയനിലെ 36 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു .Poppintree Community Sport Centre ലെ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന വാശിയേറിയ മത്സരത്തിൽ ഡബ്ലിൻ റീജിയണിലെ 36 ടീമുകൾ പങ്കെടുത്തു .ആവേശകരമായ മത്സരത്തിൽ പിസ്ബറോ മാസ് സെന്ററിലെ ബാസ്റ്റിൻ ജെയിംസും രാജേഷ് ജോണും Spice Village Indian Cuisine നൽകിയ € 501 സീറോ മലബാർ പിതൃവേദിയുടെ എവർ ട്രോളിംഗ് ട്രോഫിയും നേടി. ’BLUECHIPS TILES കമ്പനി സ്പോൺസർ ചെയ്ത 301 യൂറോ ക്യാഷ് പ്രൈസും പിതൃവേദിയുടെ എവർ ട്രോളിംഗ് ട്രോഫിയും ബ്ലാഞ്ചാർഡ്സ്ടൗൺ മാസ് സെന്ററിലെ ജെറി നോബിളും പ്രകാശ് കുഞ്ചുകുട്ടനും സെക്കന്റ് സ്ഥാനം കരസ്ഥമാക്കി. ബ്ലാഞ്ചാർഡ്സ്ടൗൺ മാസ് സെന്ററിലെ തന്നെ ജോജോ ജോർജും സിജിൻ സിറിയക്കും മൂന്നാം കരസ്ഥമാക്കി ടൗ്യി ഖീലെ സ്പോൺസർ ചെയ്ത് 201 യൂറോ ക്യാഷ് പ്രൈസും സീറോ മലബാർ പിതൃവേദിയുടെ എവർ ട്രോളിംഗ് ട്രോഫിയും കരസ്ഥമാക്കി. സോർട്സ് മാസ് സെന്ററിലെ ആൽവിൻ ജോണിയും ദീപു ജോസും വിൻസന്റ് നിരപ്പേൽ സ്പോൺസർ ചെയ്ത് ന്ന 101 യൂറോയുടെ ക്യാഷ് പ്രൈസും കരസ്ഥമാക്കി .സഭായോഗം സെക്രട്ടറി ബിനോയ് ജോസ് , സീജോ കാച്ചപ്പിള്ളി ,ജോയിച്ചൻ മാ



ത്യു ,ബിനുജിത് സെബാസ്റ്റ്യൻ എന്നിവർ വിജയികൾക്ക് ആശംസകൾ നേർന്നു. Phibsborough ട്രസ്റ്റി ജോമോനും,സോണൽ ട്രസ്റ്റി ബെന്നി ജോൺ എന്നിവർ ടൂർണമെന്റ് റഫറിമാരായിരുന്നു .

പിതൃവേദി മാസ് സെന്റർ പ്രസിഡന്റുമാരായ രാജു കുന്നക്കാട്ട് , ജിത്തു മാത്യു , ഫ്രാൻസിസ് ജോസ് , രാജേഷ് ജോൺ , ടോജോ ജോർജ് ,സണ്ണി ജോസ് , ബാബു ,ജിൻസ് ,ആരോൺ ,ഫ്രാൻസിസ് ജോസഫ് , ബേബി ബാസ്റ്റിൻ ,ആന്റണി ,ജോഷി എന്നിവർ ബാഡ്മിന്റൺ ടൂർണമെന്റ് സുഗമായി നടത്തുന്നതിന് നേതൃത്വം നൽകി .







# പെയർലാൻഡ് ലേഡീസ് ഫോറം സംഘടിപ്പിച്ച രക്തദാനം വൻ വിജയമായി




**ജീമോൻ റാന്നി**

ഹ്യൂസ്റ്റൺ: സെയിന്റ് മേരീസ് പെയർലാൻഡ് ലേഡീസ് ഫോറം സംഘടിപ്പിച്ച രക്തദാനം വൻ വിജയമായി. ഫാ. വർഗീസ് ജോർജ് കുന്നത്തിന്റെയും ട്രസ്റ്റിമാരുടെയും മേൽനോട്ടത്തിൽ പള്ളിയങ്കണത്തിൽ ഞായറാഴ്ച രാവിലെ 10.30ന് തുടങ്ങിയ രക്തദാനം ഉച്ചകഴിഞ്ഞു മൂന്നുമണിവരെ തുടർന്നു. സ്ത്രീകളും യുവജനങ്ങളും അടക്കം നിരവധി ആളുകൾ ഈ യജ്ഞത്തിൽ പങ്കുചേർന്നു. രക്തദാതാക്കൾക്കും വോളന്റിയേഴ്സിനും വേണ്ടി ലേഡീസ് ഫോറം അംഗങ്ങൾ തത്സമയം ഭക്ഷണം ഉണ്ടാക്കി വിതരണവും ചെയ്തു. പരിപാടികൾക്ക് ഫാ.ബിനീഷ്, ലേഡീസ് ഫോറം പ്രസിഡന്റ് സിഞ്ചു ജേക്കബ്, വൈസ് പ്രസിഡന്റ് മഞ്ജു സെബാസ്റ്റ്യൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സിൻസി അജി, ജെൻസി പോൾ , സ്മിതാ മോൻസി, സിജി ജോൺസൺ എന്നിവർ നേതൃത്വം നൽകി.






has been
delivered
rescue after her


KELTRON TAX Corp.
we work hard for you and your dollar
Tax Preparation
Financial Planning
Wealth Management
Business Setups
Non-Profit Registration
Accounting & Auditing
IRS Representation
Notary Public
Serving our clients with integrity and excellence for over 25 years!!
Tom George Kolath
President/Founder
(718) 956 0500
www.KeltronUSA.com
Keltrontax@Keltronusa.com
visit us at

# കെ എച് എൻ എ കാലിഫോർണിയ ശുഭാരംഭം പ്രൗഢോജ്ജ്വലം




**അനിൽ ആറന്മുള**

ലോസ് ആഞ്ചെലസ്: കേരളാ ഹുന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ കാലിഫോർണിയ അംഗങ്ങൾ അണിയിച്ചൊരുക്കിയ ശുഭാരംഭം ജനപങ്കാളിത്തം കൊണ്ടും വൈവിധ്യമാർന്ന പരിപാടികൾ, സംഘാടന മികവ് എന്നിവകൊണ്ടും പ്രൗഢഗംഭീരമായിരുന്നു. മാർച്ച് 22നു സംഘാ വെസ്റ്റ് ഭാരത് സേവാശ്രമത്തിൽ പാഞ്ചജന്യം എന്ന പേരിൽ സംഘടിപ്പിച്ച ശുഭാരംഭം ദുർഗ്ഗാദേവിയുടെ സവിധത്തിൽ പൊങ്കാല അർപ്പണത്തോടെയാണ് ആരംഭിച്ചത്.

ശേഷം നടന്ന പൊതുസമ്മേളനം കെ എച് എൻ എ പ്രസിഡണ്ട് ഡോ. നിഷ പിള്ള, ജനറൽ സെക്രട്ടറി മധു ചെറിയേടത്ത് എന്നിവർ ഭദ്രദീപം കൊളുത്തിയതോടെ ആരംഭിച്ചു.

ദേവാംഗ് പ്രണബ് അതി മനോഹരമായി പ്രാർഥന ശ്ലോകം ആലപിച്ചു. സദസ്സിനു ഏറ്റുചൊല്ലാൻ അവസരം നൽകിയതും പുതുമയായി. 2009 ൽ ലോസ് ആഞ്ചലസിൽ നടന്ന കെ എച് എൻ എ കൺവെൻഷൻറെയും ലോസ് ആഞ്ചലസിൽ നടക്കുന്ന പ്രവർത്തനങ്ങളുടെയും വീഡിയോ പ്രസന്റ്ഷനോടുകൂടിയാണ് സമ്മേളനം ആരംഭിച്ചത്. 2009ൽ വെറും മുപ്പത്തിമൂന്നു കുടുംബങ്ങൾ ആയിരുന്നു എങ്കിൽ ഇന്ന് ആയിരത്തിലധികം ഹിന്ദു കുടുംബങ്ങളാണ് അവിടെയുള്ളത് എന്നത് അഭിമാനപൂർവം വീഡിയോയിൽ സമർഥിക്കുന്നു. ഒപ്പം അടുത്ത കൺവെൻഷന് ആതിഥ്യമരുളാൻ കാലിഫോർണിയ തയ്യാറെടുത്തുകഴിഞ്ഞു എന്ന പ്രഖ്യാപനംകൂടി നമ്മെ ബോധ്യപ്പെടുത്തുന്നു. 2009 കൺവെൻഷനുശേഷം നമ്മെ വിട്ടുപിരിഞ്ഞുപോയവരെ അനുസ്മരിച്ചു വീഡിയോ അവതരണം അവസാനിക്കുന്നു.

അശ്വമേധത്തിനുശേഷം (2023 ഹ്യൂസ്റ്റൻ കൺവെൻഷൻ) ഭഗവാൻ പ്രദർശിപ്പിച്ച തൻറെ വിരാട് സ്വരൂപത്തിനു സമാനം ഉജ്ജ്വലവും ഉത്കൃഷ്ടവുമായിരിക്കും ഈ വർഷം ആഗസ്റ്റിൽ അറ്റ്ലാന്റിക് സിറ്റിയിൽ നടക്കുന്ന കൺവെൻഷൻ എന്ന് ഉത്ഘാടനപ്രസംഗത്തിൽ പ്രസിഡണ്ട് ഡോ. നിഷ പിള്ള പറഞ്ഞു.





കെ എച് എൻ എ യുടെ സിൽവർജൂബിലി കൺവെൻഷന്റെ പ്രത്യേകതകൾ വിവരിച്ച ഡോ നിഷ പിള്ള അതിലേക്കു എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു.

കെ എച് എൻ എ യുടെ വളർച്ചയിൽ കാലിഫോർണിയയുടെ പ്രസക്തി ആർക്കും അവഗണിക്കാനാവില്ല എന്നും ന്യൂജേഴ്‌സിയിൽ നടക്കാൻ പോകുന്ന ചരിത്രത്തിൽ എന്നും ഓർമ്മിക്കുന്ന വിരാട് കൺവെൻഷൻ വിജയിപ്പിക്കാൻ ഏവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാവണമെന്ന് തുടർന്ന് സംസാരിച്ച സെക്രട്ടറി മധു ചെറിയേടത്ത്അഭ്യർഥിച്ചു.

ട്രസ്റ്റീ ബോർഡ് അംഗം ഗോപിനാഥക്കുറുപ്, മുൻ പ്രസിഡന്റുമാരായ ജി കെ പിള്ള, ഡോ രാംദാസ് പിള്ള, മുൻ കൺവെൻഷൻ ചെയർമാൻ രഞ്ജിത് പിള്ള എന്നിവരും സംസാരിച്ചു. കെ എച് എൻ എ മറ്റൊരു തലത്തിലേക്ക് ഉയർത്തുന്നതുൾപ്പടെ എല്ലാവരും ജാഗരൂകരായി പ്രവർത്തിക്കണമെന്നും ഒപ്പം ഉജ്വലമായ ഒരു ശുഭാരംഭം കാഴ്ചവെക്കാൻ കഴിഞ്ഞ കാലിഫോർണിയ അടുത്ത കൺവെൻഷന് വേദിയാകണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

ആശംസകൾ അറിയിച്ച മുൻ ട്രസ്റ്റീ സെക്രട്ടറി പ്രൊഫ. ജയകൃഷ്ണൻ നായർ, ഈ ശുഭാരംഭത്തിനു ചാലക ശക്തിയായി പ്രവർത്തിച്ച ആതിര സുരേഷിന്റെ നേതൃത്വത്തിൽ 2026-27 ലെ കൺവെൻഷൻ കാലിഫോർണിയയിലേക്കു കൊണ്ടുവരുമെന്നും പ്രഖ്യാപിച്ചത് ജനം ഹർഷാരവത്തോടെ സ്വീകരിച്ചു.




വിജയലക്ഷ്മി അവതരിപ്പിച്ച മോഹിനിയാട്ടം, കലാപരിപാടികളിൽ അവതരിപ്പിക്കപ്പെട്ട ഭരതനാട്യവും കഥക്കും എല്ലാം മനോഹരമായിരുന്നു. കവിത മേനോൻ, രമ നായർ എന്നിവർ പൊങ്കാലയ്ക്ക് നേതൃത്വം നൽകി. തങ്കമണി ഹരികുമാർ, അഞ്ജു ശ്രീധരൻ, ശീതൾ അയ്യാത്തൻ, സുനിത ഗോപാലൻ, സജിത എന്നിവർ താലപ്പൊലിക്ക് നേതൃത്വം നൽകി.

ആതിര സുരേഷ്, രവി വള്ളത്തേരി, ഹരികുമാർ ഗോവിന്ദൻ, രാജൻ, ഓം (OHM) പ്രസിഡണ്ട് സുരേഷ് ഇഞ്ചൂർ, സെക്രട്ടറി രഘു അരങ്ങാശ്ശേരി, ബാബ എന്നിവരാണ് പ്രധാനമായും ഉജ്ജ്വലമായ ഈ പരിപാടിയുടെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചത്. ഡോ. സിന്ധു പിള്ള, വിനോദ് ബാഹുലേയൻ എന്നിവർ എംസി മാരായി പ്രവർത്തിച്ചു.



# PARK FUNERAL CHAPELS

## Generations of Dignified Personal Service





### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# 'ടീം മാറ്റ് 2025' കാർഷിക മേള വൻ വിജയമായി



രാജു മൈലപ്രാ

ടാമ്പാ: മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ ആഭിമുഖ്യത്തിൽ മാർച്ച് 22-ന് ശനിയാഴ്ച ടാമ്പായിലെ ക്നായി തൊമ്മൻ ഹാളിൽ വച്ച് നടത്തപ്പെട്ട കാർഷിക മേള (TEAM MAT 2025), വൻപിച്ച ജനപങ്കാളിത്തം കൊണ്ട് ഒരു മഹാ മേളയായി.

അസോസിയേഷന്റെ എല്ലാ കമ്മിറ്റി മെമ്പേഴ്സിന്റേയും ആത്മാർത്ഥമായ സഹകരണവും, പരിശ്രമവും കൊണ്ടാണ് ഈ സംരംഭം ഇത്ര വലിയ വിജയമാക്കിത്തീർക്കാൻ കഴിഞ്ഞതെന്ന് പ്രസിഡന്റ് ജോൺ കല്ലോലിക്കൽ തന്റെ ആമുഖ പ്രസംഗത്തിൽ പരാമർശിച്ചു.

ഒൻപതു മണിയായപ്പോൾ തന്നെ ക്നായി തൊമ്മൻ ഹാളിന്റെ വിശാലമായ ഗ്രൗണ്ടിൽ, സണ്ണി മറ്റമനയുടെ നേഴ്സറിയിൽ നിന്നുമെത്തിച്ച ഫലവൃക്ഷത്തൈകളും, പൂച്ചെടികളും വിതരണത്തിനായി സജ്ജീകരിച്ചുകഴിഞ്ഞു. പത്തുമണിയോടുകൂടി നാടൻ വിഭവങ്ങളടങ്ങിയ തട്ടുകടയും തയ്യാറായി.



ദോശ, ഇഡ്ഡലി, സാമ്പാർ, ഓംലെറ്റ്, കപ്പ, മീൻകറി, ചപ്പാത്തി, ചിക്കൻകറി തുടങ്ങിയ വിഭവങ്ങൾ ചൂടോടെ തയ്യാറിക്കി നൽകിയത് ആസ്വാദ്യകരമായി.

വിവിധയിനം മാവിൻതൈകളും, പച്ചക്കറി വിത്തുകളും, മനോഹാരിതയാർന്ന പൂച്ചെടികളും സ്വന്തമാക്കാൻ ഫ്ളോറിഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള അനേകം മലയാളികൾ എത്തിയതോടുകൂടി കാർഷിക മേള ഒരു സൗഹൃദ സംഗമവേദിയായി.

ഫലവൃക്ഷത്തൈകൾ എത്തിച്ച സണ്ണി മറ്റമന, ബിഷിൻ ജോസഫ്, കാർഷിക മേള നടത്തുവാനുള്ള സ്ഥലം സൗജന്യമായി നൽകിയ ജോസ് കിഴക്കനടിയിൽ, വുമൺസ് ഫോറം ചെയർ ഷീരാ ഭഗവത്തുള്ള, ബാബു പോൾ, ശ്രീധ, ബാബു തുണ്ടശേരി, മാത്യു മുണ്ടിയങ്കൽ, ജിജോ, സുനിത ഫ്ളവർഹിൽ, ഷൈനി, സണ്ണി ഡോണൽ തുടങ്ങി ഈ സംരംഭത്തിനുവേണ്ടി പ്രയത്നിച്ച എല്ലാവർക്കുമുള്ള നന്ദി പ്രസിഡന്റ് ജോൺ കല്ലോലിക്കൽ, സെക്രട്ടറി അനഘ വാര്യർ, ട്രഷറർ ബാബു പോൾ എന്നിവർ ഒരു സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു.






Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# മലയാളി മുസ്ലിംസ് ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ (ങങഏഒ) സംഘടിപ്പിച്ച ഇന്റർഫെയ്ത് ഇഫ്താർ വൻ വിജയമായി



ഹ്യൂസ്റ്റൺ: മലയാളി മുസ്ലിംസ് ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ (MMGH) മാർച്ച് 15 ശനിയാഴ്ച സംഘടിപ്പിച്ച സമൂഹ നോമ്പു തുറ വൻ വിജയമായി. വിവിധ മതവിശ്വാസങ്ങളിലുള്ള നിരവധി വ്യക്തിത്വങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു. MMGH പ്രസിഡന്റ് മുഹമ്മദ് റിജാസിന്റെ നേതൃത്വത്തിലും മറ്റു കമ്മിറ്റിയംഗങ്ങളുടെയും സമർപ്പിതരായ വോളണ്ടിയർമാരുടെയും സഹകരണം കൊണ്ട് ഈ സമൂഹ നോമ്പു തുറ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചു.

വിവിധ മതവിശ്വാസികൾ പങ്കെടുത്ത ഈ സമൂഹ നോമ്പു തുറയിൽ മതസൗഹാർദ്ദം, സമാധാനം, സഹിഷ്ണുത, സർവമത ഐക്യം എന്നിവയുടെ സന്ദേശം പങ്കുവെക്കുകയും, വിവിധ മതവിശ്വാസങ്ങളിലുള്ള വ്യക്തിത്വങ്ങൾ ഒരുമിച്ചു ഈ സന്ദേശം അറിയിക്കുകയും ചെയ്തു.

വിവിധ മതനേതാക്കൾ പങ്കെടുത്ത ഈ ഇഫ്താർ സംഗമത്തിൽ കടഏഒ പ്രസിഡന്റ് ഇമ്രാൻ ഗാസി, ഹ്യൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര പ്രസിഡന്റ് ഡോ. സുബിൻ ബാലകൃഷ്ണൻ, എക്യുമെനിക്കൽ ക്രിസ്ത്യൻ കൗൺസിൽ പ്രസിഡന്റ്, സെയിന്റ് പീറ്റേഴ്സ് & സെയിന്റ് പോൾസ് ചർച്ച് വികാരി ഫാ. ഡോ. ഐസക് ബി പ്രകാശ്, ചർച്ച് ഓഫ് ലാറ്റർ ഡേ സെയിന്റ്സിന്റെ ഹൈ കൗൺസിൽ മെംബർ ഡൗഗ് ബ്രൗൺ, മിഷനറി ചർച്ച് ഓഫ് ഹ്യൂസ്റ്റൺ പാസ്റ്റർ വിൽ മക്കോർഡ്, ഇസ്ലാമിക പണ്ഡിതനും ഐടി പ്രൊഫഷണലുമായ സൽമാൻ ഗാനി, ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന ജനറൽ സെക്രട്ടറി എബ്രഹാം ഈപ്പൻ, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, മിസോറി സിറ്റി ജഡ്ജ് സുരേന്ദ്രൻ കെ. പട്ടേൽ, ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെ.പി. ജോർജ്, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (MAGH) പ്രസിഡന്റ് ജോസ് കെ. ജോൺ, ട്രഷറർ സുജിത് ചാക്കോ, SNDP യോഗം ഹൂസ്റ്റൺ പ്രസിഡന്റ് അഡ്വ. അനിയൻ തയ്യിൽ, മലയാളി എഞ്ചിനീയേഴ്സ് അസോസിയേഷൻ ഹൂസ്റ്റൺ പ്രസിഡന്റ് മനോജ് അനിരുദ്ധൻ എന്നിവരും മറ്റു പ്രമുഖരും, മലയാളി മുസ്ലിം





കമ്മ്യൂണിറ്റി അംഗങ്ങളും, അവരുടെ സുഹൃത്തുക്കളും പങ്കെടുത്തു.

ഈ ഇഫ്താർ സംഗമം മതസൗഹാർദ്ദത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും പ്രതീകമായി മാറി. വിവിധ മത, സംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്നവർ ഒരുമിച്ച് ഐക്യത്തോടെ ഇഫ്താർ ആഘോഷിച്ചത് സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സന്ദേശമായി. കൂടാതെ, മതസൗഹാർദ്ദത്തിനും സാമൂഹിക ഐക്യത്തിനും ഊന്നൽ നൽകുകയും, സമാധാനം, സഹിഷ്ണുത, ഐക്യം എന്നിവയുടെ സന്ദേശം നൽകുകയും ചെയ്തു.

സമർപ്പണത്തിന്റെയും സഹനത്തിന്റെയും മാസമായ ഈ റമദാനിൽ, മലയാളി മുസ്ലിം കമ്മ്യൂണിറ്റി അംഗങ്ങൾ മതസൗഹാർദ്ദം പങ്കുവെച്ചു, എല്ലാവർക്കും നന്ദി അറിയിക്കുകയും ഇത്തരത്തിലുള്ള സമ്മേളനങ്ങൾ വരും വർഷങ്ങളിലും തുടരുമെന്ന് ഞങ്ങഏ ഭാരവാഹികൾ അറിയിക്കുകയും ചെയ്തു.

വാർത്ത: അജി കോട്ടയിൽ





# എമ്പുരാൻ: കാത്തിരുന്നത് വെറുതെയായില്ല, കിടിലനെന്ന് ഫാൻസ്, വൈബ് പോരെന്ന് വിമർശകർ



**ജോർജ് തുമ്പയിൽ**

വമ്പൻ ഹൈപ്പിലെത്തിയ ചിത്രം – 'എമ്പുരാൻ' ആദ്യ ഷോ പൂർത്തിയായപ്പോൾ സമ്മിശ്ര പ്രതികരണങ്ങളാണെത്തുന്നത് . അടിപൊളി പടമെന്നും കിടിലനെന്നുമൊക്കെ മൊത്തത്തിലുള്ള വിലയിരുത്തലുകൾക്കിടയിലും പ്രതീക്ഷിച്ച വൈബ് കിട്ടിയില്ലെന്ന പതിവ് പരാതികളേറെ . ഗംഭീര ദൃശ്യാനുഭവം സമ്മാനിക്കുമ്പോഴും, കഥാപരമായും കലാപരമായും ലൂസിഫറിനൊപ്പം എത്താത്ത , ശരാശരി കാഴ്ചാനുഭവം സമ്മാനിക്കുന്ന ചിത്രമാണ് 'എമ്പുരാൻ' എന്നാണ് വിലയിരുത്തലുകൾ. 'മോഹൻലാലിന്റെ ഉജ്വല പ്രകടനം, അതിശയകരമായ ദൃശ്യങ്ങൾ, കിടിലൻ ആക്ഷൻ രംഗങ്ങൾ എല്ലാം നല്ലത് തന്നെ , എന്നാൽ തിരക്കഥയുടെ ഇഴച്ചിൽ ആളുകളുടെ ക്ഷമ പരീക്ഷിക്കുന്നത് തന്നെ'' ഒരു ടിറ്റർ യൂസർ എഴുതുന്നതിങ്ങനെ.

പ്രിഥ്വിരാജിന്റെ സംവിധാന മികവിനും ഹോളിവുഡ് സ്റ്റൈൽ മേക്കിങ്ങിനും ചിത്രത്തിന് നൂറിന് മുകളിൽ മാർക്ക് നൽകാമെന്നും വിലയിരുത്തുന്ന പ്രേക്ഷകരേറെ . മോഹൻ ലാലിൻറെ മാസ് എൻട്രിയും മുരളി ഗോപിയുടെ ഡയലോഗുകളും തിയേറ്ററുകളിൽ ആവേശപ്പൂരം തന്നെ തീർത്തു എന്നതാണ് ശരി . ഹെലികോപ്റ്റർ ആക്ഷൻസും എല്ലാം കിടിലനായി.

''ശരിക്കും മലയാളത്തിൽ നിന്നൊരു ഇന്റർ നാഷണൽ മൂവി , പ്രിഥ്വിയുടെ മേക്കിങ് ഗംഭീരം! ഇന്റെർവെലിന് ശേഷമുള്ള മോഹൻലാലിൻറെ സീൻ കിടിലൻ . ഹിന്ദിയോ ഇംഗ്ലീഷോ അറിയാത്തവർക്ക് ചിലപ്പോൾ മനസിലാക്കാൻ ചെറിയ ബുദ്ധിമുട്ടുണ്ടാകും. പൂർണമായും ഒരു മലയാളം മൂവി എന്ന് പറയാൻ പറ്റില്ല. ഇത്തരം സിനിമകൾ മലയാള സിനിമയെ ലോകനിലവാരത്തിലേക്കുയർത്തും, '' ഇങ്ങനെ പോകുന്നു ന്യൂജേഴ്സിയിൽ നിന്ന് ഒരു പ്രേക്ഷകന്റെ വിലയിരുത്തൽ.

''ഇവിടെ വീഴുന്ന ഓരോ വിയർപ്പുതുള്ളിയുടെയും വിലയറിഞ്ഞതാണെന്റെ സത്യം. അണികളുടെ ആത്മവിശ്വാസത്തിന്റെ പൊരുളറിഞ്ഞതിന്റെ സത്യം. വലിയ ത്യാഗങ്ങൾ നൽകി ആ തോളിൽ പിടിപ്പിച്ചതിന്റെ സത്യം. സംഭവിച്ചതിനേക്കാൾ വലുത് , സംഭവിക്കാനിരിക്കുന്നതാണെന്ന സത്യം.

വിജയ പരാജയങ്ങൾക്കെല്ലാം ഉപരിയായി വർത്തിക്കുന്നത് ജനങ്ങളോടും ദേശത്തോടുമുള്ള ഒടുങ്ങാത്ത കടമയാണെന്ന സത്യം . വേദിയേക്കാൾ വലുത് സദസാണെന്ന സത്യം.'' ലാലേട്ടനെക്കൊണ്ട് മുരളി ഗോപി പറയിക്കുന്ന ഡയലോഗിൽ എല്ലാം സത്യങ്ങൾ മാത്രം.

''ആരാണ് യഥാർത്ഥത്തിൽ ഖുറേഷി എബ്രഹാം? സ്റ്റീഫൻ നെടുമ്പിള്ളി എങ്ങനെ ഖുറേഷി എബ്രാമായി മാറി? കാലം ഖുറേഷി എബ്രാമിനായി കാത്തുവച്ച പുതിയ പോർക്കളം എവിടെയാണ്? ആരാണ് ഖുറേഷി എബ്രാമിന്റെ എതിരാളി? ഖുറേഷി എബ്രാമിന്റെ വിശ്വസ്തനായ സയിദ് മസൂദിന്റെ കഥയെന്ത്? ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാൻ പ്രേക്ഷകർ ആവേശത്തിലാണ് .

ഒരു ഇന്ത്യൻ സിനിമയ്ക്കും ഇതുവരെ സൃഷ്ടിക്കാൻ കഴിയാത്ത ആവേശവുമായി നാട്ടിലെന്നതുപോലെ അമേരിക്കയിലും തിയേറ്ററുകളെ പൂരപ്പറമ്പാക്കിയാണ് മോഹൻലാൽ- പൃഥ്വിരാജ് ടീം ഒരുക്കിയ 'എമ്പുരാൻ' എത്തിയത് . അമേരിക്കയിലും കാനഡയിലുമായി 100 ലേറെ സ്ക്രീനുകളിലാണ് ചിത്രം പ്രദർശിപ്പിക്കുന്നത്.

2019ലെ ബ്ലോക്ക്ബസ്റ്ററുകളിലൊന്നായ ലൂസിഫറിനു ശേഷം ചിത്രത്തിന്റെ രണ്ടാം ഭാഗമായി പൃഥ്വിരാജ് സംവിധാനം ചെയ്ത സിനിമയിൽ മോഹൻലാൽ ഖുറേഷി എബ്രാം ആയി വീണ്ടുമെത്തുമ്പോൾ ആ എപിക് പെർഫോമൻസ് കാണാനുള്ള ത്രില്ലിൽ ആണ്

ആരാധകർ. മോഹൻലാൽ അവതരിപ്പിക്കുന്ന എബ്രാം ഖുറേഷിയുടെ വലംകൈ ആയ സയീദ് മസൂദ് എന്ന കഥാപാത്രത്തെയാണ് പൃഥ്വിരാജ് ചിത്രത്തിൽ അവതരിപ്പിക്കുന്നത്.

എമ്പുരാൻ റിലീസ് ഡേ ആഘോഷമാക്കാൻ ആശീർവാദ് സിനിമാസ് ആവശ്യപ്പെട്ടതുപോലെ ഇവിടെ ന്യൂ ജേഴ്‌സിയിലും മോഹൻലാൽ ഫാൻസ്, ബ്ലാക്ക് ആൻഡ് ബ്ലാക്ക് ഡ്രെസിൽ കിടിലൻ വൈബിലാണ് എത്തിയത് . പാട്ടും മേളവും ഡാൻസും പോസ്റ്ററുകളും ബാനറുകളും സ്റ്റിക്കറുകളും എല്ലാം കൂടി സംഗതി ആകെ കളറായി. മോഹൻ ലാൽ ഫാൻസ് അസോസിയേഷൻ നോർത്ത് അമേരിക്ക- ഒരു ഡയറക്ടർ ആയ റോഷിൻ ജോർജും ന്യൂ ജേഴ്‌സി ചാപ്റ്ററും ചേർന്നൊരുക്കിയ 'എമ്പുരാൻ' റിലീസ് ഒരുക്കങ്ങൾ ന്യൂജേഴ്‌സിയിൽ തീർത്ത ആവേശം കാണേണ്ടത് തന്നെയായിരുന്നു. പാട്ട് പാടി മോഹൻലാൽ ജയ് വിളിച്ച് ഡാൻസ് കളിച്ച് ആഘോഷമായിട്ടായിരുന്നു ന്യൂ ജേഴ്‌സിയിലെ സ്പാർട്ടയിലേക്ക് ഫാൻസിന്റെ വരവ് . അമേരിക്കൻ തീയേറ്ററായിരുന്നിട്ട് കൂടി ഇന്റർവെലിൽ പഴം പൊരിയും നൽകിയത് ഷോ കൊഴുപ്പിച്ചു .ആദ്യഷോയിൽ ഇവിടുത്തെ 3 തിയേറ്ററുകളിലെയും എല്ലാ ഷോയും ഫുളി പായ്ക്ഡ് ആയിരുന്നു.

'എമ്പുരാന്റെ' റിലീസിനോടനുബന്ധിച്ച് ടൈംസ് സ്‌ക്വയറിൽ വിഡിയോ വാളിൽ ചിത്രത്തിന്റെ ട്രെയിലർ മാർച്ച് 16 ഞായറാഴ്ച പ്രദർശിപ്പിച്ചിരുന്നു. അമേരിക്കയിലെ ലാലേട്ടൻ ഫാൻസിന്റെ ഏറ്റവും വലിയ ഈ ഒത്തുകൂടലിൽ എല്ലാവരും വെള്ള ഷർട്ടും മുണ്ടുമണിഞ്ഞാണ് പങ്കെടുത്തത് . ആശിർവാദ് ഹോളിവുഡ് ആണ് ഈ ഒത്തുചേരൽ ഒരുക്കിയത് .റോഷിൻ ജോർജും മക്കളുമെല്ലാം ചേർന്ന് സംഗതി വേറെ ലെവലാക്കി. കിടു പെർഫോമൻസ്, അന്നത്തെ ആ വൈബ് ഒന്ന് കാണേണ്ടത് തന്നെയായിരുന്നു.

കുറച്ചു നാളുകളായി എമ്പുരാൻ പോസ്റ്ററിലെ തീ തുപ്പുന്ന ചുവന്ന ഡ്രാഗണിനും പുറം തിരിഞ്ഞു നിൽക്കുന്ന വില്ലനും പിറകെയായിരുന്നു സോഷ്യൽ മീഡിയ. ആരായിരിക്കും ചിത്രത്തിലെ ആ വില്ലനെന്ന ചോദ്യത്തിന് ആമിർ ഖാൻ, ഫഹദ് ഫാസിൽ, ഹോളിവുഡ് സിനിമകളിലൂടെ ശ്രദ്ധേയനായ റിക്ക് യൂൻ തുടങ്ങി പല നടൻമാരുടെയും പേരുകളാണ് സോഷ്യൽ മീഡിയയിൽ നിറഞ്ഞത്. ലോകപ്രശ്സതമായ ക്രിമിനൽ ഗ്യാങായ യാക്കൂസ ഗ്യാങ് ആയിരിക്കും എബ്രാം ഖുറേഷിയുടെ എതിരാളിയായി എത്തുകയെന്നും സോഷ്യൽ മീഡിയയിൽ ചിലർ പറഞ്ഞിരുന്നു .

മോഹൻലാൽ, പൃഥ്വിരാജ്, ടൊവിനോ തോമസ്, മഞ്ജു വാരിയർ, ഇന്ദ്രജിത്ത് തുടങ്ങിയ ഉൾപ്പെടെ വൻതാര നിര ചിത്രത്തിന്റെ ആദ്യപ്രദർശനത്തിന് കൊച്ചിയിലെ കവിതാ തിയേറ്ററിൽ എത്തിയിരുന്നു എന്നാണ് വാർത്തകൾ. ചിത്രത്തിന്റെ പ്രൊമോഷൻ വർക്കുകൾ കഴിഞ്ഞ് ഇന്നലെ കൊച്ചിയിൽ തിരിച്ചെത്തിയ മോഹൻ ലാലും പ്രിത്വിരാജും അടക്കമുള്ള എമ്പുരാൻ ടീമിനെ ആരാധകർ വൻ ആവേശത്തോടെയാണ് എതിരേറ്റത് . എവിടെയും ഉയർന്നുകേട്ടു 'ലാലേട്ടാ' വിളികൾ .

ഏറ്റവുമൊടുവിൽ ലഭ്യമാകുന്ന കണക്കുകൾ പ്രകാരം ആദ്യദിനത്തിൽ 50 കോടി കളക്ഷൻ നേടുന്ന മലയാളത്തിലെ ആദ്യ ചിത്രമായി മാറിയിരിക്കുകയാണ് എമ്പുരാൻ . റിലീസിന് മുമ്പേ മലയാളസിനിമയിലെ പല റെക്കോഡുകളും 'എമ്പുരാൻ' ഭേദിച്ചിരുന്നു. റിലീസ് ദിനത്തിലെ ടിക്കറ്റ് വിൽപ്പനയിലൂടെ മാത്രം ചിത്രം 50 കോടി രൂപ നേടി. ചരിത്രത്തിൽ ആദ്യമായാണ് ഒരു സിനിമ റിലീസ് ദിനത്തിൽ ഇത്രയും വലിയ തുക നേടുന്നത്. 58 കോടിയിലേറെ രൂപയുടെ അഡ്വാൻസ് ടിക്കറ്റ് ബുക്കിങ്ങും സിനിമയ്ക്ക് ലഭിച്ചിരുന്നു. ഇന്ത്യൻ സിനിമയിൽ തന്നെ ആദ്യമായാണ് സിനിമ ഇറങ്ങും മുൻപ് ഇത്രയും ടിക്കറ്റുകൾ വിറ്റു പോകുന്നത്. കേരളത്തിലെ സിനിമാ വ്യവസായത്തിനും സാംസ്‌കാരിക ക്ഷേമനിധിക്കും ഒക്കെ ഈ സിനിമ നേട്ടമേ കൊണ്ടുവരൂ . വിദേശ സിനിമ എടുക്കുന്ന പോലെ പൃഥ്വിരാജ് ഈ ചിത്രം ചെയ്തു .എല്ലാവർക്കും ഇതുപോലൊരു ചിത്രം ചെയ്യാനും സംവിധാനം ചെയ്യാനും കഴിയില്ല. വല്ലപ്പഴും മാത്രം നമ്മെ തേടി വരുന്ന 'എമ്പുരാൻ', - എല്ലാവർക്കും വേണ്ട എല്ലാം ഇതിലുണ്ട്.

എമ്പുരാന്റെ ഓളം നാട്ടിലെവിടെയും കാണാനുണ്ടെന്നാണ് അവിടെ നിന്നുള്ള വാർത്തകൾ പറയുന്നത് . ചിത്രം കാണാനായി ജീവനക്കാർക്ക് ഫ്രീ ടിക്കറ്റും ലീവും അനുവദിച്ച കൊച്ചിയിലെ എസ്തെറ്റ് എന്ന ഡിജിറ്റൽ മാർക്കറ്റിങ് കമ്പനിയുടെ വാർത്ത ശ്രദ്ധ നേടിയിരുന്നു. പിന്നാലെ മാർച്ച് 27ന് എമ്പുരാൻ കാണാൻ വിദ്യാർഥികൾക്ക് അവധി നൽകിയ ബെംഗളൂരുവിലെ ഗുഡ് ഷെപ്പേർഡ് ഇൻസ്റ്റിറ്റ്യൂഷനും വാർത്തകളിൽ ഇടം പിടിക്കുന്നു. വിദ്യാർത്ഥികൾക്ക് അവധി പ്രഖ്യാപിച്ചുകൊണ്ടുള്ള പോസ്റ്ററും കോളജ് അധികൃതർ പുറത്തുവിട്ടു. കോളജിലെ വിദ്യാർത്ഥികൾക്കും മറ്റ് സ്റ്റാഫുകൾക്കുമായി ഒരു പ്രത്യേക ഫാൻസ് ഷോയും കോളജ് ഒരുക്കിയിട്ടുണ്ട്.

2023 ഒക്ടോബർ 5 ന് ഫരീദാബാദിൽ ചിത്രീകരണം ആരംഭിച്ച എമ്പുരാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, യുകെ, യുഎഇ, ചെന്നൈ, മുംബൈ, ഗുജറാത്ത്, ലഡാക്ക്, കേരളം, ഹൈദരാബാദ്, ഷിംല, ലേ എന്നിവയുൾപ്പെടെ വിവിധ സ്ഥലങ്ങളിൽ ആയാണ് ഒരുക്കിയത്. മഞ്ജു വാര്യർ, ടൊവിനോ, ഇന്ദ്രജിത്ത് എന്നിവർക്കൊപ്പം നിരവധി ഹോളിവുഡ് താരങ്ങളും ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. കില്ലിങ് ഈവ്, വാരിയർ നൺ എന്നീ സീരിസുകളിൽ അഭിനയിച്ച ആൻഡ്രിയ ടിവദറും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നു.

മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി, കന്നഡ ഭാഷകളിൽ പാൻ ഇന്ത്യൻ റിലീസായി എത്തുന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് പൃഥ്വിരാജ് സുകുമാരനാണ് .മുരളി ഗോപിയാണു കഥയും തിരക്കഥയും. മലയാള സിനിമയുടെ ചരിത്രത്തിലെ ആദ്യത്തെ ഐമാക്സ് റിലീസായി എത്തുന്ന സിനിമ കൂടിയാണിത്.

ഇന്ത്യയിൽ എമ്പുരാൻ ഏറ്റവുമധികം ഷോകൾ കളിക്കുന്നത് ബെംഗളൂരുവിൽ ആണ് എന്ന് നടനും നിർമ്മാതാവുമായ പൃഥ്വിരാജ് വെളിപ്പെടുത്തി . 1000ത്തിലധികം ഷോകളാണ് ബെംഗളൂരുവിൽ എമ്പുരാൻ കളിക്കുന്നത് . കേരളത്തിൽ മാത്രം 750 സ്‌ക്രീനുകളിലാണ് ചിത്രം പ്രദർശിപ്പിക്കുന്നത്.





Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy



# പ്രൊഫ കെ.എസ്. ആന്റണിയുടെ നിര്യാണത്തിൽ ഷിക്കാഗോ പൗരാവലി അനുശോചനം രേഖപ്പെടുത്തി

**ജോഷി വള്ളിക്കളം**

ഷിക്കാഗോ: നോർത്തമേരിക്കയിലെ ആദ്യ മലയാളി സംഘടനയായ ഷിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റ് പ്രൊഫ.കെ.എസ്. ആന്റണിയുടെ നിര്യാണത്തിൽ ഷിക്കാഗോ പൗരാവലി അനുശോചനം രേഖപ്പെടുത്തി.

ചങ്ങനാശ്ശേരി നിവാസിയായിരുന്ന പ്രൊഫ.കെ.എസ്. ആന്റണി കേരളത്തിലെ പ്രമുഖ കോളേജായ സെന്റ് ബർക്കുമാൻസ് കോളേജിൽ നിന്നും 1952 കാലഘട്ടത്തിൽ ഫിസിക്സിൽ ഡിഗ്രി പൂർത്തീകരിച്ചതിനുശേഷം ബീഹാർ യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റേഴ്സും കരസ്ഥമാക്കി.

1957–61 കാലഘട്ടത്തിൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു.

1961–ൽ അമേരിക്കയിലെ ഷിക്കാഗോയിൽ കുടിയേറുകയും 1967–ൽ ഡിവോൾ യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ മാസ്റ്റേഴ്സ് എടുക്കുകയുണ്ടായി. കോളേജ് ഓഫ് ഇല്ലിനോയിസിൽ ഫാർമസിയിൽ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. എൻജിനീയറിംഗ് കോളേജിൽ എൻജിനീയറിംഗ് പഠനത്തിനോടനുബന്ധിച്ച് സെയിൽ ടെസ്റ്റ് ഡിപ്പാർട്ട്മെന്റിലും ജോലി ചെയ്തിട്ടുണ്ട്.

1994–ൽ ഇന്റർനാഷ്ണൽ സോയിൽ ടെസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും റിസേർച്ച് ഡയറക്ടറായി റിട്ടയർ ചെയ്യുകയുണ്ടായി. ഇല്ലിനോയിസ് യൂണിവേഴ്സിറ്റി ഇൻ ഷിക്കാഗോയിൽ റിട്ടയർമെന്റിനുശേഷം നിരവധി വർഷത്തോളം പ്രൊഫസർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആദ്യ പ്രസിഡന്റായി 1972–ൽ തിരഞ്ഞെടുക്കപ്പെട്ട ശേഷം 1978–ൽ വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ഷിക്കാഗോയിൽ ക്രിസ്ത്യൻ സമൂഹത്തിൽ ''കേരള കാത്തലിക് ഫെലോഷിപ്പ്'' എന്ന സംഘടന രൂപീകൃതമായപ്പോൾ ആദ്യ ട്രഷറായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1984–ൽ സീറോ മലബാർ രൂപീകൃതമായപ്പോൾ അതിന്റെ സെക്രട്ടറിയായി നാലു വർഷക്കാലം സേവനം ചെയ്യുകയുണ്ടായി. 1988–ൽ ഫൊക്കാനയുടെ കൺവെൻഷൻ ഷിക്കാഗോയിൽ വച്ചു നടന്നപ്പോൾ ഫൊക്കാനയുടെ റീജിയണൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഫെഡറേഷൻ ഓഫ് ഇൻഡ്യൻ അസോസിയേഷൻ(FIA)ഡയറക്ടംഗമായും മലയാളി എൻജിനീയേഴ്സ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക(MENA)യുടെ 1995–ൽ പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

SB-അസംഷൻ അലൂംമ്നി രൂപീകരിക്കുന്നതിന് തുടക്കമിട്ടതും പ്രൊഫ.കെ.എസ്. ആന്റണിയായിരുന്നു.



സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പ്രൊഫ.കെ.എസ്. ആന്റണിയുടെ സംഭാവന ഒരിക്കലും

വിസ്മരിക്കാനാവാത്തതാണ്.

അദ്ദേഹത്തിന്റെ ഭാര്യ കുഞ്ഞമ്മ. മൂന്നു മക്കൾ മൈക്കിൾ, സോഫി, സോജ എന്നിവരാണ്.

പ്രൊഫ.കെ.എസ്. ആന്റണിയുടെ നിര്യാണത്തിൽ ഷിക്കാഗോ പൗരാവലിക്കു വേണ്ടി ഷിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ്, സെന്റ് ബെർക്കുമാൻസ് കോളേജ് മുൻ ചെയർമാൻ, എസ്.എം.സി.സി. മുൻ പ്രസിഡന്റ്, എസ്.ബി. അസംപ്ഷൻ അലുംമിന മുൻ ജോ.ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ജോഷി വള്ളിക്കളം അനുശോചനം അറിയിക്കുകയുണ്ടായി.
















# ശ്രേഷ്ഠ കാതോലിക്കാ ബാവയെ ആദരിച്ച് കവിത; അഭിഷേക ചടങ്ങിൽ സമർപ്പിച്ചു




ലബനനിൽ വച്ച അഭിഷിക്തനായ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് പ്രഥമൻ ബാവക്ക് ന്യൂ യോർക്ക് റോക്ക് ലാൻഡിൽ നിന്നുള്ള ഷൈമി ജേക്കബ് ബാവയെപ്പറ്റി താനെഴുതിയ ഇംഗ്ലീഷ് കവിത ഫലകത്തിലാക്കി സമർപ്പിച്ചത് ഏറെ ശ്രദ്ധേയമായി.

അഭിവന്ദ്യനായ മോർ ബസേലിയോസ് ജോസഫ് ബാവക്ക് ആദരവ്

വിശ്വാസവും ജ്ഞാനവും കൃപയും നിറഞ്ഞ ഇടയനായ അഭിവന്ദ്യ മോർ ബസേലിയോസ് ജോസഫ് ബാവയെ നമ്മൾ ആദരിക്കുന്നു. അദ്ദേഹം തന്റെ ദിവ്യവിളിയിലേയ്ക്ക് ഉയരുമ്പോൾ, അദ്ദേഹത്തിന്റെ പാത ദൈവിക വെളിച്ചത്താൽ പ്രകാശിക്കട്ടെ, അദ്ദേഹത്തിന്റെ ശബ്ദം സത്യത്തിന്റെ പ്രതിധ്വനിയാകട്ടെ , അദ്ദേഹത്തിന്റെ നേതൃത്വം പ്രത്യാശയുടെ ദീപസ്തംഭവുമാകട്ടെ. ഈ കവിത അദ്ദേഹത്തിന്റെ അചഞ്ചലമായ ഭക്തിക്കുള്ള അഞ്ജലിയാണ്, അദ്ദേഹത്തിന്റെ കരുത്തിനും ആരോഗ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥനയും അദ്ദേഹത്തിന്റെ വിശുദ്ധവും മനോഹരവുമായ യാത്രയുടെ ആഘോഷവുമാണ്.

ദൈവമേ, കരുണയും ദിവ്യസ്നേഹവും നിറഞ്ഞവനേ,
ഇന്ന്, അങ്ങയുടെ മഹത്വം പ്രകാശിക്കട്ടെ.
ലെബനന്റെ കുന്നുകൾ ഭക്തിയോടെ നിലകൊള്ളുമ്പോലെ,
ഈ ഇടയനെ അങ്ങയുടെ കൈകൊണ്ട് അനുഗ്രഹിക്കണമേ.
ബാല്യം മുതൽ കൃപയിൽ അദ്ദേഹത്തിന്റെ പാതയെ,
ഹൃദയത്തിന്റെ വാഞ്ചയെ അവിടുന്ന് രൂപപ്പെടുത്തി.
തിളക്കമുള്ള വിശ്വാസത്തോടെ മുന്നേറിയ ഡീക്കൻ,
ഇപ്പോൾ വിശുദ്ധ വെളിച്ചത്തിൽ നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.
ആഴമേറിയതും മഹത്തായതുമായ പരീക്ഷണങ്ങളുണ്ടായിട്ടും
അദ്ദേഹം അങ്ങയുടെ കൽപ്പനപ്രകാരം നടന്നു.
ആമേൻ.
പ്രാർത്ഥനാപൂർവ്വം,
ഷൈമി ജേക്കബ്
ന്യൂയോർക്ക്

Honoring His Beatitude Mor Baselios Joseph

On this sacred day, March 25, 2025, we honor His Beatitude Mor Baselios Joseph, a shepherd of faith, wisdom, and grace. As he ascends to his divine calling, may his path shine with God's light, his voice echo with truth, and his leadership be a beacon of hope. This poem stands as a tribute to his unwavering devotion, a prayer for his strength, his health and a celebration of his sacred and graceful journey.

O Lord, full of mercy, love divine,
Upon this day, let Your glory shine.
As Lebanon's hills in reverence stand,
Bless this shepherd by Your hand.
From childhood days in humble grace,
You shaped his path, his heart's embrace.
A deacon young, with faith so bright,
Now called to lead in holy light.
Through trials deep and lessons grand,
He walked the road by Your command.
With wisdom taught by saints of old,
His spirit strong, his calling bold.
The Bawa past, with hands so kind,
Bestowed his prayers, his will aligned.
The Patriarch, with blessings pure,
Now seals his role, steadfast and sure.
O Jesus Christ, anoint his soul,
Let love and truth his steps control.
Holy Spirit, fire divine,
Upon his lips, let wisdom shine.
Before the Synod's sacred hall,
May heaven's voice upon him call.
With peace and justice as his guide,
Let faith in him forever abide.
O Lord of ages, near and far,
Bless our Bawa, like a Sol star.
Through Lebanon's hills, let echoes ring,
A servant crowned to serve the King.

Amen.

Prayerful,

Shaimi Jacob
New York


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL

# കഥയും കവിതയും സാഹിത്യേതര വിഷയങ്ങളും സമന്വയിച്ചൊരു സർഗ്ഗവേദി



മാർച്ച് 23 ലെ മനോഹാരസായാഹ്നം. ന്യൂയോർക്ക് കേരളാ സെന്ററിൽ പി. ടി. പൗലോസിന്റെ സ്വാഗതപ്രസംഗത്തോടെ സർഗ്ഗവേദിയുടെ പ്രതിമാസയോഗത്തിന് തുടക്കമായി. വിശിഷ്ടാതിഥിയായെത്തിയത് വി. എസ്. അച്യുതാനന്ദൻ കേരള മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഐറ്റി ഉപദേഷ്ടാവായിരുന്ന ജോസഫ് സി മാത്യു. കേരളത്തിലെ ചൂടേറിയ ചാനൽ ചർച്ചകളിൽ വിഷയങ്ങൾ ആഴത്തിൽ പഠിച്ച് വിശകലനം ചെയ്ത് സമർത്ഥമായി അവതരിപ്പിക്കുന്ന സൗമ്യനായ രാഷ്ട്രീയ നിരീക്ഷകനാണ് ജോസഫ് സി മാത്യു എന്ന് സ്വാഗതപ്രസംഗകൻ ചൂണ്ടിക്കാട്ടി.

ജോസഫ് സി മാത്യു തന്റെ പ്രസംഗത്തിൽ കേരളത്തിലെ ഇപ്പോഴത്തെ സമരതീഷ്ണമായ രാഷ്ട്രീയ അന്തരീക്ഷത്തെക്കുറിച്ചും അത് പരിഹരിക്കേണ്ട സംസ്ഥാന സർക്കാരിന്റെ അനാസ്ഥയെക്കുറിച്ചും ആഴത്തിൽ സംസാരിച്ചു. ജനാധിപത്യ സംവിധാനത്തിൽ സർക്കാർ 'ഭരണാധികാരികൾ' അല്ല അവർ ജനങ്ങൾക്കു വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റർസ് ആയിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അലക്സ് എസ്തപ്പാൻ, കോരസൺ വർഗീസ്, രാജു തോമസ്, ബാബു പാറക്കൽ, മോൻസി കൊടുമൺ, മാത്യു വാഴപ്പിള്ളി, മാമ്മൻ മാത്യു, ജോസ് ചെരിപുറം എന്നിവർ ചർച്ചയിൽ സജീവമായി പങ്കെടുത്തു.

യോഗത്തിൽ രാജു തോമസ് 'ഒരു നിരാശിതന്റെ ആമന്ത്രണം',ജോസ് ചെരിപുറം 'ലഹരി', ബാബു പാറക്കൽ 'ഉത്തരം നൽകുമോ', മോൻസി കൊടുമൺ 'സമ്മതിദാനാവകാശം' 'സാന്റി ' എന്നീ സ്വന്തം കവിതകളും പി. ടി. പൗലോസ് തന്റെ 'തലമുറ' എന്ന കഥയും അവതരിപ്പിച്ചു. അത്താഴവും സൗഹൃദഭാഷണങ്ങളുമായി ഒരു സർഗ്ഗസായാഹ്നത്തിന് തിരശീല വീണു.



പി. ടി. പൗലോസ്





# ചീഫ് സെക്രട്ടറി ശാരദാ മുരളീധരന്റെ നിറത്തെ അവഹേളിച്ച അധമ വികാരം




എ.എസ് ശ്രീകുമാർ

ലോകം ഇത്രയേറെ പുരോഗമിച്ചിട്ടും ചില മനുഷ്യരുടെ മനസ് പ്രാചീന ഇരുണ്ട യുഗത്തിൽത്തന്നെയാണെന്ന് തെളിയിക്കുന്ന സംഭവങ്ങളാണ് കേരളത്തിലും അരങ്ങേറുന്നത്. കറുപ്പ് നിറത്തിന്റെ പേരിൽ തനിക്ക് വിവേചനം നേരിട്ടെന്ന ചീഫ് സെക്രട്ടറി ശാരദ മുരളീധരന്റെ വെളിപ്പെടുത്തൽ ഞെട്ടലുളവാക്കുന്നതാണ്. തന്റേയും ഭർത്താവും മുൻ ചീഫ് സെക്രട്ടറിയുമായ വി വേണുവിന്റേയും നിറവ്യത്യാസത്തെ കുറിച്ച് ഒരാൾ നടത്തിയ മോശം പരാമർശത്തെ കുറിച്ചുള്ള ഫേസ്ബുക്ക് പോസ്റ്റിലായിരുന്നു ശാരദ മുരളീധരന്റെ വൈകാരികമായ കുറിപ്പ്. ഇതിന് സമൂഹമാധ്യമങ്ങളിൽ വ്യാപക പിന്തുണ ലഭിക്കുന്നുണ്ട്. €കറുപ്പിനെന്താ കുഴപ്പം...€ എന്ന ടാഗ് ലൈനോട് കൂടി സമൂഹ മാധ്യമങ്ങളിലടക്കം വലിയ സ്വീകാര്യതയാണ് ശാരദാ മുരളീധരന് ഇപ്പോൾ ലഭിക്കുന്നത്.

ചീഫ് സെക്രട്ടറി എന്ന നിലയ്ക്കുള്ള തന്റെ പ്രവർത്തനം കറുപ്പും മുൻ ചീഫ് സെക്രട്ടറിയായ ഭർത്താവിന്റെ പ്രവർത്തനം വെളുപ്പുമായിരുന്നുവെന്ന തരത്തിൽ ഒരാൾ താരതമ്യം ചെയ്തത് അപ്രതീക്ഷിതമാണെന്ന് പറഞ്ഞ ശാരദ മുരളീധരൻ, മുൻപും താരതമ്യങ്ങൾ ഒരുപാട് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു. തനിക്കുനേരെ ഉണ്ടായ പരാമർശം ഒരു നിമിത്തം മാത്രമാണ്. ആരാണ് പരാമർശം നടത്തിയതെന്ന് പറയില്ല. അത് അറിയാതിരിക്കുന്നതാണ് നല്ലത്. നമ്മളുടെ പ്രതികരണം മൂലം ഇത് ചർച്ചാ വിഷയമാകുകയാണെങ്കിൽ പ്രതികരിക്കേണ്ടതല്ലേ. വിഷയം ചർച്ചചെയ്യപ്പെടേണ്ടതാണെന്ന് കുറച്ചുപേർ തന്നോട് പറഞ്ഞുവെന്നും ശാരദ മുരളീധരൻ പറഞ്ഞു.

ഭർത്താവായ വേണുവിന്റെ പ്രചോദനമാണ് എഫ്.ബി പോസ്റ്റിടാൻ പ്രേരിപ്പിച്ചത്. വിഷയം തങ്ങൾ തമ്മിൽ സംസാരിച്ചു. പ്രതികരിക്കാനുള്ള ധൈര്യം നൽകിയത് വേണുവാണ്. മക്കളുമായും ഇക്കാര്യം പങ്കുവെച്ചു. ആത്മവിശ്വാസം നൽകുന്ന തരത്തിലാണ് മക്കൾ പലപ്പോഴും പ്രതികരണം നടത്തുന്നത്. തനിക്ക് ചേരില്ലെന്ന് പറഞ്ഞ് ഒരു വസ്ത്രം ഒഴിവാക്കുമ്പോൾ, €ഇല്ല അമ്മാ... അമ്മ സ്മാർട്ടാണ്...€ എന്ന് പറഞ്ഞ് മക്കൾ ആത്മവിശ്വാസം നൽകും. വ്യത്യസ്തമായി ചിന്തിക്കാൻ കഴിയുന്ന ഒരു ജനത നമ്മുടെ ചെറുപ്പക്കാർക്കിടയിൽ ഉണ്ട്. അത് സന്തോഷം നൽകുന്നതാണെന്നും ശാരദ മുരളീധരൻ പറഞ്ഞു.

നിറത്തിന്റെ പ്രശ്നം അനുഭവിക്കാത്തവർക്ക് ഇത് ചെറിയ കാര്യമാണെന്ന് തോന്നും. പക്ഷേ, അത് അനുഭവിച്ചവരെ സംബന്ധിച്ച് സ്വന്തം വ്യക്തിത്വത്തെ ഉൾപ്പെടെ ചോദ്യംചെയ്യുന്ന വലിയ വിഷയമാണ്. ഈ വിഷയത്തെ മൊത്തത്തിൽ നമുക്ക് മാറ്റിമറിക്കണം. €കറുപ്പിന് ഏഴഴക്...€ എന്ന് കുട്ടിക്കാലം മുതൽ പറയുന്നത് ആശ്വസിപ്പിക്കുന്ന പോലെയാണ്. കറുത്ത കുട്ടിയെ കിട്ടുമ്പോൾ €സാരമില്ല കറുപ്പിന് ഏഴഴകാണല്ലോ...€ എന്ന് പറഞ്ഞ് ആശ്വസിപ്പിക്കുന്നത് പതിവാണെന്നും ശാരദ മുരളീധരൻ ചൂണ്ടിക്കാട്ടി. ഭർത്താവ് ഡോ. വി വേണുവിൽ നിന്നാണ് കേരളത്തിന്റെ 49-ാമത്തെ ചീഫ് സെക്രട്ടറിയായി ശാരദ മുരളീധരൻ സ്ഥാനം ഏറ്റെടുത്തത്. സെക്രട്ടറിയേറ്റിൽ അതൊരു അപൂർവ നിമിഷമായിരുന്നു. കേരള ചരിത്രത്തിൽ ആദ്യത്തേതും.

മനുഷ്യ ചർമ്മത്തിലെ എപിഡെർമിസിലും (പുറം തൊലി) കണ്ണുകളിലെ റെറ്റിനയിലെ യുവിയയിലും ഉള്ള കോശങ്ങളാണ് മെലനോസൈറ്റുകൾ. മെലാനോജെനിസിസ് എന്നറിയപ്പെടുന്ന പ്രക്രിയയിലൂടെ മെലനോസൈറ്റുകൾ €മെലാനിൻ€ എന്ന പിഗ്മെന്റ് ഉൽപ്പാദിപ്പിക്കുന്നു. ത്വക്കിനും കണ്ണുകൾക്കും, രോമങ്ങൾക്കും നിറം കൊടുക്കുന്നത് മെലാനിൻ ആണ്. വെളുത്ത നിറമുള്ളവരിൽ മെലാനോജെനസിസ് താരതമ്യേന കുറവായിരിക്കും. കറുത്തവരിൽ അത് കൂടുതലായിരിക്കും, അത്രമാത്രം. ഈ ശാസ്ത്രീയ വശം അറിയാതെയോ, അറിയില്ലെന്ന് നടിച്ചോ ആണ് കറുത്ത നിറമുള്ളവരെ മെലാനോജെനസിസ് കുറഞ്ഞവർ വല്ലാതെ അധിക്ഷേപിക്കുന്നത്.

ഇതാണ് വർണ വിവേചനം അഥവാ അപർതേയ്ഡ്. ദക്ഷിണാഫ്രിക്കയിലെ കറുത്തവരും വെള്ളക്കാരുമായുള്ള വിവേചനം, നാസി ജർമ്മനിയിലെ ആര്യന്മാരും ജൂതന്മാരും തമ്മിലുള്ള സംഘർഷം, ഇന്ത്യയിലെ സവർണ്ണരും അവർണ്ണരും തമ്മിലുള്ള വേർതിരിവ് തുടങ്ങിയവയിലെല്ലാം വംശമഹിമയുടെയും വർണ്ണവിവേചനത്തിന്റെയും വ്യത്യസ്ത തലങ്ങൾ അടങ്ങിയിരിക്കുന്നു. വർണവിവേചനത്തിനെതിരെ മാർട്ടിൻ ലൂഥർ കിങ് അമേരിക്കയിൽ നടത്തിയ സ്വാതന്ത്ര്യ സമര ഘോഷങ്ങൾ ഉൾക്കൊള്ളുന്നവരാണ് ഭാരതീയർ. മാർട്ടിൻ ലൂഥർ കിങ്ങും ഒരു കറുത്ത വർഗ്ഗക്കാരനായിരുന്നു. വർണ്ണവിവേചനത്തിനെതിരെ പൊരുതി മരിച്ച നെൽസൺ മണ്ടേലയുടെ ജീവചരിത്രത്തിലെ കറുത്ത അധ്യായങ്ങൾ മനുഷ്യനെ നിറ

ത്തിന്റെ പേരിൽ വേർതിരിച്ച് കാണാൻ നമുക്ക് പ്രാപ്തി നൽകുന്നില്ല.

ഇന്ത്യയുടെ രാഷ്ട്ര പിതാവായ മഹാത്മാ ഗാന്ധിജിയുടെ നിറം എന്തായിരുന്നു എന്നുള്ളതിനെ പറ്റി പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. സൗത്ത് ആഫ്രിക്കയിൽ പഠനത്തിനു പോയ മഹാത്മജി തൊലി നിറത്തിന്റെ പേരിൽ വെളുത്തവരാൽ ചവിട്ടി പുറത്താക്കപ്പെട്ടപ്പോഴും അവിടെ സ്വാതന്ത്ര്യത്തിന്റെ പതാക ഉയർത്തിക്കൊണ്ടാണ് അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി വന്നത്. അങ്ങനെ തൊലിവെളുപ്പുള്ളവൻ ആക്രമിച്ചു കീഴടക്കിയ ഭാരതത്തെ അവറ്റകളുടെ കൈയിൽ നിന്നും വിമോചിപ്പിച്ച് ഇന്ത്യ എന്ന സ്വതന്ത്ര പരമാധികാര രാഷ്ട്രത്തിന് ജന്മം കൊടുത്ത വ്യക്തിയാണ് കൃശഗാത്രനും കറുത്ത നിറമുള്ളവനുമായ മഹാത്മാ ഗാന്ധി.

ഒരു വ്യക്തിയുടെ കറുപ്പു നിറത്തെ അടിസ്ഥാനമാക്കി അവരെ ഇകഴ്ത്തുന്നത് അധമ വികാരത്തിന്റെ പ്രതിഫലനമാണ്. മഹത്തായ പാരമ്പര്യത്തെയോ അതുവഴി അവർ സമൂഹത്തിന് പ്രദാനം ചെയ്യുന്ന പ്രകടനത്തെയോ വിലയിരുത്തുന്നത് പരിഷ്കൃത സമൂഹമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒരു വ്യക്തിക്കും ചേർന്നതല്ല. കലാഭവൻ മണിയുടെ സഹോദരനും നർത്തകനുമായ ആർ.എൽ.വി രാമകൃഷ്ണനെതിരെ അധിക്ഷേപവുമായി നർത്തകി കലാമണ്ഡലം സത്യാഭാമ ഉറഞ്ഞു തുള്ളിയത് അടുത്ത കാലത്താണ്. രാമകൃഷ്ണന് കാക്കയുടെ നിറമാണെന്നും ഇയാളെ കണ്ടാൽ പെറ്റ തള്ള സഹിക്കില്ലെന്നും കലാമണ്ഡലം സത്യഭാമ ഒരു യൂട്യൂബ് ചാനലിലൂടെ പറഞ്ഞപ്പോൾ ആവരുടെ ഇരുളടഞ്ഞ മനസിന്റെ വൈകൃതമാണ് നമ്മൾ കണ്ടത്.

നിറത്തിന്റെ പേരിലുള്ള വിവേചനം എന്നത് ലോകമെമ്പാടുമുള്ള സമൂഹങ്ങളിൽ നിലനിൽക്കുന്ന ഒരു സാമൂഹിക പ്രശ്നമാണ്. നിറത്തിന്റെ അടിസ്ഥാനത്തിൽ പലരെയും വേർതിരിച്ച് നിർത്താറുണ്ട്. ഈ വിവേചനം വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക ഇടപെടലുകൾ തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളിൽ കാണാൻ സാധിക്കും. ഇത് വ്യക്തികളുടെ ആത്മാഭിമാനത്തെയും അവസരങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. നിറത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ ബോധവൽക്കരണം നടത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ചീഫ് സെക്രട്ടറി ശാരദാ മുരളീധരന്റെ വെളിപ്പെടുത്തലുകൾ വിരൽ ചൂണ്ടുന്നത്.

യൂറോപ്യന്മാരിൽ ഭൂരിഭാഗത്തിനും 3000 വർഷങ്ങൾക്ക് മുമ്പ് കറുത്ത നിറത്തിലുള്ള ചർമ്മമായിരുന്നുവെന്ന് വാദിക്കുന്ന പുതിയ പഠനത്തെ ഇതോടൊപ്പം ചേർത്ത് വായിക്കണം. ഇറ്റലിയിലെ ഫെറാറ സർവകലാശാലയിലെ ഗുയിഡോ ബർബുജാനിയുടെ നേതൃത്വത്തിൽ നടത്തിയ ഒരു പഠനമാണ് യൂറോപ്യന്മാരുടെ ചർമ്മത്തിന്റെ നിറത്തെക്കുറിച്ചുള്ള ദീർഘകാല വിശ്വാസങ്ങളെ പൊളിച്ചെഴുതിയത്. വെളുത്ത ചർമ്മത്തിലേക്കുള്ള മാറ്റം പ്രതീക്ഷിച്ചതിലും മന്ദഗതിയിലാണ് നടന്നതെന്നും പഠനത്തിൽ കണ്ടെത്തി. ചെമ്പ്, ഇരുമ്പ് യുഗങ്ങളിൽ പകുതിയോളം വ്യക്തികൾ ഇരുണ്ടതോ ഇരുനിറത്തിലുള്ളതോ ആയ ചർമ്മത്തിന്റെ നിറങ്ങൾ കാണിച്ചുവെന്നും പഠനത്തിൽ പറയുന്നു.


പൂർവികരായ യൂറോപ്യന്മാരുടെ അസ്ഥികളിൽ നിന്നും പല്ലുകളിൽ നിന്നും ഡി.എൻ.എ വേർതിരിച്ചെടുത്തുകൊണ്ടാണ് ഗവേഷകർ അവരുടെ പിഗ്മെന്റേഷൻ സ്വഭാവവിശേഷങ്ങൾ അന്വേഷിച്ചത്. ഒരുപക്ഷേ ഇന്ത്യക്കാരുടെ കാര്യത്തിലും ഇതുതന്നെയായിരിക്കും സ്ഥിതി. അതുകൊണ്ട് തൊലി വെളുപ്പിൽ അഹങ്കരിക്കുകയും കറുത്തവരെ അവഹേളിക്കുകയും ചെയ്യുന്നവർ ഓർക്കുക...നിങ്ങളുടെ പൂർവികരും കറുത്തവരായിരുന്നു. അവരെ പുച്ഛിച്ച് തള്ളുന്നത് നിങ്ങളുടെ പാരമ്പര്യത്തെ പരിഹസിക്കുന്നതിന് തുല്യമാണ്. മനുഷ്യൻ എത്ര ആധുനികതയിൽ എത്തിച്ചേർന്നാലും അതിജീവനത്തിനായി കല്ലും കമ്പും ഉപകരണങ്ങളാക്കി മൃഗങ്ങളെ വേട്ടയാടി നടന്ന ഒരു പൂർവചരിത്രം നമുക്കുണ്ടായിരുന്നെന്ന് കാലം നമ്മെ ഓർമിപ്പിച്ചുകൊണ്ടേയിരിക്കും.

ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# വാഷിംഗ്ടൺ ഡി. സി. സെയിന്റ് ബർണബാസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് കാമ്പയിൻ ആരംഭിച്ചു




**ഉമ്മൻ കാപ്പിൽ**

വാഷിംഗ്ടൺ, ഡി. സി.: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫ് മാർച്ച് 23 ഞായറാഴ്ച സെയിന്റ് ബർണബാസ് ഓർത്തഡോക്സ് മിഷൻ ഇടവകയിൽ നടന്നു. ഫാമിലി & യൂത്ത് കോൺഫറൻസ് സംഘാടക സമിതിയെ പ്രതിനിധീകരിച്ച് സെക്രട്ടറി ജെയ്സൺ തോമസും ഫിനാൻസ് കമ്മിറ്റി അംഗം ഷോൺ എബ്രഹാമും ഇടവക സന്ദർശിച്ചു.

കുർബാനയ്ക്ക് ശേഷം ഫാ. അനൂപ് തോമസ് (വികാരി) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സമ്മേളനമാണ് ഫാമിലി & യൂത്ത് കോൺഫറൻസ്. നോർത്ത് ഈസ്റ്റ് അമേരിക്കയിലെ വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ ഈ നാല് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കും.




കോൺഫറൻസിൻറെ സ്ഥലം, തീയതി, പ്രാസംഗികർ, രജിസ്ട്രേഷൻ, കോൺഫറൻസിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടികൾ എന്നിവ ജെയ്സൺ തോമസ് വിശദീകരിച്ചു. സ്പോൺസർഷിപ്പിലൂടെയും സുവനീർ പ്രസിദ്ധീകരണത്തിലേക്കുള്ള സംഭാവനകളിലൂടെയും ഫാമിലി & യൂത്ത് കോൺഫറൻസിനെ പിന്തുണയ്ക്കാൻ ഷോൺ എബ്രഹാം എല്ലാവരെയും പ്രോത്സാഹിപ്പിച്ചു.

മുൻ സമ്മേളനങ്ങളിൽ പങ്കെടുത്ത അനുഭവങ്ങൾ പങ്കുവെച്ച ഫാ. അനൂപ് തോമസ്, ഭദ്രാസനത്തിന്റെ ഈ സുപ്രധാന ശുശ്രൂഷയിൽ പങ്കെടുക്കാനും

പിന്തുണയ്ക്കാനും എല്ലാ അംഗങ്ങളെയും പ്രോത്സാഹിപ്പിച്ചു.



ഇടവകയുടെ പിന്തുണയുടെ പ്രതീകമായി, കോൺഫറൻസിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ആശംസകൾ ഉൾപ്പെടുത്തി പിന്തുണയ്ക്കുമെന്ന് ഇടവക ഭാരവാഹികൾ അറിയിച്ചു. കോൺഫറൻസിൽ പങ്കെടുക്കാനും പിന്തുണയ്ക്കാനും നിരവധി അംഗങ്ങൾ തയ്യാറായി.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.






രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.




Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends advanced medical practices to reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# മാർത്തോമ്മാ സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് അനുഗ്രഹ നിറവിൽ സമാപിച്ചു




**ജീമോൻ റാന്നി**

ഹൂസ്റ്റൺ : മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിൻറെ സൗത്ത്‌വെസ്റ്റ് റീജിയൻ ഇടവക മിഷൻ, സേവികാ സംഘം, സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ 12-മത് സൗത്‌വെസ്റ്റ് റീജിയണൽ കോൺഫറൻസ് മാർച്ച് 21, 22 (വെള്ളി, ശനി) തീയതികളിൽ ട്രിനിറ്റി മാർത്തോമാ ദേവാലയത്തിൽ വച്ച് അനുഗ്രഹകരമായി നടത്തപ്പെട്ടു.

മാർച്ച് 21 നു വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് കോൺഫ്രൻസ് ഗായകസംഘത്തിന്റെ നേതൃത്വത്തിൽ 'സത്യത്തിന്റെ പാതയിൽ സ്നേഹത്തിൻ കൊടിയുമായി' എന്ന ഗാനം പാടി വൈദിക ശ്രേഷ്ഠർ, റീജിയണൽ ഭാരവാഹികൾ, കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സൺഡേ സ്കൂൾ ഹാളിൽ നിന്നും ആരംഭിച്ച ഘോഷ യാത്ര കോൺഫറൻസിന് ധന്യമായ തുടക്കം നൽകി.




തുടർന്ന് സംഗീത ശുശ്രൂഷയ്ക്കും ആരാ




ധനയ്ക്കും ശേഷം ജനറൽ കൺവീനർ എബ്രഹാം.കെ.ഇടിക്കുള സ്വാഗതമാശംസിച്ചു. ട്രിനിറ്റി മാർത്തോമാ ഇടവക വികാരിയും കോൺഫറൻസ് പ്രസിഡന്റുമായ റവ.സാം കെ ഈശോ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് വൈദിക ശ്രേഷ്ഠരും ഭാരവാഹികളും ചേർന്ന് നിലവിളക്ക് കൊളുത്തി സമ്മേളനം ഔദ്യോഗികമായി ഉത്ഘാടനം ചെയ്തു.

ഇടവക മിഷൻ റീജിയണൽ സെക്രട്ടറി സാം അലക്സ്, സേവികാ സംഘം റീജിയണൽ സെക്രട്ടറി ജൂലി സഖറിയാ, സീനിയർ സിറ്റിസൺ റീജിയണൽ സെക്രട്ടറി ഈശോ മാളിയേക്കൽ എന്നിവർ ആശംസകൾ അറിയിച്ചു.

തുടർന്ന് മുഖ്യ പ്രഭാഷകൻ റവ. അലക്സ് യോഹന്നാൻ Faith in Renewal and Motion : " Faith without deeds is dead" 'അങ്ങനെ വിശ്വാസവും പ്രവർത്തികളില്ലാത്തതായാൽ സ്വതവേ നിർജീവമാകുന്നു' ( യാക്കോബ് 2:17) എന്ന ചിന്താവിഷയം അവതരിപ്പിച്ചു. തുടർന്ന് ട്രിനിറ്റി കലാവേദി അവതരിപ്പിച്ച 'വിശ്വാസവും പ്രവർത്തിയും' എന്ന പേരിൽ അവതരിപ്പിച്ച സ്കിറ്റ് ശ്രദ്ധേയമായി. ജോർജ് ശാമുവേൽ രചനയും സംവിധാനവും നിർവഹിച്ചു.

ശനിയാഴ്ച ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവക വികാരി റവ. അലക്സ് യോഹന്നാൻ പഠന ക്ലാസ്സുകൾക്കും ലബ്ബക്, സാൻ അന്റോണിയോ ഇടവകകളുടെ വികാരി റവ. ജെയിംസ് കെ.ജോൺ ബൈബിൾ ക്ലാസ്സിനും നേതൃത്വം നൽകി.

എബ്രഹാം മാമ്മൻ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി

ശനിയാഴ്ച നടന്ന രണ്ടാമത്തെ സെഷനിൽ ഈ ഏപ്രിലിൽ നാട്ടിലേക്കു സ്ഥലം മാറി പോകുന്ന 7 വൈദികർക്ക് യാത്രയയപ്പു നൽകി. റവ. ഡോ. ജോസഫ് ജോൺ അധ്യക്ഷത വഹിച്ചു.

റവ. സാം കെ . ഈശോ, റവ. അലക്സ് യോഹന്നാൻ, റവ. എബ്രഹാം തോമസ്, റവ, ജോബി ജോൺ , റവ. ജോൺ കുഞ്ഞപ്പി, റവ. സന്തോഷ് തോമസ്, റവ. ഷൈജു സി, ജോയ് എന്നിവർക്കാണ് യാത്രയയപ്പ് നൽകിയത്. വൈദികരെ പ്രധിനിധീകരിച്ചു റവ. സോനു വർഗീസ്, വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് റോബി ചെലഗിരി, ജോളി ബാബു,ടി.എ മാത്യു, സജി ജോർജ്, ജൂലി സഖറിയാ,എബ്രഹാം ഇടിക്കുള തുടങ്ങിയവർ ആശംസകളർപ്പിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്തു.

നാട്ടിലേക്കു യാത്രയായി പോകുന്ന വൈദികരെ പ്രതിനിധീകരിച്ചു റവ. ഷൈജു സി. ജോയ് മറുപടി പ്രസംഗം നടത്തി.

റവ. സന്തോഷ് തോമസിന്റെ പ്രാർത്ഥനയ്ക്കും റവ. ഉമ്മൻ ശാമുവേൽ ആശിർവാദത്തിനും ശേഷം ശേഷം കോൺഫറൻസ് സമംഗളം പര്യവസാനിച്ചു. കാരോൾട്ടൻ ഇടവക വികാരി റവ. ഷിബി എബ്രഹാമും സന്നിഹിതനായിരുന്നു.

ഡാളസ്, ഹൂസ്റ്റൺ, ഓസ്റ്റിൻ, ഒക്ലഹോമ, സാൻ അന്റോണിയോ, ലബ്ബക്ക്, കാൻസസ് ഇടവകകളിൽ നിന്നും 470 അംഗങ്ങൾ കോണ്ഫറൻസിൽ പങ്കെടുത്തു. ജീമോൻ റാന്നി, ഷീബ ജോസും എന്നിവർ എംസിമാരായി രണ്ടു ദിവസത്തെയും പരിപാടികൾ നിയന്ത്രിച്ചു.

സേവികാ സംഘം സെക്രട്ടറി ജൂലി സഖറിയാ നന്ദി പ്രകാശിപ്പിച്ചു.

കോൺഫറൻസിന്റെ വിജയത്തിനായി റവ. സാം.ഈശോ ( വികാരി/പ്രസിഡണ്ട്) റവ. ജീവൻ ജോൺ ( അസി. വികാരി/ വൈസ് പ്രസിഡണ്ട്) എബ്രഹാം ഇടിക്കുള (ജനറൽ കൺവീനർ) തങ്കമ്മ ജോർജ് (പ്രയർ സെൽ) സൂസൻ ജോസ് (ഷീജ- രജിസ്ട്രേഷൻ) ബാബു ടി ജോർജ് (ഫിനാൻസ്) ജോസഫ് ജോർജ് തടത്തിൽ (ഫുഡ്) ഷെറി റജി (മെഡിക്കൽ) മാത്യു സക്കറിയ (ബ്ലെസ്സൺ - ക്വയർ ) ജൂലി സക്കറിയ ( പ്രോഗ്രാം ആൻഡ് എന്റർടൈൻമെന്റ് ) ലിലിക്കുട്ടി തോമസ് ( റിസിപ്ഷൻ/ ഹോസ്പിറ്റാലിറ്റി) വർഗീസ്. കെ ചാക്കോ ( അക്കൊമൊഡേഷൻ) വർഗീസ് ശാമുവേൽ ( ബാബു- ട്രാൻസ്പോർട്ടേഷൻ) ജോൺ ഫിലിപ്പ് (സണ്ണി- പബ്ലിസിറ്റി) ജെയ്സൺ ശാമുവേൽ (ഓഡിയോ വീഡിയോ മിനിസ്ട്രി) എന്നീ കൺവീനർമാരുടെ നേതൃത്വത്തിൽ വിവിധ സബ് കമ്മിറ്റികൾ കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിച്ചു. ഫോട്ടോഗ്രാഫിയക്ക് ജോസഫ് വർഗീസ് (രാജൻ) നേതൃത്വം നൽകി.




Malankara
Mar Thoma
Syrian Church
DIOCESE OF NORTH AMERICA
MTVEA | SEVIKA SANGHOM | SENIOR CITIZEN FELLOWSHIP
XII SOUTH WEST REGIONAL CONFERENCE






USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# മാർ അത്തനേഷ്യസ് കോളേജ് ഓഫ് ആർട്സ് & സയൻസ് യു. എസ്. എ. ആലുമ്നി (MAC USA Alumni) ഉത്ഘാടനം ചെയ്തു



**Dr. Winny Varghese**
Secretary,
Mar Athanasius College



**Dr. Manju Kurian**
Principal,
Mar Athanasius College



**Dr. Bos Mathew Jos**
Principal,
Mar Athanasius College of Engineering



**Dr. Aby P. Varghese**
Vice Principal
Mar Athanasius College



**Antony John**
MLA, Kothamangalam



**Adv. Dean Kuriakose**
MP, Idukki



**Dr. Mathew Kuzhalnadan**
MLA, Muvattupuzha



**Prof. K M Kuriakose**
President, MA College Alumni Association

**വർഗീസ് പോത്താനിക്കാട്**

അമേരിക്കയിലുള്ള മാർ അത്തനേഷ്യസ് ആർട്സ് & സയൻസ് കോളേജിലെ പൂർവവിദ്യാർഥി സംഘടനയായ മാർ അത്തനേഷ്യസ് കോളേജ് ആർട്സ് & സയൻസ് യു. എസ്. എ. ആലുമ്നി (MAC USA Alumni) യുടെ ഔപചാരിക ഉത്ഘാടനം മാർച്ച് 14 വെള്ളിയാഴ്ച നടന്നു. വൈകിട്ടു 9 മണിക്ക് (EST) (ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം ശനിയാഴ്ച രാവിലെ 6:30 ന്) എം. എ. കോളേജ് അസോസിയേഷൻ സെക്രട്ടറിയും ആർട്സ് & സയൻസ് കോളേജ് മുൻ പ്രിൻസിപ്പലുമായ ഡോ. വിന്നി വർഗീസിൻറെ അധ്യക്ഷതയിൽ സൂം പ്ലാറ്ഫോമിൽ നടന്ന പൂർവവിദ്യാർഥി സമ്മേളനത്തിൽ വച്ച് കോളേജ് പ്രിൻസിപ്പൽ ഡോ. മഞ്ജു കുര്യൻ ഉത്ഘാടന കർമ്മം നിർവഹിച്ചു.

മണ്മറഞ്ഞ അധ്യാപകരെയും, വിദ്യാർത്ഥികളെയും അനുസ്മരിച്ചുകൊണ്ടുള്ള മൗനപ്രാർത്ഥനയോടും, Ms. ജാനിയ പീറ്ററിൻറെ പ്രാർത്ഥനാ ഗാനത്തോടും കൂടെ മീറ്റിംഗ് സമാരംഭിച്ചു. യു. എസ്. എ. ചാപ്റ്റർ പുനർസംഘടിപ്പിക്കാൻ മുൻകൈയെടുത്ത പ്രസിഡണ്ട് സാബു സ്കറിയ മാർ അത്തനേഷ്യസ് കോളേജ് ഓഫ് ആർട്സ് & സയൻസ് യു. എസ്. എ. ആലുമ്നി പുനർസംഘടിപ്പിക്കുന്നതിനുണ്ടായ

ചേതോവികാരവും ആവശ്യകതയും സദസ്സിനെ അറിയിക്കുന്നതോടൊപ്പം അലുമ്നിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിവരിച്ചു.

എം.എ.സി. യു.എസ്.എ അലുമ്നിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സർവവിധ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നതോടൊപ്പം, സംഘടനയുടെ ക്രിയാത്മകമായ എല്ലാ കാര്യങ്ങളിലും കുടെ നിന്ന് പ്രവർത്തിക്കുന്നതിനും പ്രതിജ്ഞാബദ്ധനാണെന്നും ഡോ. വർഗീസ് അറിയിച്ചു. അമേരിക്കയിലുള്ള വിവിധ യൂണിവേഴ്സിറ്റികളുമായി ബന്ധം സ്ഥാപിക്കുന്നതിനും അവയോടു സഹകരിച് അക്കാദമിക് തലത്തിലും ബന്ധപ്പെട്ട മേഖലകളിലും മാറ്റങ്ങൾ വരുത്തുന്നതിനും, നേട്ടങ്ങൾ കൈവരിക്കുന്നതിനും ഈ പൂർവവിദ്യാർഥി സംഘടനക്ക് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി തന്റെ അധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം അറിയിച്ചു . വിദ്യാർത്ഥി എക്സ്ചേഞ്ച് പ്രോഗ്രാം പോലെയുള്ള പരിപാടികൾ നടപ്പാക്കുന്നതിനുള്ള സാധ്യതകൾക്ക് വഴി തുറക്കാൻ മാർ അത്തനേഷ്യസ് കോളേജ് യൂ എസ് ആലുംനിക്കു സാധിക്കട്ടെ എന്ന് ഡോ. വർഗീസ് ആശംസിച്ചു.

1955 ജൂലൈ 14 ന് 127 വിദ്യാർത്ഥികളോടും 15 അദ്ധ്യാപകരോടും കൂടി പ്രവർത്തനമാരംഭിച്ച മാർ അത്തനേഷ്യസ് കോളേജ് ഓഫ് ആർട്സ് & സയൻസ് ഇന്ന് 13 അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം, 2 വൊക്കേഷണൽ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം, ഇന്ന് രണ്ടായിരത്തിൽപരം വിദ്യാർത്ഥികളും, 17 പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം, 1 ഇന്റഗ്രേറ്റഡ് പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം, 5 ഡോക്ടറൽ പ്രോഗ്രാം ഒക്കെയായി വളർന്നു. കൂടാതെ കായിക രംഗത്ത് അന്താരാഷ്ട്ര തലത്തിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത് അഭിമാനപൂർവം സ്മരിക്കുന്നതായി പ്രിൻസിപ്പൽ ഡോ. മഞ്ജു കുര്യൻ തന്റെ ഉത്ഘാടന പ്രസംഗത്തിൽ അറിയിച്ചു . എം എ കോളജ് ഒരു ഓട്ടോണോമസ് കോളേജ് ആണെന്നും, അതിന്റെ അനസ്വീതമായ വളർച്ചയ്ക്ക് തലമുറകളുടെ പ്രയക്ത്നം ഉണ്ടെന്നും, അമേരിക്കയിലെ പൂർവവിദ്യാർഥി സംഘടനയുടെ പ്രവർത്തനം കോളേജിൻറെ വിവിധ തരത്തിലുള്ള വളർച്ചക്കും, പ്രത്യേകിച് അമേരിക്കൻ യൂണിവേഴ്സിറ്റികളുമായുള്ള പങ്കാളിത്ത്വത്തിനും വഴി തെളിക്കട്ടെ എന്നും ഡോ. കുര്യൻ ആശംസിച്ചു, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട്, അലുംനിക്കു ആശംസകൾ നേർന്നുകൊണ്ടും, എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊണ്ടും പ്രിൻസിപ്പൽ എം എ ആർട്സ് & സയൻസ് കോളജ് യൂ.എസ്.എ. അലുംനി ഉത്ഘാടനം ചെയ്തു.

(വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ മികച്ച അക്കാദമിക് നിലവാരം പുലർത്തിയിരുന്ന പ്രിൻസിപ്പൽ ഡോ. മഞ്ജു കുര്യൻ, സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി റാങ്ക് ധാരി കൂടിയാണ്. മികച്ച അദ്ധ്യാപികക്കും പ്രിൻസിപ്പലിനുമുള്ള നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്)

കേരളത്തിൽ നിന്ന് വിവിധ മേഖലയിലുള്ള പ്രമുഖ വ്യക്തികൾ ആശംസകൾ അറിയിച്ചുകൊണ്ട് സംസാരിച്ചു. തന്റെ പാർലമെന്റ് മണ്ഡലത്തിൻറെ പരിധിയിൽ വരുന്ന എം.എ. കോളജ് ഈ പ്രദേശത്തിന്റെ മാത്രമല്ല, ഈ നാടിൻറെ തന്നെ അഭിമാനമാണെന്നും, ഈ നാടിൻറെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിന് മാർ അത്തനേഷ്യസ് കോളേജ് വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണെന്നും ഇടുക്കി എം. പി. ഡീൻ കുര്യാക്കോസ് തൻറെ ആശംസ പ്രസംഗത്തിൽ പ്രസ്താവിച്ചു. തന്റെ രാഷ്ട്രീയ ജൈത്രയാത്രയുടെ തുടക്കം എം.എ. കോളേജ് ആയിരുന്നെന്നും ഈ കലാലയ ജീവിതത്തിൽ നിന്നും പകർത്തിയെടുത്ത മൂല്യങ്ങളാണ് തന്റെ ജീവിതവിജയത്തിന് അടിസ്ഥാനമായതെന്നും എം.എ. കോളേജ് ഓഫ് ആർട്സ് & സയൻസിലെ പൂർവ്വവിദ്യാർത്ഥിയായ, കോതമംഗലം എം. എൽ. എ. ആന്റണി ജോൺ പ്രസ്താവിച്ചു. മാർ അത്തനേഷ്യസ് കോളേജിലെ തന്റെ കലാലയ ജീവിതം ഒരു സുവർണ്ണ കാലമായി മറ്റൊരു പൂർവ്വവിദ്യാർത്ഥിയായ മൂവാറ്റുപുഴ എം. എൽ. എ. മാത്യു കുഴലനാടൻ വിശേഷിപ്പിച്ചു. അവിടെനിന്നു തനിക്കു കിട്ടിയ വിദ്യയും അനുഭവങ്ങളും എന്നും തന്നെത്തന്നെ മുമ്പോട്ട് നയിക്കുന്നതിനുള്ള ആത്മശക്തിയും ദിശാബോധവും പ്രദാനം ചെയ്യുന്നവയായിരുന്നു എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. എം.എ.സി. യൂ.എസ്. എ.ക്ക് അനുമോദനങ്ങൾ അർപ്പിക്കുന്നതോടൊപ്പം, തനിക്ക് കഴിഞ്ഞ 4 വർഷത്തെ എം എൽ എ ശമ്പളമായി കിട്ടിയ 25 ലക്ഷം രൂപാ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്യുന്നതായും അറിയിച്ചു.

എം. എ. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പൽ ഡോ. ബോസ് മാത്യു ജോസ്, എം.എ. കോളേജ് ആലുമ്നി അസോസിയേഷൻ പ്രസിഡൻറ് പ്രൊഫസർ (rtd.) കെ. എം. കുര്യാക്കോസ്, ആലുമ്നി അസോസിയേഷൻ സെക്രട്ടറിയും, അസിസ്റ്റന്റ് പ്രിൻസിപ്പാളുമായ ഡോ. എബി. പ 1. വർഗീസ് എന്നിവർ അലുംനിക്ക് എല്ലാവിധ പിന്തുണയും ആശംസകളും അർപ്പിച്ചുകൊണ്ട് സംസാരിച്ചു. തന്നെ താനാക്കിയതും തന്റെ ഉയർച്ചയുടെ പാത തെളിയിച്ചതും മാർ അത്തനേഷ്യസ് കോളേജ് ആണെന്നും, സൗകര്യം കിട്ടുമ്പോളെല്ലാം കോളേജ് സന്ദർശിക്കാറുണ്ടെന്നും യൂ എസ് എ അലുമ്നിയുടെ ഉപദേശക സമിതി ചെയർമാനായ പി. ഓ. ജോർജ്ജ് അറിയിച്ചു.

നാഷണൽ കോ-ഓർഡിനേറ്റർ, ജിയോ ജോസഫ് അലുമ്നിയുടെ പുതിയ ഭാരവാഹികളായി നാമനിർദേശം ചെയ്യുന്നവരെ സദസ്സിനു പരിചയപ്പെടുത്തി. യു.എസ്.എ. അലുംനിക്കുവേണ്ടി സെക്രട്ടറി ജോബി മാത്യു സ്വാഗതവും, അലുമ്നി ട്രഷറർ ജോർജ്ജ് മാലിയിൽ നന്ദിയും പ്രകാശിപ്പിച്ചു. മീറ്റിംഗ് സമയബന്ധിതമായും, ചിട്ടയോടും കൂടെ നടത്തുന്നതിൽ എം. സി. ആയി ശ്രീമതി എൽസാ ജുബ് തന്റെ മികവ് തെളിയിച്ചു.

# ചിക്കാഗോ സിറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് പ്രൗഢഗംഭീര തുടക്കം

**ഷോളി കുമ്പിളുവേലി**

ചിക്കാഗോ : അമേരിക്കയിലെ സിറോ മലബാർ വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയുടേയും അഭ്യർത്ഥനയുടേയും ഫലമായി, 2001 മാർച്ച്13 തീയതി രൂപീകൃതമായ ചിക്കാഗോ സിറോ മലബാർ രൂപത സിൽവർ ജൂബിലി നിറവിൽ. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ആശീർവാദത്തോടെ, ഇൻഡ്യയ്ക്കു പുറത്തു സ്ഥാപിതമായ ആദ്യ സിറോ മലബാർ രൂപത എന്ന ഖ്യാതിയും ചിക്കാഗോ രൂപതക്കു സ്വന്തം.

ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾക്ക്, മാർച്ച് 22 ശനിയാഴ്ച തുടക്കമായി. ചിക്കാഗോ സെൻറ് തോമസ് സിറോ മലബാർ കത്തീഡ്രൽ ദേവാലയത്തിൽ, രൂപത അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്, രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരുടെ മുഖ്യ കാർമ്മികത്വത്തിൽ നിരവധി വൈദികർ ചേർന്ന് അർപ്പിച്ച കൃതജ്ഞത ബലിക്കുശേഷം നടന്ന പ്രൗഢോജ്ജ്വലമായ ചടങ്ങിൽ, ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് നിലവിളക്കു കൊളുത്തി ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ, രൂപതയുടെ സ്ഥാപക ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക സിൽവർ ജൂബിലിക്കും തുടക്കം കുറിച്ചു.

കഴിഞ്ഞ ഇരുപത്തഞ്ചു വർഷം ലഭിച്ച ദൈവകൃപക്ക് നന്ദി പറയുന്നതിനോടൊപ്പം, രൂപതയുടെ തുടക്കകാലത്തു നേതൃത്വം നൽകിയ മാർ അങ്ങാടിയത്തിനേയും , അക്കാലത്തു സേവനം ചെയ്ത വൈദികരെയും നന്ദിയോടെ സ്മരിക്കുന്നതായി മാർ ആലപ്പാട്ട് പറഞ്ഞു. മാർ അങ്ങാടിയത്തിന്റെ ത്യാഗോജ്വലമായ പ്രവർത്തനം കൊണ്ടും നേതൃപാടവുംകൊണ്ടുമാണ് ചിക്കാഗോ രൂപതക്കു ചുരുങ്ങിയ കാലംകൊണ്ട് അമേരിക്കയിൽ ശക്തമായി വേരുറപ്പിക്കുവാൻ കഴിഞ്ഞത്. ഇന്ന്, അമ്പതിൽപരം ഇടവകകളും, മുപ്പത്തേഴു മിഷനുകളും ഉള്ള ചിക്കാഗോ രൂപതയുടെ കീഴിൽ എഴുപതോളും വൈദികർ സേവനം ചെയ്യുന്നു. ഒരു ലക്ഷത്തോളും വിശ്വാസികൾ ചിക്കാഗോ രൂപതയിൽ ഉണ്ട്. അതുപോലെ പതിനായിരത്തിലധികം കുട്ടികൾ വിവിധ ഇടവകകളിയായി സൺഡേസ്കൂളിൽ പഠിക്കുന്നു. കഴിഞ്ഞ ഇരുപത്തഞ്ചു വർഷം കൊണ്ട് ധാരാളം ദൈവവിളികൾ ചിക്കാഗോ രൂപതയിൽ നിന്നുമുണ്ടായി. തദ്ദേശീയരായ ഏഴു വൈദികർ ഇപ്പോൾത്തന്നെ രൂപതയിൽ സേവനം ചെയ്യുന്നു. നിലവിൽ ഏഴുപേർ വിവധ സെമിനാരികളിൽ പഠനം നടത്തുന്നു. നമ്മുടെ വളർച്ചയിൽ, അമേരിക്കയിലെ വിവിധ കത്തോലിക്ക രൂപതകളുടെ സഹായ-സഹകരണ



ങ്ങൾ എടുത്തുപറയേണ്ടതാണെന്നും, അവരോടുള്ള നന്ദി അറിയിക്കുന്നതായും മാർ ജോയ് ആലപ്പാട്ട് പറഞ്ഞു.

സിൽവർ ജൂബിലിയുടെ ഭാഗമായി ഇടവക തലത്തിലും രൂപതാ തലത്തിലും ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ കർമ്മ പദ്ധതികൾക്ക് രൂപം നൽകിവരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം മെയ് 23, 24, 25 തീയതികളിൽ ന്യൂജേഴ്സിയിലെ സോമർസെറ്റ് ഇടവകയിൽ വച്ച് 'യുക്കിരിസ്റ്റിക് റിവൈവൽ കോൺഗ്രസ് ' നടത്തുന്നു. രണ്ടായിരത്തോളും വിശ്വാസികൾ പങ്കെടുക്കുന്ന 'യുക്കിരിസ്റ്റിക് റിവൈവിൽ' അമേരിക്കയിൽനിന്നും കേരളത്തിൽനിന്നുമായി പ്രശസ്ത വചന പ്രഘോഷകർ പങ്കെടുക്കും. കുട്ടികൾക്കും യുവജനങ്ങൾക്കും ഇംഗ്ലീഷ് ഭാഷയിലും പ്രഭാഷണങ്ങൾ ഉണ്ടായിരിക്കും. സിൽവർ ജൂബിലിയുടെ ഭാഗമായി, 2026 -ൽ ചിക്കാഗോയിൽ വച്ചുവിപുലമായ രീതിയിൽ സിറോ മലബാർ കൺവൻഷനും നടത്തുന്നതാണ്.

സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ നാളിതുവരെയുള്ള പ്രവർത്തങ്ങളെ വിലയിരുത്തുകയും, അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടു കൊണ്ട് വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് രൂപതയെ നയിക്കുവാനും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുമായി'എപ്പാർക്കിയൽ അസ്സംബ്ലി'' കഴിഞ്ഞ ഒക്ടോബർ 28, 29,30,31 തീയതികളിൽ ചിക്കാഗോയിൽവച്ചു കൂടുകയുണ്ടായി. രൂപതയുടെ മുന്നോട്ടുള്ള പ്രയാണം, പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിനുള്ള പദ്ധതികൾ, രൂപതയുടെ ആല്മീയവും ഭൗതികവുമായ വളർച്ച, കുട്ടികളുടെ വിശ്വാസ പരിശീലനം, അവരെ വിശ്വാസത്തിൽ അടിയുറച്ചു നിലനിർത്തുക തുടങ്ങി വിവിധ മേഖലകളിൽ സ്വീകരിക്കേണ്ട മാർഗനിർദ്ദേശങ്ങൾ അടങ്ങിയ രൂപരേഖ സിൽവർ ജൂബിലി ഉദ്ഘാടനവേദിയിൽ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് പുറത്തിറിക്കി.



സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ, വർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുവാനും, സമൂഹത്തിനു ഉപകാരപ്രദമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുവാനും രൂപത അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് വിശ്വാസികളെ ആഹ്വാനം ചെയ്തു.

ചിക്കാഗോ സെൻറ് തോമസ് സിറോ മലബാർ കത്തീഡ്രൽ ദേവാലയത്തിൽ നടന്ന ചടങ്ങുകളിൽ വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെയുള്ള വലിയൊരു വിശ്വാസി സമൂഹം പങ്കെടുത്തു. വികാരി ജനറാൾമാരായ റവ. ഫാ. ജോൺ മേലേപ്പുറം, റവ. ഫാ. തോമസ് മുളവനാൽ, റവ. ഫാ. തോമസ് കടുകപ്പള്ളി, ചാൻസലർ റവ. ഫാ. ജോർജ് ദാനവേലിൽ, സിൽവർ ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാല, കത്തീഡ്രൽ ദേവാലയ ട്രസ്റ്റിമാർ തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.





# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189

# വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസിന്റെ പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു

**നൈനാൻ മാത്തുള്ള**

ഹൂസ്റ്റൺ: കേരളത്തിന് പുറത്ത് ഇന്ത്യയിലും ലോകത്താകെയും വസിക്കുന്ന മലയാളികളെ രാഷ്ട്രീയേതരമായി ഒരുമിപ്പിക്കുന്ന മഹാസംഘടനയായ വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസിന്റെ പുതിയ ചെയർമാനായി പൊന്നു പിള്ളയും പ്രസിഡന്റായി എസ്.കെ ചെറിയാനും ചുമതലയേറ്റു. വൈസ് പ്രസിഡന്റ് ഡോ. മനു ചാക്കോ, വൈസ് ചെയർമാൻ ഡോ. നൈനാൻ മാത്തുള്ള, ട്രഷറർ ജോർജ് തോമസ്, ജോയിന്റ് ട്രഷറർ ജോർജ് ഈപ്പൻ, സെക്രട്ടറി രാജേഷ് വി മാത്യു, ജോയിന്റ് സെക്രട്ടറി എബ്രഹാം തോമസ് എന്നിവരാണ് സ്ഥാനമേറ്റ മറ്റു ഭാരവാഹികൾ.

സ്ഥാനമൊഴിയുന്ന ചെയർമാൻ ജെയിംസ് വാരിക്കാട്ട് പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. പ്രോവിൻസിന്റെ പ്രസിഡന്റ് എന്ന നിലയിൽ നാല് വർഷം സംഘടനയെ സ്തുത്യർഹമായി നയിച്ച ബാബു ചാക്കോ പുതിയ പ്രസിഡന്റ് എസ്.കെ ചെറിയാനും, ട്രഷറർ ബാബു മാത്യു പുതിയ ട്രഷറർ ജോർജ് തോമസിനും ചുമതലകൾ കൈമാറി. എന്നാൽ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞ തോമസ് സ്റ്റീഫൻ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാതിരുന്നതിനാൽ ഔദ്യോഗിക ബുക്കുകൾ കൈമാറിയില്ലെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. പ്രസ്തുത രേഖകൾ അദ്ദേഹത്തിൽ നിന്നും ലഭ്യമാക്കുന്നതിന് മുൻ പ്രസിഡന്റിനെയും ട്രഷററെയും യോഗം ചുമതലപ്പെടുത്തി.

നേരത്തെ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകിയ റീജിയണൽ ഇലക്ഷൻ കമ്മിഷണർ (ആർ.എൻ.ഇ.സി) സോഫി വിൽസൺ ആണ് പൊന്നു പിള്ള, എസ്.കെ ചെറിയാൻ ഉൾപ്പെടെയുള്ളവരെ തിരഞ്ഞെടുപ്പിൽ വിജയികളായി പ്രഖ്യാപിച്ചത്. സ്റ്റാഫോർഡിലെ ദേശി റസ്റ്ററന്റിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിൽ വിശിഷ്ട വ്യക്തികൾ ഉൾപ്പെടെയുള്ളവർ സാക്ഷികളുമായി.

പ്രോവിൻസിൽ ഒഴിവു വന്ന സ്ഥാനങ്ങളിലേക്കു പുതിയ ഭാരവാഹികളെ ഉടൻ നിയമിക്കുന്നതാണെന്ന് പൊന്നു പിള്ള പറഞ്ഞു. കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസിന്റെ പ്രവർത്തനങ്ങൾ ഊർജസ്വലമാക്കുമെന്നും അമേരിക്കയിലെയും കേരളത്തിലെയും ചാരിറ്റി പ്രോജക്ടുകൾക്ക് ഗതിവേഗം നൽകുമെന്നും പുതിയ പ്രസിഡന്റ് എസ്.കെ ചെറിയാൻ പറഞ്ഞു. വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസിന്റെ സ്ഥാപക നേതാവ് കൂടിയാണ് എസ്.കെ ചെറിയാൻ.

രണ്ടു ടേമിലായി എസ്.കെ ചെറിയാൻ സംഘടനയുടെ ഗ്ലോബൽ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ച കാലത്ത് പാലായ്ക്ക് സംമീപം കടപ്ലാമറ്റത്ത് €ഗ്രീൻ വില്ലേജ്€ എന്ന പേരിൽ 25 വീടുകളുടെ പ്രോജക്ട് ആരംഭിച്ചിരുന്നു. ഇതിൽ 12 വീടുകൾ പൂർത്തിയാക്കി അർഹതപ്പെട്ടവർക്ക് താക്കോലും നൽകുകയുണ്ടായി. ബാക്കി വീടുകളുടെ നിർമാണം പൂർത്തിയാക്കേണ്ടതുണ്ടെന്നും ഇതിന് ഹൂസ്റ്റൺ പ്രോവിൻസിലെ ഏവരുടെയും സഹകരണമുണ്ടാവണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

വരുന്ന ജൂൺ 27 മുതൽ 30 വരെ അസെർബൈജാനിലെ ബക്കുവിൽ നടക്കുന്ന വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ കൺവൻഷനിൽ പങ്കെടുക്കുന്നതിനായി അദ്ദേഹം ഏവരെയും ക്ഷണിച്ചു. പുതിയ ഗ്ലോബൽ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന കൺവൻഷനിൽ പങ്കെടുക്കുന്നതിനായി ഹൂസ്റ്റണിൽ നിന്ന് നിരവധിപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അല്ലാത്തവർ മാർച്ച് 31-ന് മുമ്പ് രജിസ്റ്റർ ചെയ്യാൻ ശ്രമിക്കണമെന്നും എസ്.കെ ചെറിയാൻ പറഞ്ഞു.

ചടങ്ങിൽ സംബന്ധിച്ച ഏവർക്കും പ്രത്യേകിച്ച് കഴിഞ്ഞ വർഷങ്ങളിൽ വേൾഡ് മലയാളി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ച ഹൂസ്റ്റൺ പ്രോവിൻസിന്റെ ഭാരവാഹികൾക്കും അംഗങ്ങൾക്കും ചെയർമാൻ പൊന്നു പിള്ള നന്ദി പ്രകാശിപ്പിച്ചു.



# ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ അഭിഷിക്തനായി



ബയ്റുത്ത്: യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവയായി മലങ്കര മെത്രാപ്പോലീത്ത ജോസഫ് മാർ ഗ്രിഗോറിയോസ് സ്ഥാനമേറ്റു. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ എന്ന പേരിലാകും അദ്ദേഹം അറിയപ്പെടുക. ബസേലിയോസ് എന്നത് കാതോലിക്കയുടെ സ്ഥിരനാമമാണ്.

ബയ്റുത്ത് അറ്റ്ചാനെ സെയ്ന്റ് മേരീസ് കത്തീഡ്രലിൽ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ സ്ഥാനാരോഹണ ചടങ്ങിൽ മുഖ്യ കാർമികത്വം വഹിച്ചു.

സിറിയയിലെ ദമാസ്കസ് ആണ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആസ്ഥാനം. സിറിയയിലെ സംഘർഷഭരിതമായ സാഹചര്യം കണക്കിലെടുത്താണ് ചടങ്ങ് ലബനനിലെ ബയ്റുത്ത് അറ്റ്ചാനെ സെയ്ന്റ് മേരീസ് കത്തീഡ്രലിലേക്ക് മാറ്റിയത്.

ഔദ്യോഗിക സംഘത്തെ അയച്ചതിന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് പാത്രിയർക്കീസ് ബാവ ആമുഖ പ്രസംഗത്തിൽ പ്രത്യേകം നന്ദി അറിയിച്ചു. ഇന്ത്യയുടെ മറ്റു മതങ്ങളോടുള്ള സഹിഷ്ണുതയേയും സ്നേഹത്തേയും ബാവ പ്രത്യേകം പരാമർശിച്ചു. കേരള മുഖ്യമന്ത്രി പിണറായി വിജയനും ബാവ പ്രത്യേകം നന്ദി അറിയിച്ചു. മുഖ്യമന്ത്രിയുമായി പലവട്ടം കൂടിക്കാഴ്ച നടത്തിയിട്ടുണ്ടെന്നും സഭയോട് കാണിക്കുന്ന സ്നേഹത്തിനും സർക്കാർ പ്രതിനിധി സംഘത്തെ അയച്ചതിലും നന്ദി അറിയിക്കുന്നതായും ബാവ പറഞ്ഞു.

കാതോലിക്കേറ്റിലെ 81-ാമത്തെ കാതോലിക്കാ ബാവയാണ് ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ. പാത്രിയർക്കീസ് ബാവയ്ക്കുശേഷം സഭയിൽ രണ്ടാം സ്ഥാനീയനാണ് ശ്രേഷ്ഠ കാതോലിക്ക. മെത്രാപ്പോലീത്തമാരെ വാഴിക്കാനും പ്രാദേശിക സുന്നഹദോസിനെ നയിക്കാനും കാതോലിക്കക്ക് അധികാരമുണ്ട്.

സമന്വയത്തിന്റെയും വിശ്വാസ സംരക്ഷണത്തിന്റെയും മാതൃക സൃഷ്ടിച്ച പുതിയ ബാവ 31 വർഷം മെത്രാപ്പോലീത്തയായി സേവനമനുഷ്ഠിച്ചു. 18 വർഷം സുന്നഹദോസ് സെക്രട്ടറിയായിരുന്നു .

മലങ്കര കത്തോലിക്കാ സഭയുടെ തലവനായ കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയും മാർത്തോമ്മ സഭയെ പ്രതിനിധാനം ചെയ്ത് ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തയും പങ്കെടുത്തു. മുൻ കേന്ദ്രമന്ത്രിമാരായ വി. മുരളീധരൻ, അൽഫോൻസ് കണ്ണന്താനം, ബെന്നി ബഹനാൻ എംപി, ഷോൺ ജോർജ് എന്നിവർ കേന്ദ്രസർക്കാർ പ്രതിനിധികളായും മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ എംഎൽഎമാരായ അനൂപ് ജേക്കബ്, ഇ.ടി. ടൈസൺ, എൽദോസ് കുന്നപ്പിള്ളി, ജോബ് മൈക്കിൾ, പി.വി. ശ്രീനിജിൻ എന്നിവരും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷും കേരള സർക്കാരിന്റെ പ്രതിനിധികളായും പങ്കെടുത്തു.

കോപ്റ്റിക് ഓർത്തഡോക്സ് സഭ, അർമേനിയൻ ഓർത്തഡോക്സ് സഭ, സിറിയൻ കത്തോലിക്കാ സഭ, അർമേനിയൻ കത്തോലിക്കാ സഭ, കൽദായ സുറിയാനി സഭ തുട



ങ്ങി വിവിധ ക്രൈസ്തവ സഭാ മേലധ്യക്ഷന്മാർ ചടങ്ങിൽ പങ്കെടുത്തു.

പരിശുദ്ധ ചാത്തുരുത്തിയിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസിന്റെ  (പരുമല കൊച്ചു തിരുമേനി)  നാലാം തലമുറക്കാരനാണ് പുതിയ ബാവ.  1960 നവംബർ 10-ന് പെരുമ്പിള്ളി ശ്രാമ്പിക്കൽ പള്ളത്തിട്ടയിൽ വർഗീസിന്റെയും സാറാമ്മയുടെയും നാലാമത്തെ മകനായി ജനിച്ചു. സണ്ണി, ഉമ്മച്ചൻ, പരേതയായ ശാന്ത എന്നിവർ സഹോദരങ്ങൾ. പരുമല തിരുമേനിയുടേയും തന്റെ ഗുരുനാഥനായ പെരുമ്പള്ളി തിരുമേനിയുടേയും അതേ പേരുകാരനാണ്

പെരുമ്പിള്ളി പ്രൈമറി, മുളന്തുരുത്തി ഹൈസ്കൂൾ എന്നിവിടങ്ങളിലെ സ്കൂൾ പഠനശേഷം പെരുമ്പിള്ളി സെയ്ന്റ് ജെയിംസ് തിയോളജിക്കൽ സെമിനാരിയിൽ വൈദിക പഠനം നടത്തി. മഹാരാജാസ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി. 1988-ൽ അയർലൻഡിൽ സെയ്ന്റ് പാട്രിക് കോളേജിൽനിന്ന് വേദശാസ്ത്രത്തിൽ ബിരുദവും 1991-ൽ ഡബ്ലിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഫിലും അമേരിക്കയിൽനിന്ന് ക്ലിനിക്കൽ പാസ്റ്ററൽ ആൻഡ് കൗൺസലിങ്ങിൽ ഡിപ്ലോമയും നേടി.


മുളന്തുരുത്തി മാർത്തോമൻ യാക്കോബായ സുറിയാനി കത്തീഡ്രലാണ് മാതൃ ഇടവക. 1974 മാർച്ച് 25 വചനിപ്പ് പെരുന്നാൾ ദിവസം മഞ്ഞനിക്കര ദയറായിൽ വെച്ച് 13-ാം വയസ്സിൽ കൊച്ചി ഭദ്രാസനത്തിന്റെ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത (പെരുമ്പിള്ളി തിരുമേനി) കോറൂയോ പട്ടം കൊടുത്തു.  1984 മാർച്ച് 25-ന് മാർ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവ കശ്ശീശാ പദവിയിലേക്ക് ഉയർത്തി. 1984 മുതൽ നാലുവർഷം ബെംഗളൂരു സെയ്ന്റ് മേരീസ് പള്ളി വികാരിയായി. അയർലൻഡിലെ പഠനകാലത്ത് ലണ്ടനിൽ പള്ളി സ്ഥാപിച്ച് അഞ്ചുവർഷം വികാരിയായിരുന്നു.

1994 ജനുവരി 14-ന് പാത്രിയർക്കീസ് സഖാ പ്രഥമൻ ബാവ ഡമാസ്കസിൽ വച്ച് റമ്പാനായി ഉയർത്തി. 1994 ജനുവരി 16-ന് 33-ാം വയസ്സിൽ പാത്രിയർക്കീസ് സഖാ പ്രഥമൻ ബാവ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

അഖില മലങ്കര സൺഡേ സ്കൂൾ അസോസിയേഷൻ പ്രസിഡന്റ്, മഞ്ഞനിക്കര തീർഥയാത്രാസംഘം പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു. 2019 ൽ  സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി തിരഞ്ഞെടുത്തു. 2024 ഫെബ്രുവരിയിൽ മലങ്കരയിലെത്തിയ പാത്രിയർക്കീസ് ബാവ മലങ്കര മെത്രാപ്പോലീത്തയായി പ്രഖ്യാപിച്ചു.

ഇതേ സമയം പുതിയ ബാവയെ  വരവേൽക്കാൻ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ഒരുക്കങ്ങൾ തുടങ്ങി.  30-ന് ഉച്ചകഴിഞ്ഞ് 2.15-ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തുന്ന നവാഭിഷിക്ത കാതോലിക്കാ ബാവയെ സഭയിലെ മെത്രാപ്പോലീത്തമാരും സഭാ ഭാരവാഹികളും ചേർന്ന് സ്വീകരിക്കും.

പാത്രിയർക്കീസ് ബാവയുടെ പ്രതിനിധികളായി കേരളത്തിലെത്തുന്ന ബയ്റുത്തിന്റെ ആർച്ച് ബിഷപ്പ് മാർ ഡാനിയേൽ ക്ലിമീസ് മെത്രാപ്പോലീത്തയുടെയും ഹോംസ് ആർച്ച് ബിഷപ്പ് മാർ തീമോത്തിയോസ് റത്താ അൽഖുറിയുടെയും പ്രധാന കാർമികത്വത്തിലും സഭയിലെ മെത്രാപ്പോലീത്തമാരുടെയും സഹകാർമികത്വത്തിലും സ്ഥാനാരോഹണ സുന്ത്രോണീസോ ശുശ്രൂഷ നടക്കും.  അനുമോദന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.













# ഐ പി സി എൻ എ അന്താരാഷ്ട്ര കോൺഫെറെൻസിന്റെ വിജയത്തിനായി ഹ്യൂസ്റ്റൺ ചാപ്റ്റർ




**അനിൽ ആറന്മുള**

സ്റ്റാഫോർഡ്: ന്യൂ ജേഴ്സിയിൽ 2025 ഒക്ടോബർ 9 10 11 തീയതികളിൽ നടക്കുന്ന അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന് സമ്പൂർണ പിന്തുണയേകി സമ്മേളനത്തിന്റെ വിജയത്തിലേക്കായി ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ ഹ്യൂസ്റ്റൺ ചാപ്റ്റർ യോഗം തീരുമാനിച്ചു.

മാർച്ച് 22 നു സ്റ്റാഫോർഡിലെ 'നേർകാഴ്ച' ഹാളിൽ കൂടിയ ചാപ്റ്റർ മീറ്റിങ്ങിലാണ് തീരുമാനം. ഹ്യൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് സൈമൺ വാളച്ചേരിൽ അധ്യക്ഷനായിരുന്നു. ജോയിൻറ് സെക്രട്ടറി സജി പുല്ലാട് സ്വാഗതമാശംസിച്ചു. ഹൂസ്റ്റൻ ചാപ്റ്ററിലേക്കു വന്ന പുതിയ അംഗങ്ങളായ ഡോ രഞ്ജിത് പിള്ള (24 ന്യൂസ് ബ്യൂറോ ചീഫ് ഹ്യൂസ്റ്റൺ) മിഖായേൽ (24 ന്യൂസ് ) ആൻസി സാമുവൽ (കൈരളി ടി വി) എന്നിവരെ പ്രസിഡണ്ട് സൈമൺ വാളച്ചേരിൽ സ്വാഗതം ചെയ്തു. ഇതോടെ ഹ്യൂസ്റ്റൻ ചാപ്റ്ററിൽ അച്ചടി, ദൃശ്യ മാധ്യമരംഗത്തെ പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം ഇരുപത്തിഒന്നായതായി സൈമൺ പ്രസ്താവിച്ചു.

തുടർന്ന് ന്യൂ ജേഴ്സിയിൽ നടക്കാൻ പോകുന്ന അന്താരാഷ്ട്ര മാധ്യമ കോൺഫ്രൻസിനെക്കുറിച്ചു നാഷണൽ വൈസ് പ്രസിഡണ്ട് അനിൽ ആറന്മുള വിശദീകരിച്ചു. എല്ലാ പ്രാവശ്യത്തെയും പോലെ ഹ്യൂസ്റ്റനിൽ നിന്നും കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. കേരളത്തിൽ നടന്ന മാധ്യമ അവാർഡുകളെക്കുറിച്ചു അംഗങ്ങളുടെ ചോദ്യങ്ങൾക്കു അദ്ദേഹം മറുപടി നൽകി.


കോൺഫ്രൻസിനു ഹ്യൂസ്റ്റൺ ചാപ്റ്ററിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്നു പ്രസിഡണ്ട് സൈമൺ വാളച്ചേരിൽ ഉറപ്പുനൽകി. ചാപ്റ്ററിന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ പ്രസിഡണ്ട് വിശദീകരിച്ചു. തുടർന്ന് സാമ്പത്തിക വിവരങ്ങൾ ട്രെഷറർ അജു ജോൺ നൽകി.




മുൻ പ്രസിഡെന്റ് മാരായ ജോയ് തുമ്പമൺ, ജോർജ് തെക്കേമല, വൈസ് പ്രസിഡണ്ട് ജീമോൻ റാന്നി , എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ ജോൺ വർഗീസ്, ഫിന്നി രാജു, ജോർജ് പോൾ, രാജേഷ് വർഗീസ്, റെയ്ന സുനിൽ എന്നിവർ മീറ്ററിംഗിൽ പങ്കെടുത്തു.

# മറക്കാത്ത ഈരടികൾ

## പ്രൊഫസ്സർ ജോസഫ് ചെറുവേലിൽ



ചാൾസ് ഡിക്കൻസ് രചിച്ച ക്രിസ്മസ് കരോൾ എന്ന പുസ്തകത്തിലെ വളരെ പ്രശസ്തമായ ഒരു ഉദ്ധരണിയാണ് 'സ്വയം നിർമ്മിതമായ ചങ്ങലകളാൽ ബന്ധിതമാണ് ഓരോ മനുഷ്യ ജീവിതവും' . ഇത് ഒരു പക്ഷെ നമ്മളിലുള്ള ഗൃഹാതുരത്വത്തെപ്പറ്റിയാകാം. ഭൂതകാലം എപ്പോഴും നല്ലതെന്ന ഒരു വിശ്വാസം എല്ലാവരിലുമുണ്ട്. മറക്കാത്ത ഈരടികൾ  എന്ന പേരിൽ പ്രൊഫസ്സർ ജോസഫ് ചെറുവേലി എഴുതിയ കവിത അദ്ദേഹത്തിന്റെ യൗവ്വനകാലത്ത് വായിച്ച ചങ്ങമ്പുഴ എന്ന കവിയെയും അദ്ദേഹത്തിന്റെ കവിതകളെയും ഓർമ്മിക്കുമ്പോൾ അദ്ദേഹത്തിൽ ഉളവായ അനുഭൂതിയുടെ ബഹിർസ്‌പുരണങ്ങളാണ്. മൂന്നു ദശാബ്ദത്തിലധികം ഇംഗളീഷ് ഭാഷാ സാഹിത്യം പഠിപ്പിച്ച അദ്ദേഹം ഇംഗളീഷ് ഭാഷയിലെ  കവികളെയും ഓർമ്മിക്കുന്നു.   മലയാളികളുടെ അഭിമാനമായ ചങ്ങമ്പുഴ എന്ന കവിയുടെ സ്വാധീനം പിൽക്കാലത്തെ കവികൾക്കുമുണ്ടായി എന്ന് അദ്ദേഹം  സൂചിപ്പിക്കുന്നുണ്ട്.ആദ്യത്തെ വരി പ്രസിദ്ധമായ രമണനിലെ ആണെങ്കിൽ രണ്ടാമത്തെ വരി പി ഭാസ്കരൻ എന്ന കവിയുടെ ഒരു ചലച്ചിത്രഗാനത്തിലെ വരികളാണ്.  വർഷങ്ങൾ കൊഴിഞ്ഞു വീണിട്ടും കവിതകൾ ആസ്വാദകമനസ്സിൽ ജീവിക്കുന്നു. കവിയുടെ വരികൾ ആലപിക്കുമ്പോൾ പ്രൊഫസ്സർ ചെറുവേലിൽ എന്ന കവിയുടെ മനസ്സിൽ താമരപ്പൂക്കളും അശോകവും വിരിയുന്നുവെന്നു കാവ്യാത്മകമായി അദ്ദേഹം ഉൽപ്രേക്ഷിക്കുന്നു. അശോകം ശോകത്തെ അകറ്റുന്ന വൃക്ഷമാണ്. വർണ്ണാലംകൃതമായ അശോകം മനം കുളിർപ്പിക്കുന്ന പോലെ, താമരപ്പൂക്കളുടെ ശോഭ ആനന്ദം പകരുന്നപോലെ ചങ്ങമ്പുഴ കവിതകൾ ഓർക്കുന്ന ശ്രീ ചെറുവേലിയുടെ മനസ്സിലും ആ മനോഹാരിത ഓളം വെട്ടുന്നു. അദ്ദേഹത്തിന് അത് പ്രകടിപ്പിക്കാതിരിക്കാൻ  കഴിയുന്നില്ല. മറക്കാത്ത ഈരടികൾ അപ്പോൾ ജന്മം കൊള്ളുന്നു. ഇത് കവിതയെക്കുറിച്ചുള്ള ഒരു  ഉപക്രമം മാത്രമാണ്.  ഭൂതകാലസ്മൃതികൾ സ്പർശിക്കുന്ന രചനയായതുകൊണ്ട് കവിയുടെ ചെറുപ്പകാല ചിത്രവും ചേർക്കുന്നു.-

*സുധീർ പണിക്കവീട്ടിൽ*

'കാനനച്ഛായയിലാടുമേയ്ക്കാൻ''
'കായലരികത്ത്'' കാറ്റു കൊള്ളാൻ
വൈക്കത്തഷ്ടമിയിൽ പ്രാതൽ ഉണ്ണാൻ
തൃശൂരിൽ  ക്ഷേത്രത്തിൽ പൂരം കാണാൻ

കഥയും കലകളുമാസ്വദിക്കാൻ
കവിതാമൃതങ്ങൾ  ഭുജിച്ചിടുവാൻ
കനകാംബരങ്ങൾ അണിഞ്ഞിടുവാൻ
കരളിൽ കൊതിക്കുന്നൊരല്ലയോ നാം

ആയതിനാലിന്നു കേളി കൊട്ടി
പണ്ടത്തെപ്പാട്ടുകൾ ആർത്തുപാടാം
കാറ്റിൽ പുണരുന്ന വള്ളികൾ പോൽ
കെട്ടിപ്പിടിച്ചുനിന്നുല്ലസിക്കാം

ഇംഗ്ലണ്ടിൽ ഇരുന്നൂറുകൊല്ലം മുമ്പേ
ഒരു കീറ്റ്സും ഷെല്ലിയും ഉണ്ടാരുന്നു
അവരുടെ ഭാവനാഗോപുരത്തിൽ
മകരവിളക്കുകൾ കത്തി നിന്നു

അവരുടെ ഖണ്ഡകാവ്യങ്ങളെല്ലാം
ആദർശാവേശങ്ങളായിരുന്നു
കാലാനാം കശ്മലനെന്തുകൊണ്ടോ
കുരുതികഴിച്ചാക്കുഞ്ഞാടുകളെ

പിന്നീട് രാഘവൻ പിള്ളയായും
കൃഷ്ണനുമായവർ ജാതരായി
ഇടപ്പള്ളിയെന്ന നാട്ടിൻപുറത്തിൻ
പര്യായമായവർ പരിണമിച്ചു

അവരുടെ നന്ദനീയോദ്യാനത്തിൽ
പല പാരിജാതങ്ങൾ 'മിഴി തുറന്നു'
അവയുടെ സൗരഭ്യമന്നുമിന്നും
കേരളക്കാറ്റിൽ പരന്നിടുന്നു
പെരിയാറും ഭാരതപ്പുഴയും പോരാ
ഗംഗയ്ക്കും യമുനയ്ക്കും അടിയിൽ നിന്ന്
മലയാളമണ്ണിൽ ഒഴുകി വന്ന
സരസ്വതി നദിയാണ് ചങ്ങമ്പുഴ

ആ നദി തീരത്ത് പന്തലിച്ച
ഏഴിലംപാലയിൽ ആവസിച്ച
ഗാനഗന്ധർവന്റെ ഈരടികൾ
പൂന്താനം പാനയായ് മാറിയല്ലോ?

ആ സ്വർഗ്ഗഗീതങ്ങൾ അശ്രുവോടെ,
ആവേശമോടെ ഞാൻ ആലപിപ്പൂ
ആ നിമിഷങ്ങളിൽ എൻ മനസ്സിൽ
അരവിന്ദാശോകങ്ങൾ പൂവിടുന്നു

ചങ്ങമ്പുഴയിൽ ചാഞ്ചാടിനിൽക്കും
ചെന്താമരകളെ ഓർത്തുകൊണ്ട്
അഭിമാനമോടെ ഞാൻ അർപ്പിക്കുന്നു
ആത്മാവിൽ പൂത്ത സൗഗന്ധികങ്ങൾ

ആ പമ്പയാറിലെ പൊന്നോളങ്ങൾ
ആരും മറക്കാത്ത ഈരടികൾ
അമരസല്ലാപത്തിൻ തേൻ മൊഴികൾ
നീറുന്ന നെഞ്ചിലെ  വേദനകൾ

പ്രേമാർദ്രഹൃത്തിന്റെ രോമാഞ്ചങ്ങൾ
മധുമാസരാത്രിതൻ മർമ്മരങ്ങൾ
മലയാള ശബ്ദതാരാവലികൾ
മലയാളി  പാടുന്ന പല്ലവികൾ

ആ തൂലികാഗ്രത്തിൽ അങ്കുരിച്ച
രമണനും മദനനും ചന്ദ്രികയും
മലയപ്പുലയനും മാതേവനും
മാവേലി മന്നന് തുല്യരായി

'അഴകിപ്പുലക്കള്ളി'' ഓമനിച്ചു'
അരുമക്കിടാങ്ങടെ രോദനങ്ങൾ
ഭൂമിയ്ക്കും  ചന്ദ്രനും ചക്രവാള
സീമക്കുമപ്പുറം എത്തിയല്ലോ ?

കല്ലോലമാലയും തീച്ചൂളയും
ഉദ്യാനലക്ഷ്മിയും മോഹിനിയും
ബാഷ്പാഞ്ജലിയും മണിവീണയും
മദിരോത്സവങ്ങളായ് മാറിയല്ലോ?

പല 'മെയ്യാണെങ്കിലും നമ്മളൊറ്റ'
പരബ്രഹ്മനാദത്തിൻ രാഗമല്ലേ ?
വിശ്വപ്രപഞ്ചമാം സാഗരത്തിൽ
വിരിയുന്ന കുമിളകൾ മാത്രമല്ലേ?

'കായായിത്തീരാൻ തുടങ്ങിയപ്പോൾ
പോയല്ലോ പോയല്ലോ പുഷ്പമേ നീ'
എന്ന് വിലപിച്ച ഗായകാ നീ
പ്രതിഭാ പ്രവാഹ പ്രതാപനായി

എങ്കിലും ഗന്ധർവാ നമ്മൾ കാണും
സങ്കല്പലോകത്തിൻ സാമ്രാട്ടായി
തങ്കക്കിരീടം നിനക്ക് ചൂടാൻ
ചങ്കുറപ്പോടുണ്ടിന്നായിരങ്ങൾ

വയലാറും പിന്നെ പി ഭാസ്കരനും
ശ്രീകുമാരർ  തമ്പിയും ഓ എൻ വിയും
ദക്ഷിണാമൂർത്തിയും ദേവരാജു
നിൻ പുനർജന്മങ്ങൾ തന്നെയല്ലേ ?


emalayalee.com

# പുനരുത്ഥാനത്തിലേക്ക് ഇരുപത്തിമൂന്നു ദിവസങ്ങൾ

**സുധീർ പണിക്കവീട്ടിൽ**

വിഭൂതി ബുധനാഴ്ച്ച മുതൽ പെസഹാ വ്യാഴാഴ്ച വരെ വിശ്വാസികൾ ഭക്തിപുരസ്സരം നോയമ്പ് നോൽക്കുന്നത് വളരെ പുണ്യമായി കരുതപ്പെടുന്നു. യേശുദേവൻ മരുഭൂമിയിൽ നാല്പതുദിവസം പരീക്ഷിക്കപ്പെട്ടതിന്റെ പ്രതീകമായി നൊയമ്പുകാലം നാൽപ്പതു ദിവസമായി ആചരിക്കുന്നു. മത്തായിയുടെ സുവിശേഷം അദ്ധ്യായം നാല് ഒന്നും രണ്ടും വാക്യങ്ങൾ ഇങ്ങനെ പറയുന്നു.. ''അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നടത്തി. അവൻ നാല്പതു പകലും നാല്പതു രാവും ഉപവസിച്ച ശേഷം അവന്നു വിശന്നു.''

കർത്താവിന്റെ പുനരുത്ഥാനം ആഘോഷിക്കാൻ നാൽപ്പതു ദിവസങ്ങൾ ഉപവസിച്ചും, പ്രാർത്ഥിച്ചും, സത്കർമ്മങ്ങൾ ചെയ്തും ഭക്തർ ഉത്സാഹത്തോടെ കാത്തിരിക്കുന്നു. കടം എന്ന് നമ്മൾ ഉപയോഗിക്കുന്ന വാക്കിന്റെ ഇങ്കളീഷ് സമാനർത്ഥപദം ലെൻറ് എന്നാണു. ഈ വാക്ക് ഉത്ഭവിച്ചത് "lengthen ' ദീർഘിപ്പിക്കുക' എന്നർത്ഥം വരുന്ന വാക്കിൽ നിന്നത്രേ. ശിശിരകാലം കഴിഞ്ഞു വസന്തകാലത്തേക്ക് പ്രകൃതി നീങ്ങികൊണ്ടിരിക്കുമ്പോൾ ദിവസങ്ങൾക്ക് നീളം കൂടിവരുന്നു. വസന്തം വരുന്നു എന്ന ആനന്ദം പോലെ വിശ്വാസികൾ കർത്താവിന്റെ പുനരുത്ഥാനത്തിൽ സന്തോഷഭരിതരായി അവരുടെ അനുഷ്ഠാനങ്ങൾ ഭക്തിയോടെ, സന്തോഷത്തോടെ നിർവഹിക്കുന്നു. വസന്തകാലം ഭൂമിയിൽ പൂക്കളുടെ കാലമാണ്. സുഗന്ധപൂരിതമായ അന്തരീക്ഷവും, കുയിലിന്റെ പാട്ടും, മന്ദമാരുതനും മനുഷ്യമനസ്സുകളെ ഹർഷോന്മാദരാക്കുന്നു. പാപഗ്രസ്തരായ മനുഷ്യരെ മുക്തരാക്കി അവർക്ക് പറുദീസ വീണ്ടെടുക്കാൻ ദൈവപുത്രൻ കുരിശ്ശിൽ മരിക്കുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്ത ഈസ്റ്റർദിവസം വസന്തകാലം പിറന്നുവീഴുന്ന ആനന്ദമാണ് വിശ്വാസികൾക്ക് നൽകുന്നത്.



ദുഃഖവെള്ളിയാഴ്ച എന്ന് നമ്മൾ പരിഭാഷ ചെയ്തിട്ടുണ്ടെങ്കിലും "Good Friday" എന്ന വാക്കിലെ "good" ന്റെ അർത്ഥം കടം വീട്ടി വീണ്ടെടുത്തു (redemption) എന്നതിന്റെ സാക്ഷാത്കാരമത്രേ. അതായത് യേശുദേവൻ കുരിശ്ശിൽ തന്റെ ജീവൻ ബലിയർപ്പിച്ച് മനുഷ്യരാശിക്ക് അവർ നഷ്ടപ്പെടുത്തിയ പറുദീസ വീണ്ടെടുത്തു. പരിശുദ്ധനായ അവന്റെ രക്തത്താൽ പാപക്കറ മാഞ്ഞുപോയി. എബ്രായർ ഒമ്പതാം അദ്ധ്യായം പതിമൂന്നും പതിനാലും വാക്യങ്ങൾ വായിക്കുക. 13.ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും 14. ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന്നു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തു



വിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?

ജഡിക മോഹങ്ങൾ നിയന്ത്രിച്ച് നാല്പതു ദിവസം നോയമ്പ് നോൽക്കുന്നതുകൊണ്ട് മാത്രം പുണ്യം കിട്ടണമെന്നില്ല. അല്ലെങ്കിൽ തന്നെ എന്താണ് പുണ്യം. മനുഷ്യർ തമ്മിൽ മൈത്രിയോടെ , ഒത്തോരുമയോടെ ജീവിക്കുന്നത് തന്നെ പുണ്യം. എന്നാൽ അങ്ങനെ ഒരു മാതൃകാലോകം സംഭവ്യമല്ലാത്തതിനാൽ മനുഷ്യരെ ഉദ്ധരിക്കാൻ വിദ്വാന്മാർ എഴുതിവച്ച പ്രമാണങ്ങളിൽ അവനെ നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടത്കൊണ്ട് ചില അനുഷ്ഠാനങ്ങൾ കൂട്ടിച്ചേർത്തു. വാസ്തവത്തിൽ ഇന്ന് അവയെല്ലാം മതങ്ങളുടെ പേരിൽ വീതിച്ച് എടുത്തു മനുഷ്യർ പരസ്പരം സ്പർദ്ധയും വൈരാഗ്യവും വളർത്തുന്നു. ബൈബിളിനെ ഒരു പ്രത്യേക മതത്തിന്റെ വിശുദ്ധഗ്രന്ഥമായി കണക്കാക്കി മാറ്റിവയ്ക്കാത്തവർക്ക് അതിൽ നിന്നും പലതും മനസ്സിലാക്കാനും പഠിക്കാനുമുണ്ടെന്നു കാണാം. യജ്ഞങ്ങൾ, യാഗങ്ങൾ, വ്രതങ്ങൾ തുടങ്ങിയവ എല്ലാ മതങ്ങളിലും കാണുന്നുണ്ട്.

യജ്ഞേവ സർവം പ്രതിഷ്ഠിതം (യജ്ഞമാണ് സകലതും നല്കുന്നത്); യജ്ഞേന വ ദേവ ദിവംഗതാ..യജ്ഞത്തിലൂടെയാണ് ദേവന്മാർ സ്വർഗ്ഗസ്ഥരായത്. ഇങ്ങനെയെല്ലാം വേദങ്ങളിലും ഉണ്ട്. പാപമോക്ഷത്തിനു ത്യാഗാനുഷ്ഠാനം വൃതങ്ങളിൽ സർവ്വപ്രധാനം എന്നും വേദങ്ങൾ ഉത്ഘോഷിക്കുന്നു. ഈ നോയമ്പ്കാലം പവിത്രമായ ഒരു യാഗത്തിന്റെയും അതിലൂടെ മനുഷ്യരാശി കൈവരിച്ച അനുഗ്രഹങ്ങളുടെയും ഓർമ്മ പുതുക്കുന്നു.

ഋഗ്വേദത്തിൽ ഒരു ബലിയാടിനെ കുറിച്ച് പറയുന്നുണ്ട്. മുൾകമ്പുകൾ വളച്ചുകെട്ടി അതിന്റെ തലയിൽ വയ്ക്കണം, ഒരു യാഗസ്തംഭത്തിൽ അതിനെ തളക്കണം. ചോര ഒലിക്കും വരെ അതിന്റെ നാലുകാലുകളിലും ആണി തറക്കണം. അതിനെ പുതപ്പിക്കുന്നു തുണി നാല് പുരോഹിതർ പങ്കിട്ടെടുക്കണം. അതിന്റെ ഒരു എല്ലു പോലും ഓടിയരുത്. ആടിന് കുടിക്കാൻ സോമരസം നൽകണം. അതിനെ കൊന്നതിനു ശേഷം വീണ്ടും ജീവനോടെ പൂർവസ്ഥിതിയിലാക്കണം.അതിന്റെ മാംസം ഭക്ഷിക്കണം. എന്നാൽ ദൈവം മനുഷ്യനായി അവതരിച്ച് സ്വയം ബലിയായ കഥ ഭാരതീയ ശാസ്ത്രങ്ങൾ പറയുന്നില്ല. പക്ഷെ പാലസ്റ്റീൻ എന്ന രാജ്യത്ത് അതുണ്ടായി എന്ന് നമ്മൾ അറിയുന്നു.

ഈ നോയമ്പ്കാലത്ത് ഏത് രാജ്യത്തെ വേദങ്ങളും ശാസ്ത്രങ്ങളും എന്തൊക്കെ പറഞ്ഞുവെന്നു ആലോചിച്ച് തർക്കിക്കാതെ നന്മയുടെ വഴികളിലൂടെ സഞ്ചരിക്കുക. ഒരു വർഷത്തിൽ നാൽപ്പതു ദിവസമെങ്കിലും നന്മയോടെ ഈശ്വരവിശ്വാസത്തോടെ ഒരാൾക്ക് ജീവിക്കാൻ കഴിഞ്ഞാൽ അയാളിൽ ദൈവം പ്രസാദിക്കും.തിന്മകൾ ചെയ്യാതെ ജീവിക്കാൻ അദ്ദേഹത്തിന് കഴിയും. യേശുദേവൻ പഠിപ്പിച്ച പ്രാർത്ഥന ഓർക്കുക. 9. നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;10 നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ;11 ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ;12 ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; (മത്തായിടെ സുവിശേഷം അധ്യായം 6. ഈ പ്രാർത്ഥന സഫലീകരിക്കണമെങ്കിൽ മനുഷ്യർ ദൈവവചനങ്ങൾ അനുസരിച്ച് ജീവിക്കണം.

ഏതു മതത്തിലെയായാലും അതിലെ ചടങ്ങുകൾ മനുഷ്യരെ നല്ലവരാക്കാൻ ശ്രമിക്കുന്നവയാണ്. ഇപ്പോൾ ലോകം അക്രമത്തിന്റെയും അനീതിയുടെയും കരാള ബന്ധനത്തിലാണ്. അതിൽ നിന്നും .വിമുക്തരാകേണ്ടതുണ്ട്. ഇത്തരം അവസരങ്ങളിൽ ചിലർക്ക് പ്രാർത്ഥനയിലൂടെ ശക്തി ലഭിക്കുന്നു. ചിലർക്ക് പ്രവർത്തിയിലൂടെ ശക്തി ലഭിക്കുന്നു. ഉപവാസവും, അച്ചടക്കമുള്ള ജീവിതവും പ്രവർത്തിയാണ്. പരസ്പര സ്നേഹവും ഐക്യവുമാണ് എല്ലാകാലത്തും ഉണ്ടാകേണ്ടത്.

പുനരുത്ഥാനത്തിലേക്കുള്ള നാൽപ്പത് ദിവസങ്ങൾ ആഘോഷിക്കുന്നത് ക്രിസ്തുമതത്തിലെ ഒരു വിഭാഗം വിശ്വാസികൾ മാത്രമായതുകൊണ്ട് അവർക്കായി സങ്കീർത്തനം 96 :11 -13 ഇവിടെ ഉദ്ധരിക്കുന്നു. 11 ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും സമുദ്രവും അതിന്റെ നിറവും മുഴങ്ങുകയും ചെയ്യട്ടെ. 12 വയലും അതിലുള്ളതൊക്കെയും ആഹ്ളാദിക്കട്ടെ; അപ്പോൾ കാട്ടിലെ സകലവൃക്ഷങ്ങളും ഉല്ലസിച്ചുഘോഷിക്കും. 13. യഹോവയുടെ സന്നിധിയിൽ തന്നേ; അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുംകൂടെ വിധിക്കും.

ആമേൻ


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**സൂരജ് ബാലൻ**

ഒക്ലഹോമ: മലയാളി സമൂഹത്തിലെ നിറ സാന്നിദ്ധ്യമായിരുന്ന സൂരജ് ബാലൻ മാർച്ച് 25-ന് 49-ാം വയസ്സിൽ അന്തരിച്ചു.ഭാര്യ വിദ്യ. മക്കൾ: സാന്യ റിയ. സിവിൽ എഞ്ചിനീയറായിരുന്നു.

**സിസ്റ്റർ ജോസ് മാർട്ടിൻ**

രാമപുരം:പാലാ തിരുഹൃദയ മഠാംഗം സിസ്റ്റർ ജോസ് മാർട്ടിൻ (75) അന്തരിച്ചു. സഹോദരങ്ങൾ: ചാണ്ടി കുര്യൻ കട്ടക്കയം (ചക്കാമ്പുഴ), പെണ്ണമ്മ മാണി കാഞ്ഞിരപ്പാറ (പാലക്കാട്), ത്രേസ്യാമ്മ ഡൊമിനിക് പണയ്ക്കാപ്പള്ളിൽ (ചെറുപുഴ), കത്രിക്കുട്ടി പോൾ പുളിക്കൽ (രാമപുരം), സെലിൻ ജയിംസ് തടത്തിൽ പുരയിടം (അരുവിക്കുഴി), പരേതയായ മേരി ജോസ് കരിപ്പാക്കുടിയിൽ (അമനകര). രാമപുരം കട്ടക്കയം പരേതനായ കുര്യാക്കോസിന്റെ മകളാണ്.



**സിൽബു ചെറിയാൻ**

ഡാളസ് :മൈലപ്രാ അറുകാലിക്കൽ പരേതനായ ചെറിയാന്റെയും (ബേബി), മണിയാറ്റ് കുഞ്ഞുമോളുടെയും (ഏലിയാമ്മ) മകൻ സിൽബു ചെറിയാൻ (55) ഡാളസിൽ അന്തരിച്ചു.ഡാളസ് ക്രിസ്ത്യൻ അസംബ്ലി സഭാംഗമായിരുന്നു. ഭാര്യ-ഷീബ സിൽബു(പുനലൂർ പണ്ടകശാല വടക്കേ വീട്ടിൽ കുടുംബാഗം. മകൾ-വർഷ സിൽബു. സഹോദരങ്ങൾ-സിൽവി സാം (ഡാളസ്) സിസിൽ എബി ബേബി.(കൊട്ടാരക്കര).

**പി.കെ.ശ്രീമതി**

മധുരവേലി:അനന്തകുളത്തിൽ പി.കെ.ശ്രീമതി (87) അന്തരിച്ചു. ഭർത്താവ്: പരേതനായ കുഞ്ഞ്കുഞ്ഞ്. മക്കൾ: എ.കെ.മുരളീധരൻ, ഷൈലജ, കെ.സുനിൽകുമാർ, കെ.സ്റ്റാലിൻ മരുമക്കൾ. കൃഷ്ണമ്മ, ജോസ്, രമ, സുലേഖ.



**ഡോ. ജോർജുകുട്ടി**

വിലങ്ങാട് : വെട്ടുകാട്ടിൽ ഡോ. ജോർജുകുട്ടി (85 ) അന്തരിച്ചു. ഭാര്യഡോ..മേരികുട്ടി എടാട്ട് കുടുംബാംഗം, മക്കൾ അഭിലാഷ് (അമേരിക്ക) അമ്പിളി (അമേരിക്ക) അനീഷ് . മരുമക്കൾ - ഷീന കുഴിയാം പ്ലാവിൽ (അമേരിക്ക) ബിജോയ് കല്ലകത്ത് (അമേരിക്ക) എയ്ഞ്ചൽ പടിഞ്ഞാറെക്കുറ്റ് (സ്വീഡൻ).

**ജോയി ജോൺ**

മാവേലിക്കര:ബിഷപ് മൂർ കോളജ് റിട്ട.പ്രഫ. കൊറ്റാർകാവ് അരീപ്പറമ്പിൽ ജോയി ജോൺ (ജോയിക്കുട്ടി 76) തിരുവല്ലയിൽ അന്തരിച്ചു. ഭാര്യ: പുതുപ്പള്ളി പൂമറ്റം കൊച്ചുകളീക്കൽ പരേതയായ റിട്ട.പ്രഫ. ആനി ജോർജ്. മക്കൾ: ജുബിൻ ജോയി ജോൺ , പരേതനായ ജോർജി ജോയി ജോൺ. മരുമകൾ: ഷൈനി ജോർജ് ചെമ്പിൻതറയിൽ (കുലശേഖരം).



**കമലപിള്ള**

ക്ലീവ് ലാൻഡ്: കളിപ്പാട്ട നിർമാണ കയറ്റുമതി മേഖലയിലെ ആഗോള ബ്രാൻഡായ ബോഡിഗിയർ ഇന്റർനാഷണൽ സഹ സ്ഥാപകയും അമേരിക്കയിലെ പ്രമുഖ ടോയ് ബ്രാൻഡായ വൈൽഡ് റിപ്പബ്ലിക് ഡയറക്ടറുമായ കമലപിള്ള (87) യുഎസിലെ ക്ലീവ്ലാൻഡിൽ അന്തരിച്ചു. വന്യജീവികളുടെയും പക്ഷികളുടെയും രൂപത്തിലുള്ള സോഫ്റ്റ് ടോയ്സ് നിർമാണത്തിൽ ലോകത്തിലെ മുൻനിര കമ്പനിയാണ് വൈൽഡ് റിപ്പബ്ലിക്. ഭർത്താവ്: ശാസ്താംകോട്ട കന്നിമേലഴകത്ത് ബാലചന്ദ്രൻപിള്ള. മക്കൾ: ദീപ പിള്ള, ശോഭ പിള്ള.

**താമസ് പുന്നൂസ്**

കുറിച്ചി:മുളംതുണ്ടിയിലായ ജോനകപറമ്പിൽ തോമസ് പുന്നൂസ് (68) അന്തരിച്ചു



**അന്നമ്മ മാത്യു**

ന്യൂജേഴ്സി: ചെറുകോൽ വാഴകുന്നത്ത്, പെരുമത്തേത്ത് മാത്യൂ വറുഗീസിന്റെ (രാജു) ഭാര്യ അന്നമ്മ മാത്യു (71) ന്യൂ ജേഴ്സിയിൽ അന്തരിച്ചു. പരേതരായ പി.പി. നൈനാന്റെയും, അന്നമ്മ നൈനാന്റെയും എട്ടു മക്കളിൽ അഞ്ചാമത്തെ പുത്രി ആയ അന്നമ്മ കല്ലൂപ്പാറ, മാരേട്ട് പാറക്കടവിൽ കുടുംബാംഗമാണ്. അമേരിക്കയിലേക്ക് കുടിയേറിയതു മുതൽ ന്യൂജേഴ്സിയിലെ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇൻഡ്യ ലിണ്ടനിലെ മെംബറും, സജീവ പ്രവർത്തകയുമായിരുന്നു. മക്കൾ: നോജിൻ മാത്യൂ, ലവിൻ മാത്യൂ. സഹോദരങ്ങൾ: പരേതനായ സണ്ണിക്കുട്ടി, പരേതയായ സൂസൻ, കുഞ്ഞുമോൾ, സാലി, സോജൻ, ഫിലിപ്പ്, ഉഷ (എല്ലാവരും ന്യൂജേഴ്സി).



**റോസമ്മ ഫിലിപ്പ്**

അറ്റ്ലാന്റാ: കോഴികാട്ട് പരേതനായ ഫിലിപ്പിന്റെ ഭാര്യ റോസമ്മ ഫിലിപ്പ് (79) അറ്റ്ലാന്റായിൽ അന്തരിച്ചു. പരേത നീണ്ടൂർ തച്ചേട്ട് കുടുംബാംഗമാണ്. മക്കൾ: ഷൈബി വഞ്ചിപുരക്കൽ (അറ്റ്ലാന്റാ), ഷിബു കോഴികാട്ട് (അറ്റ്ലാന്റാ), ഷീബ മാളിയേക്കൽ (അറ്റ്ലാന്റാ), ഷാജി കോഴികാട്ട് (അറ്റ്ലാന്റാ), സുജ കണ്ടാരപ്പള്ളിൽ (ഫ്ളോറിഡ), ഷീജ പൊക്കംതാനം (ഡിട്രോയിറ്റ്). മരുമക്കൾ: അലക്സ് വഞ്ചിപ്പുരക്കൽ, ബിന്ദു കൊപ്പഴ, സിറിൾ മാളിയേക്കൽ, മെറീന വാലേൽ, ജോണി കണ്ടാരപ്പള്ളിൽ, ജിത്തു പൊക്കംതാനം.

**പരമേശ്വരൻ നായർ**

കെഴുവംകുളം:തോട്ടുപുറത്ത് പരമേശ്വരൻ നായർ (99) അന്തരിച്ചു. ചെമ്പിളാവ് ചേപ്പനത്ത് കുടുംബാംഗമാണ്. ഭാര്യ: പരേതയായ സരസമ്മ.



**അന്നമ്മ ജോസഫ്**

ഉഴവൂർ: തെരുവത്ത് അന്നമ്മ ജോസഫ് (82) അന്തരിച്ചു. സംസ്കാരം വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഉഴവൂർ സെന്റ് സ്റ്റീഫൻസ് ക്നാനായ ഫൊറോന പള്ളിയിൽ നടത്തി.

**ജയിംസ്കുട്ടി ജോസഫ്**

ചെങ്ങളം:കൊച്ചുപറമ്പിൽ (നെടുങ്കാവിൽ) ജയിംസ്കുട്ടി ജോസഫ് (61) അന്തരിച്ചു. ഭാര്യ: കൊഴുവനാൽ തോണക്കരപാറേൽ ലീന. മകൻ: ഡോ. ജോസ് ജെ. കൊച്ചുപറമ്പിൽ.

**പി.എ.മാത്യൂ**

ഇടകടത്തി:പാറേമാലിൽ പി.എ.മാത്യു (സണ്ണി95) അന്തരിച്ചു. ഭാര്യ: കൂടത്തുങ്കൽ കുട്ടിയമ്മ. മക്കൾ: രാജു, ദീനാമ്മ, ആലീസ്, പരേതയായ അമ്മാൾ. മരുമക്കൾ: വത്സമ്മ ആറൊന്നിൽ റാന്നി, മാതുകുട്ടി പടിഞ്ഞാറേക്കര, സാബു തലയ്ക്കൽ, സാബു മുക്കൂട്ടുതറ.



**ഷൈജു ഫിലിപ്പ്**

കൈപ്പുഴ: യുകെയിലെ കെറ്ററിംഗ്ഇൽ താമസിക്കുന്ന കൈപ്പുഴ പാലത്തുരുത്തു സെന്റ് തെരേസാസ് ഇടവക അംഗവുമായ ഷൈജു ഫിലിപ്പ് പൗവ്വത്തേൽ യുകെയിലെ കേട്ടറിങ്ങിൽ അന്തരിച്ചു.

**എ.കെ.ശാരദ**

കൈപ്പുഴ:ചാമക്കാലായിൽ എ.കെ.ശാരദ (89) അന്തരിച്ചു. ഭർത്താവ്: പരേതനായ സി.കെ.ഗോപാലൻ. മക്കൾ: അനിലാകുമാരി ലതാകുമാരി, തുളസി, സാബു (റിട്ട. ആരോഗ്യവകുപ്പ് തിരുവനന്തപുരം), സുജാദേവി (റിട്ട. ഫാർമസിസ്റ്റ് പിഎച്ച്സി കൊഴുവനാൽ), റെജിമോൻ (മംഗളം കോളജ് ഓഫ് എജ്യുക്കേഷൻ). മരുമക്കൾ: എൻ.കെ.രാജൻ തിരുവിഴ, പരേതനായ സുരേന്ദ്രൻ പുലിയന്നൂർ, രവീന്ദ്രൻ ഉദയനാപുരം, ബിന്ദു ഇറവൻകര, ബാബു കിടങ്ങൂർ, ദീപ മൂലവട്ടം.



**കെ.കെ മത്തായി**

കുറുപ്പന്തറ: കണ്ണച്ചാൻപറമ്പിൽ കെ.കെ മത്തായി (തങ്കൻ-80) അന്തരിച്ചു. ഭാര്യ: അന്നമ്മ മത്തായി കൂടല്ലൂർ കുളഞ്ഞിയിൽ കുടുംബാംഗമാണ്. മക്കൾ: ജിജോ, ജിൻസ്, ജിനു. മരുമക്കൾ: ദീപാ ജിജോ കളപ്പുരയ്ക്കൽ കല്ലറ പുത്തൻപള്ളി, ഷെറിൻ ജിൻസ് കാവനാൽ കരിങ്കുന്നം, ദിപു തോമസ് കൂനാനിക്കൽ പെരുവ.

**കെ.കെ.ജോസഫ്**

മാന്നാനം:പെരുമാലി കൈതകരി ഡോ. കെ.കെ.ജോസഫ് (96) രാജസ്ഥാനിൽ അന്തരിച്ചു. ഭാര്യ: പുളിങ്കുന്ന് കളത്തിൽ വാഴക്കൂട്ടം സാറാമ്മ. മക്കൾ: സിറിയക് ജേക്കബ്, ഫാ. ജയിംസ്. മരുമകൾ: സോമ സിറിയക്.

**അന്നമ്മ ജോസഫ്**

ഉഴവൂർ:തെരുവത്ത് അന്നമ്മ ജോസഫ് (82) അന്തരിച്ചു.



**മേരി ചാക്കോ**

കല്ലറ: നടുചൂരവേലിൽ മേരി ചാക്കോ (78) അന്തരിച്ചു.പരേത കല്ലറ പുത്തൻപള്ളി പൊന്നാംകുന്നേൽ കുടുംബാംഗമാണ്. മക്കൾ : മിനി,മനോജ് സുനി,സുജ. മരുമക്കൾ:റെജി ഞീഴൂർ,കുഞ്ഞുമോൾ ചേർപ്പുങ്കൽ,ജോണി ഇരവിമംഗലം,ബിജു മാറിക.

**മറിയാമ്മ തോമസ്**

ആനത്താനം:വടക്കേപറമ്പിൽ പരേതനായ വി.സി. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (102) അന്തരിച്ചു. മക്കൾ: വി.ടി.ചാക്കോ (മെഡിക്കൽ കോളജ് കോട്ടയം റിട്ട.) വി.ടി.കുരുവിള (ചാലക്കുടി), അച്ചാമ്മ ഏബ്രഹാം. മരുമക്കൾ: മറിയാമ്മ ചാക്കോ തിരുവഞ്ചൂർകോട്ടയിൽ, മോളി കുരുവിള ചാലക്കുടി ഇളപ്പുങ്കൽ, പി.എ.ഏബ്രഹാം പാറമ്പുഴ പാലാത്തറ.മണർകാട് മുതിരകുന്നേൽ കുടുംബാംഗമാണ്.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News